
മൊകേരി ഗ്രാമപഞ്ചായത്ത്

ജനകീയാസൂ




വികസന റിപ്പോർട്ട് '96

വാല്യം 146

കൂത്തുപറമ്പ് ബ്ലോക്ക്

(കണ്ണൂർ ജില്ല)

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപ
7. മാങ്ങാട്ടിട
8. പാട്യം
9. വേങ്ങാട്


കണ്ണൂർ
ലക്ഷദ്വീപ്

വിഷയ വിവരം

ആമുഖം
പഞ്ചായത്ത് പൊതുവിവരം
സാമൂഹിക- സാംസ്കാരിക ചരിത്രം
ഭൂപ്രകൃതി,
കൃഷി ജലസേചനം
മൃഗ സംരക്ഷണം
പൊതുജനാരോഗ്യം, കുടിവെള്ളം
പാർപ്പിടം, സാമൂഹിക ക്ഷേമം
വിദ്യാഭ്യാസം
വ്യവസായം
സഹകരണം
പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
സംസ്കാരം, വനിതാ ക്ഷേമം
ഊർജ്ജം, ഗതാഗതം
വിഭവ സമാഹരണം

ഗ്രാമപഞ്ചായത്ത് വികസനരേഖ ഒറ്റക്കോരി ഗ്രാമപഞ്ചായത്ത് വികസനരേഖ ഒറ്റക്കോരി ഗ്രാമപഞ്ചായത്ത് വികസനരേഖ ഒറ്റക്കോരി ഗ്രാമ പഞ്ചായത്ത് വികസനരേഖ ഒറ്റക്കോരി ഗ്രാമ പഞ്ചായത്ത



എനിക്ക് കൂടികൊള്ളുന്ന ദൈവദർശനവും
പുല്ലിലും പൂവിലും കൂടികൊള്ളുന്ന ദൈവദർശനവും
ഒന്നാണ് കിനാചിന്തയാണ് എന്റെമതം
അതാണ് എന്റെ ദൈവദർശനം.

മഹാത്മാ ഗാന്ധി

ആമുഖം

ഒരു സ്വപ്നം പൂവണിയുന്നു
രാഷ്ട്രത്തിന് വേണ്ടി മഹാത്യാഗം ചെയ്തു.
കാലയവനികക്കുള്ളിൽ മറഞ്ഞ മഹാത്മാക്കളുടെ സ്വപ്നം
ഗ്രാമീണ ജനതയുടെ അഭിലാഷങ്ങളും സഫലമാവുകയാണിവിടെ
വികസന പ്രക്രിയയ്ക്ക് ഒരു പുതിയ മാനം
ജനാഭിലാഷങ്ങളിലൂടെ .....
അവരുടെ കൂട്ടായ്മകളിലൂടെ .....
വികസന പദ്ധതികൾ രൂപ കല്പന ചെയ്യുന്ന ഒരു മുഹൂർത്തം
ലോകത്തിന് മാതൃകയായ ജനകീയാസൂത്രണം, മൊകേരിയിലും
നടപ്പിലാവുന്നു.
നമ്മുടെ സർവ്വതല വികസന പ്രക്രിയക്ക് ആക്കം കൂട്ടുന്നതും,
വളരെയേറെ മുതൽ കൂട്ടുമാണ് ഈ രേഖ.
ജനകീയ ആസൂത്രണത്തിലൂടെ ഇവിടെ ശ്ലാഘനീയമായ സാമ്പത്തിക
വളർച്ചയുണ്ടാവുമെന്നും, അതുവഴി ആത്യന്തികമായി
രാഷ്ട്രവികസനമുണ്ടാവുമെന്നും ഉറപ്പാണ്.
അതോടെ ആർജ്ജിത സമ്പത്തിന്റെ നീതി പൂർവ്വകമായ വിതരണവും
തദ്വാരാ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും
അനുഭവബോധ്യമാകും
ആ ലക്ഷ്യപ്രാപ്തിക്ക് ഇത്തരം രേഖകൾ രജത രേഖകളാവും
ഇവിടുത്തെ നിരവധി ഗ്രാമീണർ വാമൊഴികളിലൂടെയും,
വരമൊഴികളുടെയും തങ്ങളും, ആശയങ്ങളും, അഭിലാഷങ്ങളും,
സ്വപ്നങ്ങളും, ഗ്രാമ സഭകളിൽ വരച്ചു കാട്ടുകയുണ്ടായി. ആ
നിർദ്ദേശങ്ങളുടെ ആകെത്തുകയാണ് ഈ വികസന രേഖ.

അവഗണനയുടെ കയ്പ്പ് നീർ എക്കാലവും കുടിച്ചുവന്ന സ്ത്രീ
സമൂഹവും ആവേശത്തോടെ, ഉത്സാഹത്തോടെ ഗ്രാമസഭകളിലും,
ശില്പശാലകളിലും പങ്കെടുത്തത് ശുഭോദർക്കമാണ്,

ചാരിതാർത്ഥ്യജനകമാണ്.
ദന്ത ഗോപുരങ്ങളിൽനിന്നോ, ഉന്നതങ്ങളിൽ നിന്നോ പദ്ധതികൾ
രൂപപ്പെടുത്തുന്ന സമ്പ്രദായമായിരുന്നു ഇന്നലെയുടേത് പകരം.
ജനഹൃദയങ്ങളിൽ നിന്ന്, അവരുടെ സത്യസന്ധമായ
കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞ നവീനാശയങ്ങളും .....
ദ്വിതീയ വിവര ശേഖരണം വഴി ലഭിച്ച കണക്കുകളും
ദ്രുത ഗ്രാമപഠനം വഴി നേടിയെടുത്ത പുത്തൻ അറിവുകളും.....
വാമൊഴി, വരമൊഴി ചരിത്ര പഠനങ്ങളിലൂടെ ലഭിച്ച ജ്ഞാനവും ...
ശില്പശാലകളാകുന്ന പുതുപുത്തൻ മൂശകളിലിട്ട് ...
ഉരുക്കി..... മെനഞ്ഞെടുത്തതാണ് ഈ വികസന രേഖ
ഇതിന് സഹായിച്ചവർ നിരവധി . അധ്വാനിച്ചവർ ധാരാളം
അവരുടെ സേവനങ്ങൾ പ്രശംസാവചനങ്ങൾക്കതീതം.
വികസന സെമിനാർ ഈ റിപ്പോർട്ട് ഇഴ കീറി പരിശോധിച്ച് -
നമുക്ക് തിരുത്തേണ്ടത് തിരുത്താം ചേർക്കേണ്ടത് ചേർക്കാം.
അതെ.... നമുക്കിനി നല്ല നാളെയും കുളമ്പടികൾക്ക് കാതോർക്കാം.

പഞ്ചായത്ത് - പൊതു വിതരണം

പഞ്ചായത്തിന്റെ പേര്	:	മൊകേരി
റവന്യൂ വില്ലേജ്	:	മൊകേരി
ബ്ലോക്ക് പഞ്ചായത്ത്	:	കൂത്തുപറമ്പ്
താലൂക്ക്	:	തലശ്ശേരി
ജില്ല	:	കണ്ണൂർ
ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലം	:	മൊകേരി
ജില്ലാ പഞ്ചായത്ത് നിയോജക മണ്ഡലം	:	മൊകേരി
അസംബ്ലി നിയോജക മണ്ഡലം	:	പെരിങ്ങളം
പാർലിമെൻറ് നിയോജക മണ്ഡലം	:	വടകര
വിസ്തീർണ്ണം	:	10.53 സ്ക്വ. കി.മി.
ജനസംഖ്യ	:	17917.
പുരുഷൻമാർ	:	8430
വനിതകൾ	:	9487
ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങൾ	:	9
പ്രസിഡണ്ട്	:	പി. സരോജിനി
വൈ. പ്രസിഡണ്ട്	:	പി.പി .ശ്രീധരൻ
സ്റ്റാൻഡിങ്ങ് കമ്മിറ്റി ചേയർമാൻ	:	അണ്ണേരി പുരുഷോത്തമൻ

അതിരുകൾ

വടക്ക്	:	പാത്തിപ്പുഴ, പാട്യം പഞ്ചായത്ത്.
കിഴക്ക്	:	കുന്നോത്ത് പറമ്പ് പഞ്ചായത്ത്.
തെക്ക്	:	പുഞ്ചത്തോട്, പാനൂർ, പണ്യന്നൂർ പഞ്ചായത്ത്.
പടിഞ്ഞാറ്	:	ചാടാലപ്പുഴ, കതിരൂർ പഞ്ചായത്ത്.

ഭരണ ചരിത്രം

1963-79

പി. മുകുന്ദൻ.	പ്രസിഡണ്ട്.
കെ.കെ അബൂബക്കർ	വൈ: പ്രസിഡണ്ട് 12/8/65 രാജിവെച്ചു.)
പി. എൻ. കൃഷ്ണൻ.	(വൈസ് പ്രസിഡണ്ട്. 6. 5. 67 മുതൽ
ഏ. വി. നാണു	(")
ആലയാട്ട് കണാരൻ	(")
പി.കെ. ഗോവിന്ദൻ	(")
മണാട്ട് പത്മനാഭൻ	(") 5- 7- 68 വരെ
കുനിയിൽ മമ്മു	(") 18- 5- 65 വരെ
വടക്കെ പൂവത്തും ചാലിൽ ആബു.	(") 12- 8- 65 മുതൽ
ചെണ്ടരകണ്ണോത്തു പൊയിൽ കല്ല്യാണി	(") 13. 10.66 വരെ (നോമിനേറ്റഡ് മെമ്പർ)
എൻ. എം. പാഞ്ചാലി	(") 6.5.67 മുതൽ (നോമിനേറ്റഡ് മെമ്പർ)

20- 8- 79 to 28-9-79. സ്പെഷൽ ഓഫീസർ

79 TO 84.

സി. സി. പുരുഷു	(പ്രസിഡണ്ട്)
പി. സി. മുഹമ്മദ്	(വൈ. പ്രസിഡണ്ട്)
പി. രാഘവൻ	(മെമ്പർ)
കെ. കെ. അബൂബക്കർ	(")
കെ. പി. ദേവൂട്ടി	(")
സി. കെ കുഞ്ഞിക്കണ്ണൻ	(")
കുറുങ്ങോട്ട് ഗോപാലൻ	(")
കെ. പി. കുമാരൻ	(")

30- 9- 84 TO 23- 1- 88 വരെ സ്പെഷൽ ഓഫീസർ.

1988- 95.

സി.കെ ശശിധരൻ.	(പ്രസിഡണ്ട്)
വി.പി. രവീന്ദ്രൻ	(വൈ: പ്രസിഡണ്ട്)
ഒ. അബ്ദുള്ള ഹാജി	(മെമ്പർ)
മുഹമ്മദ് നല്ലാക്കൻറവിടെ	(")
ടി. ശങ്കരൻ	(")
കെ. രാജി	(")
കെ. രവീന്ദ്രൻ	(")
കെ. പി. സതി	(")
എം. ലക്ഷ്മി	(")

മൊകേരി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി

വി. സരോജിനി
(പ്രസിഡണ്ട്)

വി. വി. ശ്രീധരൻ
(വൈ: പ്രസിഡണ്ട്)

അണ്ണേരി പുരുഷോത്തമൻ
(സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ)

മെമ്പർ മാർ

വി. കെ. ഗോപാലൻ

കെ. ടി. ശ്രീദേവി

വി. വി. മൊണ്ട മംഗലത്ത്

കെ. രാജി

എൻ. പൈനുവ

എൻ. പോളിദ്

എഡിറ്റോറിയൽ ബോർഡ്

പി. സരോജിനി
പി. പി. ശ്രീധരൻ
ടി.എച്ച് ബാലൻ മൊകേരി
വി. രാഘവൻ
പവിത്രൻ മൊകേരി
പി.ജയരാജൻ

കവർ
രേഖാചിത്രം: *മുരളി ഏറാമല*

ഡി.ടി.പി ലേഔട്ട് : *ഫ്യൂച്ചർ വിഷൻ, തലശ്ശേരി*



വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

കെ. രാഘവൻ മാസ്റ്റർ
എൻ. പി. രാജീവൻ
ഭഗീഷ്
വി. പി. ബാലൻ മാസ്റ്റർ
സി. കൃഷ്ണൻ
എൻ. കെ. അബ്രഹാം
പി. സുരേന്ദ്രൻ
മനോജ് കുമാർ. കെ
ജയചന്ദ്രൻ
വി. എൻ. ദിവാകരൻ
പി. കെ. കുമാരൻ
കെ. വി. ബാബു
കെ. വിജയൻ
കെ. കെ. മുകുന്ദൻ
കെ. രാഘവൻ മാസ്റ്റർ
പി. കെ. വസന്ത കുമാരി
എം. നീന
വി. പി. ശ്രീധര
ജയശ്രീ
പി. പ്രകാശൻ
സി. രവി
കെ. പി. വത്സരാജൻ
വി. കെ. അബ്ദുൾ നാസർ
ടി. പി. രാജൻ
പി. പ്രദീപൻ
കുഞ്ഞാലി മോഹനൻ
വി. വത്സൻ
രമേശൻ മൊകേരി

സാമൂഹിക സാംസ്കാരിക ചരിത്രം

ഐതിഹ്യങ്ങളിലൊ, ചരിത്രരേഖകളിലൊ ഏറെയൊന്നും പരാമർശിക്കപ്പെടാതെ പോയതാണ് മൊകേരിയുടെ ചരിത്രവും പാരമ്പര്യവും. ലോഗന്റെ മലബാർ മാന്വലിൽ പോലും മൊകേരിയെ ക്കുറിച്ച് പരാമർശമില്ല. കോലത്ത് നാടിന്റെ ഭാഗമായിരുന്ന കോട്ടയം രാജവംശത്തിലെ ഇരുവഴിനാട്ടിൽപ്പെട്ട പാനൂർ അംശത്തിലെ കടേപ്രം ദേശവും വള്ള്യായി ദേശവും ചേർന്നതാണ് ഇന്നത്തെ മൊകേരി.

വളരെ മുമ്പ് മൊകേരിയുടെ മിക്കവാറും പ്രദേശങ്ങൾ വെള്ളം കെട്ടി നില്ക്കുന്ന സ്ഥലങ്ങളായിരുന്നു. വെള്ളം കെട്ടിനില്ക്കുന്ന പ്രദേശങ്ങളെ തമിഴിൽ 'ഏരി എന്ന വിളിച്ചിരുന്നു. മീൻ പിടുത്തക്കാരായ മൊകയന്മാർ ഈ ഏരി പ്രദേശത്ത് താമസിച്ചതാവാം മൊകേരി എന്ന പേരിന് നിദാനം. ഏരിയുടെ മുഖമായതിനാൽ മുഖയേരി എന്ന പദം ലോപിച്ച് മൊകേരി ആയി എന്നും മുഖ്യയേരി ലോപിച്ച് മൊകേരി ആയതാണെന്നുമുള്ള വാദഗതികൾ നിലവിലുണ്ട്.

വടക്കു പാട്യം, തെക്ക് പാനൂർ കിഴക്ക് കുന്നോത്ത് പറമ്പ് പടിഞ്ഞാറ് കതിരൂർ, പന്ന്യന്നൂർ പഞ്ചായത്തുകളുടെ ഇടയിൽപ്പെട്ടതാണ് മൊകേരി. പുഴ, തോട് കനാൽ എന്നിവയാൽ ചുറ്റപ്പെട്ടതാണ് ഈ ഗ്രാമം.

അവിഭക്ത പാനൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്ന സ്ഥലങ്ങൾ ചേർന്നാണ് 1962 ൽ മൊകേരി പഞ്ചായത്ത് രൂപീകരിച്ചത്. അന്ന് പാനൂർ പഞ്ചായത്ത് മൊകേരി, പന്ന്യന്നൂർ തൃപ്പങ്ങോട്ടൂർ, കുന്നോത്ത് പറമ്പ് പാനൂർ എന്നിവ ഉൾപ്പെട്ടതായിരുന്നു. ഇതിന്റെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ശ്രീ. പി. ആർ. കുറുപ്പായിരുന്നു. മൊകേരിയുടെ ചരിത്രം പാനൂരിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നു. കുന്നുകളും താഴ്വാരങ്ങളും നിറഞ്ഞതാണ് ഇവിടം. മൊകേരിയുടെ കിഴക്ക് വള്ള്യായി വൻകാടുകളായിരുന്നു. ഈ കാട്ടിൽ നരി, പുലി, പന്നി, ചെന്നായ തുടങ്ങിയ മൃഗങ്ങൾ വിഹരിച്ചിരുന്നു.

മൊകേരിയിലെ ചില ഭാഗങ്ങളിൽ പറമ്പുകൾക്കും സ്ഥലങ്ങൾക്കും പൂർവ്വ കാലസ്മരണയുണർത്തുന്ന അമ്പലങ്ങളുടെയും ബ്രാഹ്മണ ഗൃഹങ്ങളുടെയും അനുബന്ധ കുടുംബങ്ങളുടെയും പേരുകൾ ഇന്നു ം നിലനില്ക്കുന്നുണ്ട്. അവയിലൂടെ സമ്പന്നമായ ഒരു ഗതകാല സംസ്ക്കാരത്തിന്റെ നിഴലാട്ടം ദർശിക്കാൻ കഴിയും.

പുനം നമ്പൂതിരി, പെരുശ്ശേരി നമ്പൂതിരി എന്നീ കവിശ്രേഷ്ഠന്മാരുടെയും ജന്മ ദേശം മൊകേരിയായിരുന്നു എന്ന് ബലമായി വിശ്വസിക്കുന്നവർ ഇവിടെയുണ്ട്. കല്ലറകളിൽ ത്രിശൂലങ്ങളും ജലകുംഭങ്ങളും, ഭസ്മവും മറ്റും പല ഭാഗങ്ങളിലും കണ്ടെത്തിയിട്ടുണ്ട്. ഏതോ ഒരു യുഗസംക്രമത്തിന്റെ പ്രതീകമായി ഇവയെ നമുക്ക് കണക്കാക്കാം.

ഇവിടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഹരിശ്രീ. കുറിച്ചത് 20ാംനൂറ്റാണ്ടിന്റെ ആരംഭത്തിലാണെങ്കിലും 1845 ൽ തന്നെ സബ്ബ് ജഡ്ജിയായിരുന്ന ദിവാൻ ബഹദൂർ ഇ. കെ. കൃഷ്ണൻ വള്ള്യായിലെ അരുണ്ടാ തറവാട്ടിലെ അംഗമായിരുന്നു. ഇദ്ദേഹത്തിന്റെ മകൻ റാവു



ദിവാൻ ബഹദൂർ ഇ.കെ. കൃഷ്ണൻ ബി.എൽ. അവർകൾ



Rao Bahadur E. K. Govindan, B.A.,
Asst. Agent to the Governor-General,
Madras States has been appointed Membe
of the Council of Administratio
Pudukota State.

റാവു ബഹദൂർ ഇ.കെ. ഗോവിന്ദൻ ബി.എ.

ബഹാദൂർ ഇ. കെ. ഗോവിന്ദൻ പുതുക്കോട്ട നാട്ടുരാജ്യത്തിലെ ദിവാനായിരുന്നു. പ്രശസ്ത സാഹിത്യകാരനായിരുന്ന കെ. സുകുമാരൻ. ബി. എ. ഈ തറവാട്ടിലെ അംഗമായിരുന്നു. സിങ്കപ്പൂർ പ്രസിഡണ്ടായിരുന്ന ശ്രീ. സി. വി. ദേവൻ നായർ കൂരാറ ഇല്ലത്തെ അംഗമാണ്.
മഹാവൈദ്യന്മാരായിരുന്ന തെക്കൻ കുഞ്ഞിരാമൻ വൈദ്യർ, ചെവിടുവൻ കുഞ്ഞിക്കണ്ണൻ വൈദ്യർ, തെക്കയിൽ കൃഷ്ണൻ വൈദ്യർ, അരൂണ്ടയിൽ കുഞ്ഞിക്കുട്ടി വൈദ്യർ തുടങ്ങിയ വൈദ്യന്മാർ ഈ മണ്ണിൽ ജീവിച്ചിരുന്നു.

' കേരള സിംഹമെന്ന സർദാർ കെ.യം. പണിക്കരുടെ ചരിത്രാഖ്യായികയിൽ ഈ സ്ഥലവും പരിസരങ്ങളും കൊള്ളക്കാരുടെയും പിടിച്ച് പറിക്കാരുടെയും സങ്കേതങ്ങളായിരുന്നുവെന്ന് പ്രതിപാദിച്ചു കാണുന്നു. കായംകുളം കൊച്ചുണ്ണിയെപ്പോലെ വിശാല മനസ്കരായ രണ്ടുപേർ ആയിരുന്നു കോത്ത് അബ്ദുള്ളയും, കോളോത്ത് അബ്ദുള്ളയും. അവർ പിശുക്കന്മാരായ സമ്പന്നരിൽ നിന്നും പണം കവർന്നെടുത്ത് അതിൽ ഏറിയ പങ്കും സാധുക്കൾക്ക് വിതരണം ചെയ്തിരുന്നു.
ഇപ്പോഴത്തെ വള്ളങ്ങാടിന് മുമ്പ് ''വളഞ്ഞ കാട്'' എന്നായിരുന്നു പേര്. അക്കാലത്ത് കള്ളന്മാരുടെ കൊള്ളമുതലുകൾ സൂക്ഷിച്ചുവെച്ചിരുന്നത് മൊകേരിയുടെ പടിഞ്ഞാറു ഭാഗത്തുള്ള കൂരാറ (ഇരുട്ടറ) യിലായിരുന്നു. ഇതാണ് പിന്നീട് കൂരാറ എന്നായി അറിയപ്പെട്ടത് എന്ന് വിശ്വസിക്കുന്നു.
മൊകേരിയുടെ പടിഞ്ഞാറുഭാഗത്തുള്ള പുഴയെ ചാടാലപ്പുഴ എന്ന് വിളിക്കുന്നു. പഴയകാലത്ത് 'അമ്പലച്ചാടാല' എന്നായിരുന്നു അവിടം അറിയപ്പെട്ടിരുന്നത്. പുരാതന ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ പറമ്പുകളുടെ പേരുകൾ ഇത് സാധൂകരിക്കുന്നു. കൂരാറയ്ക്ക് അടുത്തുള്ള കടേപ്രം എന്ന സ്ഥല നാമം ' കടവിനപ്പുറം' എന്ന പദത്തിൽ നിന്ന് ഉൽഭവിച്ചതായി ഒരഭിപ്രായവും നിലവിലുണ്ട്. ഇതിനെ സാധൂകരിക്കുന്ന വിധം ഇന്നത്തെ മൊകേരി വയൽ നില്ക്കുന്ന സ്ഥലത്ത് കൂടി ഒരു പുഴ ഒഴുകിയിരുന്നതായി ചില തെളിവുകൾ സൂചിപ്പിക്കുന്നു. നോക്കെത്താത്ത ദൂരം പരന്നു കിടന്നിരുന്ന മൊകേരി വയൽ ഈ പുഴ വറ്റി രൂപാന്തരം പ്രാപിച്ചതാണെന് കരുതുന്നു. മൊകേരിയുടെ പുരാവൃത്തങ്ങളിൽ നൈതീകസ്തംഭമായി നില്ക്കുന്ന മൊകേരി മാവ് ഇവിടെയായിരുന്നു സ്ഥിതിചെയ്തിരുന്നത്. ഈ മാവുമായി ബന്ധപ്പെട്ടു നിരവധി കഥകൾപഴമക്കാരുടെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നു.
കുടകിൽ നിന്ന് കച്ചവട സംഘങ്ങൾ കഴുതകളുടെയും കോവർകഴുതകളുടെയും കുതിരകളുടെയും പുറത്ത് സാധനങ്ങൾ വില്പനക്കായി കൊണ്ടുവരുന്ന പതിവുണ്ടായിരുന്നു. പൂണുലണിഞ്ഞ വൈശ്യജാതിക്കാരായ ഈ കൂട്ടർ ദാവാരികൾ എന്നറിയപ്പെട്ടിരുന്നു. കൂത്തുപറമ്പ് വിട്ടാൽ കോട്ടം ശിവ ക്ഷേത്രം, പുക്കോട് എന്നിവിടങ്ങളിൽ താവളമടിച്ച ശേഷം കടേപ്രത്താണ് അവർ താമസിച്ചിരുന്നത്. നെല്ല്, കാപ്പി, ഇഞ്ചി തുടങ്ങിയ ധാരാളം വസ്തുക്കൾ അവർ കൊണ്ടുവന്നിരുന്നു. അവർ വാണിജ്യ മേഖലയെ നന്നായി സഹായിച്ചിരുന്നു. അവർക്ക് മത്സ്യം കിട്ടുന്ന സ്ഥലമായതിനാൽ ഈ സ്ഥലത്തെ 'കടപ്പുറം' എന്ന് വിളിച്ചു വന്നു എന്നും പിന്നീട് ആ ശബ്ദം ലോപിച്ച് കടേപ്രം ആയി എന്നും അഭിപ്രായമുണ്ട്.

വള്ള്യായിലെ ' ആറങ്ങാട്ട് ' എന്ന സ്ഥലത്തിന്റെ പുരുതന നാമം ആറാട്ട് നടന്ന സ്ഥലം എന്നാണത്രെ. ചുറ്റുപാടുമുള്ള പറമ്പുകളുടെ പേരുകൾ ഇതിന്റെ സാധുതയെ തെളിയിക്കുന്നു.

കോട്ടയം രാജവംശകർ പാനോളിത്തറവാട്ടിലേക്ക് വരാനുപയോഗിച്ചിരുന്ന പ്രധാന

സഞ്ചാര പഥമായിരുന്നു ഇന്നത്തെ കുത്തുപറമ്പ് പാനൂർ റോഡ്. പ്രസ്തുത വഴിയിൽ ഉണ്ടായിരുന്ന കച്ചവട സ്ഥാപനങ്ങളാണ് മുത്താറി പീടിക, മാക്കുൽ പീടിക, തങ്ങൾ പീടിക എന്നിങ്ങനെയുള്ള സ്ഥലനാമങ്ങൾ ഉണ്ടാക്കിയത് എന്ന് വിശ്വസിക്കുന്നു.

മൊകേരിയിലെ ജനവിഭാഗങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. മറ്റു മതക്കാരായി മുസ്ലീങ്ങളാണുള്ളത്, ഹിന്ദുക്കളിൽ ബഹുഭൂരിഭാഗവും തീയ്യരാണ്. മറ്റുജാതികൾ നായർ, ശാലിയ, കണിയ, വാണിയ, ആശാരി, തട്ടാൻ, കൊല്ലൻ, മലയൻ, വണ്ണാൻ, പെരുവണ്ണാൻ വേലൻ കാവുതീയൻ വെളുത്തേടത്ത് നായർ തുടങ്ങിയവരാണ്.

തീയ്യരുടെ കുലത്തൊഴിൽ മുമ്പ് കള്ളുചെത്തും,ചക്കര നിർമ്മാണവുമായിരുന്നു. കൃഷിപ്പണിയും നടത്തിയിരുന്നു. ഭൂപരിഷ്കരണത്തിന് മുമ്പ് ഭൂമിയുടെ ജന്മാവകാശം ഉയർന്ന ജാതിക്കാരിലും, മുസ്ലീങ്ങളിലും നിക്ഷിപ്തമായിരുന്നു. പിന്നോക്ക ജാതികളിൽ ചില തീയ്യരിലും ഏതാനും മറ്റ് ജാതിക്കാരിലും ജന്മിമാരുണ്ടായിരുന്നു. അക്കാലം സാമൂഹ്യ സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ വളരെ പരിതാപകരമായിരുന്നു പിന്നോക്കക്കാരുടെ അവസ്ഥ.

70 വർഷങ്ങൾക്കപ്പുറം ജാതി ഭേദമന്യേ പുരുഷന്മാർ കാതിൽ കടുക്കൻ അണിഞ്ഞിരുന്നു. തലയിൽ കുടുമയും വെച്ചിരുന്നു. സ്ത്രീകൾ കാതിൽ തക്കയോ, തോടയോ ധരിച്ചിരുന്നു. പുരുഷന്മാർ സാധാരണയായി കച്ച തോർത്താണ് ധരിച്ചിരുന്നത്. സ്തീകൾ ബ്ലൗസ് ധരിച്ചിരുന്നില്ല. മുണ്ടും മേൽ മുണ്ടുമായിരുന്നു സ്ത്രീകളുടെ വേഷം. മാറുമറക്കാത്ത സ്ത്രീകളുമുണ്ടായിരുന്നു.

ആരാധനലായങ്ങളായി ഹിന്ദുക്കൾക്ക് 3 ക്ഷേത്രങ്ങളും 7 തെയ്യക്കാവുകളുമുണ്ട്. മുസ്ലീങ്ങൾക്ക് 8 ആരാധനാലായങ്ങളുണ്ട്.

മുമ്പ് വഴിയോരങ്ങളിൽ തണ്ണീർ പന്തൽ, അത്താണികൾ, നാല്ക്കാലികൾക്ക് വെള്ളം കൊടുക്കുവാനുള്ള കരിങ്കൽത്തൊട്ടികൾ എന്നിവ സ്ഥാപിച്ചിരുന്നു.

പ്രാരംഭഘട്ടത്തിൽ സേവന തൽപ്പരരും, ഋഷിതുല്യരുമായ ഗുരുക്കന്മാരുടെ മഹനീയ പ്രവർത്തനങ്ങൾ ആണ് ഇവിടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. അവർ സ്ഥാപിച്ച കുടിപ്പള്ളിക്കൂടങ്ങളും, ഏകാദ്ധ്യാപക വിദ്യാലയങ്ങളുമാണ് പിന്നീട് പ്രൈമറി സ്കൂളുകളഉം, അപ്പർ പ്രൈമറി സ്കൂളുകളുമായി മാറിയത്. നാടിന്റെ സംസ്കാരത്തിനും, വിദ്യാഭ്യാസത്തിനും അമൂല്യ സംഭാവനകൾ നല്കിയ ആ ഗുരുക്കന്മാരെ നന്ദി പൂർവ്വം സ്മരിക്കുന്നു.

സാമൂഹ്യ പരിഷ്ക്കരണത്തിൽ ഏറെയൊന്നും നടന്നില്ലെങ്കിലും മഹാപ്രതിഭയായിരുന്ന ശ്രീ. വാഗ്ഭടാനന്ദന്റെ സ്വധീനം സാരമായ ചലനങ്ങൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. പുതിയ കാവിലെ ജന്തുബലി നിർത്തിയത് നവോത്ഥാന മേഖലയിൽ മഹത്തായ ഒരു വിപ്ലവമായി കരുതാവുന്നതാണ്.

സാമൂഹികവും, സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ മേഖലകളിൽ ഏറെ മുന്നോട്ടുപോകാൻ ഇനിയുമുണ്ട്. ജന സമൂഹത്തെ ഒന്നിച്ചണി നിരത്തിക്കൊണ്ട് പുതിയൊരു വികസന സംസ്കാരം രൂപപ്പെടുത്തി മൊകേരിയെ ഉൺമയുടെയും തന്മയുടേയും മേഖലയിലേക്ക് വളരെയേറെ ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്. അത്തരം ഒരു മഹത്തായ സംരംഭത്തിന് തുകിലുണർത്താൻ സമയമായി. ജനകീയാസൂത്രണം എന്ന വിശ്വോത്തരമായ പ്രക്രിയയുമായി ബന്ധപ്പെടുത്തി നമുക്ക് അതിന് വേണ്ടി കൂട്ടായി ശ്രമിക്കണം.

മൊകേരിയുടെ സാംസ്കാരികാഭ്യുന്നതിക്ക് ഉണർവ്വ് പകർന്ന സാംസ്കാരിക പ്രതിഭകൾ നമ്മുടെ

അഭിമാനമാണ്.മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരും നല്കിയ സംഭാവനകൾ എന്നും സ്മരിക്കപ്പെടുകതന്നെ ചെയ്യും. കായികാഭ്യാസിയും, ആയോധനകലയിൽ അഗ്രേസരനുമായിരുന്ന പരേതനായ ശ്രീ. തായത്ത റോത്ത് കോമനധികാരി മൊകേരിയിലെ പ്രശസ്തനായ വക്തിയായിരുന്നു.

1940 കളിൽ സംഘടിത പ്രസ്ഥാനങ്ങളൊന്നും വളർന്നുവരാത്ത കാലത്ത് സാമൂഹിക രാഷ്ട്രീയ മേഖലയിൽ തനതായ വ്യക്തിത്വം സ്ഥാപിച്ച അതുല്യ പ്രതിഭനായിരുന്നു. ശ്രീ. കെ. എം. കൃഷ്ണൻ മാസ്റ്റർ. തൊഴിലാളി നേതാവ്, അദ്ധ്യാപക പ്രസ്ഥാനത്തിന്റെ നേതാവ് എന്നീ നിലകളിലും അ ദ്ദേഹം ജനങ്ങൾക്ക് ആരാധ്യനായിരുന്നു.

സാഹിത്യരംഗത്ത് ശ്രദ്ധേയനായി മൺമറഞ്ഞുപോയ പ്രതിഭാസമ്പന്നയാരിന്നു വി. പി. കുഞ്ഞബ്ദുള്ള മാസ്റ്റർ (കെ. മൊകേരി) മൂന്ന് നോവലുകളുടെകർത്താവുമായിരുന്നു.

കേരള ഗ്രന്ഥശാലാ സംഘം സെക്രട്ടറി, പത്രാധിപർ, ഗ്രന്ഥകർത്താവ്, രാഷ്ട്രീയ സാംസ്കാരികനായകൻ, എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. ഐ. വി.ദാസ് കേരളത്തിന് മൊകേരിയുടെ അമൂല്യ സംഭാവനയാണ്.

ചിത്രകലയിൽ നിരവധി അന്താരാഷ്ട്ര അവാർഡുകൾ നേടി ഇപ്പോൾ കനഡയിൽ (ഒട്ടാവ) താമസിച്ചുവരുന്ന ശ്രീ. വി.എം. സദാനന്ദൻ മൊകേരിയുടേതു മാത്രമല്ല ഇന്ത്യക്ക് തന്നെ അ ഭിമാനമാണ്.

അദ്ധ്യാപകനും, കവിയും, നടനും, നാടക രചയിതാവും, സംവിധായകനും, സ്കൂൾ ഓഫ് ഡ്രാമയിലെ അസി. ഡയറക്ടറുമായ ശ്രീ. രാമചന്ദ്രൻ മൊകേരിയും മൊകേരിയുടെ മണ്ണിൽ പിറന്നപ്രശസ്തവ്യക്തിയാണ്.

നാടകകൃത്ത് ചെറുകഥാകൃത്ത്, സാമൂഹ്യ സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീ. ടി. എച്ച് ബാലൻ മൊകേരിയും മൊകേരിക്ക് അ ഭിമാനിക്കാവുന്ന വ്യക്തിയാണ്.

വള്ള്യായി സ്വദേശിയും, ബാബാ അറ്റോമിക്ക് റിസർച്ച് സെൻറിൽ ഉദ്യോഗസ്ഥനും മെറിറ്റോറിയസ് സർവ്വീസിന് ദേശീയ പുരസ്കാരം നേടി അഖിലേന്ത്യാ പ്രശസ്തിയിലെത്തിയ കുമ്പളപ്രോൻ ന്നാണുവും മൊകെരിയുടെ അഭിമാനസ്തംഭമാണ്.



മൊകേരി പഞ്ചായത്ത് വള്ള്യായിക്കുന്ന്, കൂരാറക്കുന്ന്,കല്ല്വെച്ചപാറമ്പ് എന്നിങ്ങനെ ഉയരം കൂടിയതും കുറഞ്ഞതുമായ മൂന്നുകുന്നുകളും അവയ്ക്കിടയിൽ സമതലങ്ങളും തോടുകളും വയലുകളും ചേർന്നതാണ്. പഞ്ചായത്തിന്റെ വടക്കുകിഴക്കെ അതിർത്തി മുതൽ പടിഞ്ഞാറെ അതിർത്തിയിലൂടെ ഏകദേശം പത്തുകിലോമീറ്റർ നീളത്തിൽ പാത്തിപ്പാലം പുഴ ഒഴുകുന്നു. കിഴക്ക് കുന്നോത്ത് പറമ്പ് പഞ്ചായത്തും പടിഞ്ഞാറ് കതിരൂർ പഞ്ചായത്തും തെക്ക് പടിഞ്ഞാറ് ഭാഗങ്ങളിലായി പാനൂർ-പന്ന്യന്നൂർ പഞ്ചായത്തുകളും വടക്ക് പാട്യം പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. കണ്ണൂർ ജില്ലയിലെ നവോദയ വിദ്യാലയം പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്നു. ഭൂമിയുടെ ചരിവ് കിഴക്ക് നിന്ന് പടിഞ്ഞാറോട്ടാണ്. മൊകേരി ഒരു കർഷികപ്രദേശമാണ്.

ഭൂപ്രകൃതി വിഭാഗങ്ങൾ

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ മൊകേരി പഞ്ചായത്തിനെ അഞ്ച് മേഖലകളാക്കാം.

1. ഉയർന്നിൻ പ്രദേശം
2. ചരിവു പ്രദേശങ്ങൽ
3. സമതലം
4. താഴ്ന്നസ്ഥലം - വയൽ നികത്തപ്പെട്ടും മറ്റും ഉണ്ടായവ
5. വയൽ

1, ഉയർന്ന കുന്നിൻ പ്രദേശങ്ങൾ ---- പഞ്ചായത്തിന്റെ വടക്കുകിഴക്കെ അതിർത്തിയിൽ ഈസ്റ്റ് വള്ള്യായി, വള്ള്യായി എന്നീ സ്ഥലങ്ങളിലുള്ള കുന്നിൻ പ്രദേശങ്ങളും പടിഞ്ഞാറുഭാഗത്തുള്ള കൂരാറ കുന്നും ഏകദേശം എഴുപതു മീറ്റർ ഉയരമുള്ളവയാണ്. ഇതിനെ അപേക്ഷിച്ച് കല്ല് വെച്ച പാറമ്പും പരിസരവും ഉയരം കുറഞ്ഞ പ്രദേശമാണ്. ഒചങ്കൽ കുട്ടകളും

അതു പൊടിഞ്ഞ മണ്ണുമുള്ള ഈ പ്രദേശത്ത് കശുമാവ് പ്രധാന കൃഷിയാണ്. ജല ലഭ്യത കുറവാണ്.

2, ചരിവ്പ്രദേശങ്ങൾ —— മേൽപറഞ്ഞ കുന്നുകളുടെ ചരിവുകൾ ഏകദേശം 250 ഏക്കർ വിസ്തൃതിയുള്ളതാണ്. വള്ളുവായി കുന്നിന്റെ കിഴക്കു ഭാഗത്ത് നാല് ഏക്രയോളം കറുത്ത മണ്ണും ചിലയിടങ്ങളിൽ കരിങ്കല്ലും കാണപ്പെടുന്നു. മറ്റു കുന്നിൻ പെരിവുകളിൽ ചെങ്കൽ മണ്ണാണ്. പ്രധാന കൃഷി കശുമാവും തെങ്ങുമാണ്. ജലലഭ്യത കുറവാണ്.

3, സമതലം —— വള്ളുവായി മുതൽ കുരാറ വരെയുള്ള പ്രദേശം മാക്കൂൽപീടിക, വളളങ്ങാട്, കടേപ്രം, ആറ്റ്പുറം എന്നീ സ്ഥലങ്ങൾ സമതലങ്ങളാണ്. സമുദ്ര നിരപ്പിൽ ഏതാണ്ട് പത്തുമീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന സമതലം ഫലപുഷ്ടിയുള്ള ചെമ്മണ്ണു നിറഞ്ഞ പ്രദേശമാണ്. തെങ്ങ് ,കവുങ്ങ്, മാവ്, പ്ളാവ്, കശുമാവ് , വാഴ, മരച്ചീനി, എന്നിവ കൃഷി ചെയ്യുന്ന ഇവിടെ ജലലഭ്യതയുണ്ട്.

4, താഴ്ന്ന സ്ഥലം —— മൊകേരി വയൽ, കുരാറ വയൽ, നളളാളി താഴ വയൽ, വള്ളുവായി വയൽ, കടേപ്രം വയൽ, പാത്തിപ്പാലം-സ്രാമ്പി വയൽ എന്നീ വയലുകളോട് ചേർന്നു നിൽക്കുന്ന താഴ്ന്ന സമതലങ്ങളാണ്. ഏകദേശം 250 ഏക്കർ വിസ്തീർണ്ണമുള്ള ഇവിടം തെങ്ങ് ,കവുങ്ങ്, വാഴ, മരച്ചീനി എന്നിവ കൊണ്ട് നിറഞ്ഞതാണ്. ചില സ്ഥലങ്ങളിൽ പച്ചക്കറിയുണ്ട്. പാത്തിപ്പാലത്തിനടുത്ത് നീർകെട്ട് പ്രശ്നമുണ്ട്.

5, വയൽ —— പഞ്ചായത്തിന്റെ തെക്കുകിഴക്ക് അതിർത്തിയിലുള്ള മൊകേരി വയൽ, പുഞ്ചപ്പാലം വയൽ ,കടേപ്രം വയൽ ,കുരാറ വയൽ, വള്ളുവായി വയൽ നളളാളിൽ വയൽ, ഉണിച്ചാണ്ടിത്താഴ വയൽ, ഈസ്റ്റ് വള്ളുവായിലെ മൂലയിൽ വയൽ എന്നിവയാണ് പ്രധാനപ്പെട്ടവ ആറ്റിപ്പുറത്ത് കളിമണ്ണ് കലർന്ന പശിമയുള്ള മണ്ണും മറ്റു സ്ഥലത്ത് പൂഴി കലർന്ന മണ്ണുമാണ്. നെല്ല് പ്രധാന കൃഷിയാണ്. 42 ഏക്കറിൽ നെല്ല് രണ്ടാം വിളയുണ്ട്. ഇടവിളയായി പയറും പച്ചക്കറിയും കൃഷിചെയ്യുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് നെൽകൃഷി.

6, കാലാവസ്ഥ —— ഉഷ്ണകാലം , വർഷകാലം , വർഷത്തിന്റെ പിൻഭാഗങ്ങൾ ശൈത്യകാലം എന്നിങ്ങനെ നാല് കാലങ്ങൾ അനുഭവപ്പെടുന്നു. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ചൂടുകാലമാണ്. 21 ഡിഗ്രി സെൽഷ്യസ് മുതൽ 33 ഡിഗ്രി സെൽഷ്യസ് വരെ ഉഷ്മാവ് അനുഭവപ്പെടുന്നു. ജൂൺ മുതൽ സപ്റ്റംബർ വരെ മൺസൂൺ മഴ ലഭിക്കുന്നു ശരാശരി 3467 മി. മി. ഒക്ടോബർ മുതൽ നവ. പകുതി വരെ ലഭിക്കുന്ന മഴ തുലാവർഷമെന്ന് അറിയപ്പെടുന്നു. ഇടമഴയും ലഭിക്കാറുണ്ട്. നവംബർ പകുതിക്കുശേഷം ആരംഭിക്കുനഅന ശൈത്യം ഫെബ്രുവരി വരെ നിലനിൽക്കുന്നു.

ജലലഭ്യത —— കണ്ണറം റിസർവ്വ് വനത്തിലൂടെവരുന്ന പുഴ മരപ്പാലത്തിനടുത്ത് വെച്ച് പഞ്ചായത്തിന്റെ വടക്ക് കിഴക്ക് അതിർത്തിയിലൂടെ മൊകേരിയിൽ പ്രവേശിക്കുന്നു. വള്ള്യായിക്കുന്നിൽ നിന്നും വരുന്ന ഏലത്തതോട് ഈസ്റ്റ് വള്ള്യായിൽ വെച്ച് ഇതോട് ചേരുന്നു. ഈ പുഴ ചിറമ്മൽ വെച്ച് രണ്ടായി പിരിഞ്ഞ് ഒന്ന് ഉറവ് കുണ്ട് വഴിയും മറ്റൊന്ന് വേലൻചിറയിൽ കൂടിയും ഒഴുകി ചിറക്കൽ കാവിനടുത്ത് വെച്ച് മുതിയങ്ങയിൽ കൂടി ഒഴുകിവരുന്ന പുഴയുമായി ചേർന്ന് പാത്തിപ്പാലത്ത് എത്തുന്നു. എഴുന്നള്ളുക്കുന്നിന്റെ താഴ്വാരയിലുള്ള കനിയാർ ഇടയിൽ നിന്നും പുറപ്പെടുന്ന തോട് പാത്തിപ്പാലത്തിന് താഴെ കാഞ്ഞിരകടവിൽ വെച്ച് ഈ പുഴയോട് ചേരുന്നു. പാടൃത്ത് നിന്നും വരുന്ന തോട് പുങ്കാവിൽ വെച്ച് ഇതോട് ചേരുന്നു. കതിരൂർ പഞ്ചായത്തിലെ ചാലവയലിൽ നിന്നും വരുന്ന പുഴ കുഴിയണ്ടിയാൽ പുഴയിൽ ചേരുന്നു. പഞ്ചായത്തിന്റെ കിഴക്ക് വടക്കേ അതിർത്തിയിലുള്ള വണ്ണാത്തി കുളത്തിൽ നിന്നും ആരംഭിക്കുന്ന തോട് തെക്കേ അതിർത്തിയിലൂടെ ഒഴുകി ചാടാലപുഴയിൽ ചേരുന്നു. ആരാധനാലയങ്ങളോട് ബന്ധപ്പെട്ട് പതിനേഴോളം കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

മണ്ണ് —— പൊതുവായി പറഞ്ഞാൽ ഇവിടെ ഫലപുഷ്ടിയുള്ള ലാറ്ററൈറ്റ് മണ്ണാണ് ജൈവ സമ്പത്ത്. നമ്മുടെ പഞ്ചായത്തിൽ ഔഷാധികളായ നെല്ല്, താളി, കടുക്ക, കുറുവളം, അത്തി, ഇത്തി, ആൽ, അരയാൽ, നാട്ടുമാവ്, പ്ലാവ് , നാടൻ വാഴകൾ, ചേന, ചേമ്പ്, കാച്ചിൽ, നന്നാറി, കുറുന്തോട്ടി, ചന്ദനം, നീർമരുത്, ഇഞ്ചി, മഞ്ഞൾ, കുറുവ, മരഇഞ്ചി, ഈശ്വരമുല്ല, തുളസി, സർപ്പഗന്ധി, മേന്തോന്നി കിഴങ്ങ്, ശതാവരി, നീലപ്പന കിഴങ്ങ്, ഇടഞ്ഞിൽ, അമ കുശ ദർഭ,

തുവര, അവര, മുതിര, തവര, ചിറ്റാമൃത്, പുത്തരിച്ചുണ്ട, മുക്കണ്ണാൻപിലാല, പുവാം കുറുന്തൽ, ചവക്കായി, കീഴാർ നെല്ലി, തിപ്പല്ലി എന്നിവയാണ്. ഇവയിൽ പലതും നശിച്ചു കൊണ്ടിരിക്കുകയാണ്.

മെരു, മുള്ളൻ പന്നി, മുയൽ, ഉടുമ്പ്, മീരി, കല്ലുണ്ണി, കുറുനരി, അണ്ണാൻ, കുറുക്കന്മാർ, നീർനായ എന്നീ മൃഗങ്ങളും കുയിൽ, പരുന്ത്, വണ്ണാത്തിപ്പുള്ള്, ഓലേ മുറിയൻ, അരിപ്രാവ്, പ്രാപ്പിടിയൻ, തത്ത, നീലപ്പൊൻമാൻ, അടക്കാകുരുവി, കൊക്ക്, കുളക്കോഴി മുതലായ പക്ഷികളും ഇഴജന്തുക്കളും ജൈവസമ്പത്തിൽ ഉൾപ്പെടുന്നു. ഇവയിൽ തത്ത, അരിപ്രാവ്, പരുന്ത് എന്നിവ നമശിച്ചുകൊണ്ടിരിക്കുകയാണ്. മെരു, നീർനായ, മുള്ളൻ എന്നിവ നശിച്ചുവരുന്നു.

മനുഷ്യ വിഭവം— പഞ്ചായത്തിലെ മനുഷ്യ വിഭവം 17917 ആണ്. 8437 പുരുഷൻമാരും 9487 സ്ത്രീകളുമാണ്.

ആയിരം പുരുഷന്മാർക്ക് 1125 സ്ത്രീകൾ എന്നതാണ് അനുപാതം.

കൃഷി ജലസേചനം --- പണ്ട് മൊകേരി പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമായിരുന്നു. ഭൂനിയമം വരുന്നതിനു മുൻപ് ജന്മിമാരിൽ നിന്നും നാരത്തിനും പാട്ടത്തിനും എടുത്താണ് കൃഷി ചെയ്തിരുന്നത്. സവർണ്ണ മേധാവികളും തലശ്ശേരിയിലെ കേയി കുടുംബം കോട്ടയം തമ്പുരാൻ എന്നിവരായിരുന്നു പ്രധാന ജന്മിമാർ. കൃഷിക്കാരുടെ ഇടയിൽ കൂട്ടായ്മ ഉണ്ടായിരുന്ന പുരകെട്ടി മേയൽ, കുളം കുഴിക്കൽ, വിവാഹത്തോടനുബന്ധിച്ച ജോലികൾ എന്നിവ കൂലിയില്ലാതെ പരസ്പര സഹകരണത്തോടുകൂടി ചെയ്തിരുന്നു. 1971 ഓടു കൂടായാണ് കൃഷിക്കാർക്ക് കൈവശ ഭൂമിയിൽ ജന്മാവകാശം ലഭിച്ചിരുന്നത്. പഴയ കൃഷി സമ്പ്രദായങ്ങളും ജൈവ വസ്തുക്കളും ഇവിടെ ഒരു കാലഘട്ടം വരെ സുലഭമായി ഉപയോഗിച്ചിരുന്നു. പ്രതിരോധ ശേഷി കൂടുതലുള്ള നാടൻ ഇനം വിത്തുകൾ ഉപയോഗിച്ചിരുന്നു. ഉൽപാദനം മെച്ചമായിരുന്നു. കർഷകനും കർഷക തൊഴിലാളികളുടെയും കൂട്ടായ്മ ഉണ്ടായിരുന്നു. കൊയ്തു കഴിഞ്ഞാൽ പച്ചക്കറി കൃഷി ചെയ്യാൻ പ്രതിഫലമില്ലാതെ എല്ലാവർക്കും ഉപയോഗിക്കാൻ കഴിഞ്ഞിരുന്നു. അത് മണ്ണിന്റെ ഫലപുഷ്ടി ഉയർത്തിയിരുന്നു. 1928ലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 771.53 ഏക്കർ നെൽ വയലുകൾ ഉണ്ടായിരുന്നു. ഇത് ക്രമേണ കുറയുകയും ഇന്ന് 106.06 ഏക്കറിൽ ഒതുങ്ങി നിൽക്കുകയും ചെയ്യുന്നു. വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനയും കാർഷിക തൊഴിലാശികളെ ആവശ്യത്തിന്

ലഭിക്കായ്മയും കൂലി വർദ്ധനയും നെൽകൃഷി ആദായകരമല്ലാതാക്കി തീർത്തു. നെൽപ്പാടങ്ങൾ

നികത്തി ദീർഘകാല വിളകൾക്ക് ഉപയോഗിക്കുന്നതും വീടു വെക്കുന്നതും കാരണം ശേഷിച്ച നെൽ വയലുകളിൽ നീർക്കെട്ട് അനുഭവപ്പെടുന്നുണ്ട്.

ഉയർന്ന ഉൽപാദന ചിലവ് തെങ്ങിനുണ്ടാവുന്ന ചെന്നീരൊലിപ്പ്, കൂമ്പുചീയൽ ഇവയെല്ലാം ഉൽപാദനം കുറക്കുന്നു. എങ്കിലും ആറ്റുപുറ്റത്തും ചില വയലോരങ്ങളിലും കൂടുതൽ വിളവ് ലഭിക്കുന്നുണ്ട്. കവുങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, കശുമാവ് എന്നിവകളിലും വിളനാശം സംഭവിക്കുന്നു.

സംസ്ഥാന ഉൽപാദനത്തേക്കാൾ കുറവാണ് പഞ്ചായത്തി ലെ ഉൽപ്പാദനക്ഷമത.

ജലസേചനസൗകര്യങ്ങൾ.

പഞ്ചായത്തിൽ ജലസേചന സൗകര്യ ങ്ങൾ കുറവാണ് മഴയെ ആശ്രയിച്ചാണ് കൃഷി കൂടുതലായും നടത്തുന്നത്. പുഴയിൽ നിന്നും കുണ്ടുകളിൽ നിന്നും ഉറവളളം കോരി കൃഷി നടത്തിന്നുണ്ട്. പഞ്ചായത്തിൽ 8 പൊതുകിണറുകളും 2 കുഴൽ കിണറുകളും ഉണ്ട്. കുഴൽ കിണറിലെ വെള്ളം ചളി കലർന്നതാണ്.

പഞ്ചായത്തിൽ ജലസേചനത്തിനായി 1993 ഏപ്രിൽ മുതൽ 1996 മാർച്ച് വരെ കൃഷി ഭവൻ സബ്സിഡി അനുവദിച്ചുകൊണ്ട് 58 കിണറും 77 പമ്പ്സെറ്റും വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം വാർഡിൽ കമ്മ്യൂണിറ്റി ജലസേചനത്തിന് ഒരു കിണറ് നിർമ്മിച്ചു പമ്പുസെറ്റ് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീയാകാത്തതിനാൽ ജലസേചനത്തിന് ഉപയോഗിക്കുന്നില്ല.

ഉൽപന്നങ്ങളുടെ വിലയും വിപണനവും.

പഞ്ചായത്തിൽ സഹകരണ മേഖലയിലും സർക്കാർ മേഖലയിലും വിപണന കേന്ദ്രങ്ങളില്ല. തേങ്ങ, അടക്ക, കുരുമുളക്, മരച്ചീനി, കശുവണ്ടി, നേന്ത്രക്കുല എന്നിവ സ്വകാര്യ മേഖലയിൽ വിപണനം ചെയ്യുന്നു. ഉൽപ്പന്നങ്ങൾക്ക് ന്യായ വിലവ ലഭിക്കുന്നില്ല. ഇടത്തട്ടുക്കാരുടെ

പുക്ഷണം ഇറിടങ്ങളിൽ സാധാരണമാണ്. ഇറിടെ തന്നെയും കുത്തുപറമ്പ്, പാനൂർ, വടകര എന്നീ സ്ഥലങ്ങളിലാണ് ഉൽപ്പന്നങ്ങൾ റിറ്റഴിക്കുന്നത്.

കാർഷിക ബന്ധങ്ങൾ

ആകെ ജന സംഖ്യയിൽ 384 കർഷകരും 995 കർഷക തൊഴിലാളികളുമാണ് പഞ്ചായത്തിലുള്ളത്. ബഹുഭൂരിപക്ഷം പേർക്കും 25 സെന്റിൽ കുറഞ്ഞ കൃഷി ഭൂമിയാണുള്ളത്. 5 ഏക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ളവർ 35 പേർ മാത്രമെ ഉള്ളു. സ്വന്തം കൃഷി ചെയ്യുന്ന കർക്ഷകരുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുകയാണ്.

കൂലി സേവന വ്യവസ്ഥകൾ

പഞ്ചായത്തിൽ ഉച്ച വരെയുള്ള കാർഷിക ജോലിക്ക് പുരുഷന്മാർക്ക് 60 രൂപയും സ്ത്രീകൾക്ക് 35 രൂപ മുതൽ 40 രൂപ വരെയാണ് കൂലി. തെങ്ങുകയറ്റ തൊഴിലാളിക്ക് 120 രൂപയാണ് കൂലി. തൊഴിൽ സമയത്ത് ഭക്ഷണവും കൊടുക്കുന്നു. പുരുഷ തൊഴിലാളികളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ കൂലി കുറവാണ്.

രാസവള പ്രയോഗം

പഞ്ചായത്തിൽ ഏകദേശം 30 വർഷം മുമ്പ് വരെ ജൈവവളപ്രയോഗമായിരുന്നു. കൂടുതൽ ഉണ്ടായിരുന്നത്. രാസവളം പ്രചാരത്തിൽ വന്നതോടെ ഇറിടെയും രാസവള പ്രയോഗം വർദ്ധിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ രാസവള പ്രയോഗം കുറവായി. സമ്മിശ്ര വള പ്രയോഗ രീതിയാണ് നിലനിൽക്കുന്നത്. അമിതമായ രാസവള പ്രയോഗം മണ്ണിന്റെ ഫലഭൂയിഷ്ഠത കുറക്കാൻ ഇട വരുത്തിയിട്ടുണ്ട്.

കൃഷിഭവൻ

ഈ പഞ്ചായത്തിലെ കൃഷിഭവൻ മാക്കുൽ പീടികയിലെ ഒരു വാടക കെട്ടിടത്തിൽ പ്ര വർത്തിച്ചു വരുന്നു. ഒരു കൃഷി ഓഫീസറും രണ്ട് അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരും ഈ ഓഫീസിലുണ്ട്. കൃഷി ഭവന്റെ കീഴിൽ മൂന്നു പാടശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നു.

ഗുരുസന്നിധിക്കടുത്തുള്ള പാടശേഖര സമിതി , കുരാറ പാടശേഖര സമിതി, വള്ള്യായിലുള്ള പാടശേ സമിതി എന്നിവയാണ് പാടശേഖര സമിതികൾ.

ഈ പഞ്ചായത്ത് കൃഷിഭവന്റെ കീഴിൽ ഒരു കേര വികസന സമിതിയുണ്ട് ഇതിൽ 500 ൽ അധികം അംഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പ്രവർത്തന മേഖല കാര്യമായില്ല.മുമ്പ് വാർഡ് തലത്തിലുണ്ടായിരുന്ന കേരസംരക്ഷണസമിതികൊണ്ട് ഇതിലും കൂടുതൽ പ്രയോജനം കർഷകന് ലഭിച്ചിരുന്നു.

കാർഷികമേഖലയിലെ പ്രധാനപ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഈസ്റ്റ് വള്ള്യായി മുതിയങ്ങഭാഗത്തുള്ള പുഴയിൽ കൈത ചെടി വച്ച്പിടിപ്പിച്ചതിന്റെ ഫലമായി വർകാലത്ത് വെള്ളത്തിന്റെ ഒഴുക്ക് കുറയുകയും വെള്ളപ്പൊക്കമുണ്ടായി കൃഷിനാശം സംഭവിക്കുന്നുമുണ്ട് പുഴയുടെവീതിയും ആഴവും കുറഞ്ഞുകൊണ്ടിരിക്കുന്നു.
2. കണ്ണിപ്പോയിൽഭാഗത്ത് മഞ്ഞക്ക് മുകളിലെ നെൽപ്പാടത്ത് ചരൽ കയറ്റികൃഷി കുറഞ്ഞുവരുന്നു.
3. വള്ള്യയി ചിറമ്മൽ ഭാഗത്ത് പുഴയുടെ സ്വാഭാവികഗതി തടസ്സപ്പെട്ടിടുണ്ട്. ചിറമ്മൽ ഭാഗത്തുള്ള ചീർപ്പും ക്രോസ് ബാറും നഷ്ട പ്പെട്ടിട്ടുണ്ട്.
4. 13ം-വാർഡിൽ കൂടി കടന്ന തോട് ആഴവും വീതിയും ഇല്ലാത്തതിനാൽ നീർക്കെട്ട് അനുഭവപ്പെടുന്നുണ്ട്
5. നാലും അഞ്ചും വാർഡ് പെടുന്ന പ്രദേശത്തെ വയൽ മണ്ണു കുഴിച്ചു നികത്തിയതുകാരണം വെള്ളം സുഗമമായി ഒഴുകിപ്പോകുന്നില്ല. ഈ പ്രദേശവും നീർക്കെട്ട് അനുഭവപ്പെടുന്നുണ്ട്.
6. ആറാം വാർഡിൽക്കൂടി കടന്നുപോകുന്ന പാത്തിപ്പാലം തോട്ടിലെ വേള്ളവും കൊണ്ട് നീർക്കെട്ട് അനുഭവപ്പെടുന്നു.
7. ഏഴാം വാർഡിൽ കുരാറ വയലിൽ നീർക്കെട്ട് അനുഭവിക്കുന്നതിനാൽ കൃഷിനാശം സംഭവിക്കുന്നു.
8. ഏഴാം വാർഡിൽ കൊങ്കച്ചി അണക്കെട്ടിൽ നിന്നു വെള്ളം ചോർന്നു പോകുന്നു. ജലലഭ്യത വേണ്ടത്രയില്ലാത്തതിനാൽ ഉൽപാദനം മെച്ചപ്പെടുത്താൻ കഴിയുന്നില്ല. കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കുന്നില്ല.
9. ഒന്പതാം വാർഡിൽ ചെറിടക്കുന്നു നിന്നു ആരംഭിക്കുന്ന തോട് നീരോഴുകിപ്പോയി വഴിമുട്ടി നിൽക്കുന്നതിനാൽ നീർക്കെട്ട് അനുഭവിക്കുന്നു. കനാൽസകോൺക്രീറ്റ്

ചെയ്തതിനാൽ ഉറവുജലം ഒഴുകി കൃഷിക്കു നാശം ഉണ്ടാകുന്നു.

10. സ്ഥിരജോലി ഇല്ലാത്തതിനാൽ കാർഷികമേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു.

11. കൂലി വളം അന്നിവയിലുള്ള വില വർദ്ധനവ് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു

12. മണ്ണു പരിശോധിച്ചു കൃഷിചെയ്യുന്ന രീതി നിലവിലില്ല.

13. രാസവളങ്ങളുടെയും കീടനാശിനിയുടെയും അമിതമായ പ്രയോഗംമൂലം മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞു വരുന്നു. ജൈവ വളപ്രയോഗത്തിന്റെ കുറവുണ്ടു.

14. തെങ്ങുകൃഷിക്ക് ചെന്നീരൊലിപ്പ്, കൂമ്പുചീയൽ കൊമ്പച്ചെല്ലിയുടെയും ഉപദ്രവം എന്നിവകൊണ്ട് നാശം ഉണ്ടാകുന്നു. കവുങ്ങിന് മഹാളിയും വേരിന് പുഴുശല്യവുമുണ്ട്. വാഴയ്ക്ക് കുറുനാമ്പുരോഗവും തണ്ടുതുരപ്പൻ രോഗവുമുണ്ട്. കുരുമുളകിന് ദ്രുതവാട്ടവും നെല്ലിന് തണ്ടുതുരപ്പനും പാഴിയും ഉണ്ട്. കശുമാവിന് ഇല, പൂവ്, കരിയൽ തടിതുരപ്പൻ രോഗവുമുണ്ട്.

15. കൃഷിഭവൻ മുഖേന കർഷകർക്ക് ആധുനീക കാർഷിക രീതിയെക്കുറിതച്ചു യതായോഗ്യമായ അറിവു ലഭിക്കുന്നില്ല. കൃഷിഭവൻ മുഖേന നല്ലയിനം വിത്തും ചെടികളും കർഷകന്റെ ആവശ്യാനുസരണവും യഥാസമയത്തും ലഭിക്കുന്നില്ല.

16. കൃഷിഭവൻ മുഖേന നല്ലയിനം വിത്തും ചെടികളും കർഷകന്റെ ആവശ്യാനുസരണവും യഥാസമയത്തും ലഭിക്കുന്നില്ല.

17. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും മണ്ണൊലിപ്പ് അനുഭവപ്പെട്ടു കൃഷിനാശം സംഭവിക്കുന്നു.

18. കൃഷി പ്രായേണ നഷ്ടമായിക്കൊണ്ടിരിക്കുന്നു.

19. ജൈവ വളം മാസവളം കീടനാശിനി എന്നിവയുടെ ശാസ്ത്രീയ ഉപയോഗത്തെക്കുറിച്ച് കർഷകർ ബോധവാൻമാരല്ല.

20. കാർഷിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ സഹകരണ മേഖലയോ സർക്കാർ മേഖലയിലോ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

21. കാർഷികോപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമല്ല.

22. കുരാറ വയലിൽ കൃഷിചെയ്യാത്ത വയലിൽ കളകൾ ധാരാളം വളരുകയും ഇത് അടുത്തുള്ള നെൽപാടങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ട്.

23. ഔഷധച്ചെടി, കുൺ കൃഷി , മൾബറികൃഷി , ഓർക്കിഡ് കൃഷി എന്നിവയെ കുറിച്ച് കർഷകർക്ക് പരിജ്ഞാനമില്ല.

24. കൊക്കുണിന്റെ വിപണന സാധ്യത പഞ്ചായത്തിലില്ല.

25. നാടൻ ഇനം വാഴ നശിച്ചു കൊണ്ടിരിക്കുകയാണ്.

26. ഗുരു സന്നിധി മുതൽ ചാടാല പുഴ വരെയുള്ള മൊകേരി വയൽ പലസ്ഥലങ്ങളിലും വയൽ ഭാഗം കുഴിച്ചു തൊട്ടടുത്ത ഭാഗം നികത്തിയതു കാരണം നീർക്കെട്ട് അനുഭവപ്പെടുന്നുണ്ട്.

നിർദ്ദേശങ്ങൾ :-

1. ഈസ്റ്റ് വള്ള്യായിൽ നിന്ന് ആരംഭിക്കുന്ന പുഴ ആഴം കൂട്ടുകയും പുഴയോരത്തുള്ള കൈതപറിച്ചു പുഴയിൽ കേളോത്തും പൊയിൽ ഭാഗം മൂലയിൽ വയൽ ഭാഗം എന്നിവിടങ്ങളിൽ ബണ്ടം കെട്ടുക.
2. ഈസ്റ്റ് വള്ള്യായിലെ കൃഷി ഡിപ്പാർട്ടം മെൻറ് വകയുള്ള കിണറിൽ നിന്നും ജലസേചന സൗകര്യമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക. ഏലത്ത് തോടിൽ ക്രോസ് ബാർ നിർമ്മിക്കുക.
3. വള്ള്യായിയെ നിർമറി പ്രദേശമായി പ്രഖ്യാപിക്കുക.
4. പഞ്ചായത്ത് അതിർത്തിയിലുള്ള പുഴയിലും പഞ്ചായത്തിനകത്തുള്ള തോടുകളിലും സൈഡുകൾ കെട്ടി മണ്ണൊലിപ്പ് തടയുക. മാലിന്യങ്ങൾ തോടുകളിൽ നിക്ഷേപിക്കുന്നത് തടയാൻ നടപടി എടുക്കുക.
5. വള്ള്യായിലെ ചിറമ്മൽ ഭാഗത്ത് പുഴയിൽ ചീർപ്പും ക്രോസ്ബാറും നിർമ്മിക്കുക. പുഴ ആഴം കൂട്ടുക.
6. മൂന്നാം വാർഡിൻെറ അതിർത്തിയിലുള്ള വണ്ണാത്തിക്കുളവും തോടും 4ഉം 5ഉം വാർഡിൽ കൂടി പോകുന്ന തോടും വീതിയും ആഴവും കൂട്ടി നീർക്കെട്ട് ഇല്ലാതാക്കുക.
7. പുഞ്ചക്കമാനം തോടിന് ചീർപ്പിടുക.
8. പോരിക്കോത്ത് താഴെ ചെക്ക് ഡാം നിർമ്മിച്ചു. ജലം കൃഷിക്കുപയുക്തമാക്കുക.
9. ആറാം വാർഡിൽ പാത്തിപ്പാലം പുഴയിൽ പാത്തിപ്പാലത്തിനും, കൊങ്കച്ചിക്കുമിടയിൽ ചെക്കുഡാം നിർമ്മിച്ചു ജലം കൃഷിക്കുപയുക്തമാക്കുക. പാത്തിപ്പാലം തോടൊ ആഴം കൂട്ടി നീർക്കെട്ട് ഒഴിവാക്കുക.
10. കൊങ്കച്ചിപ്പുഴയിലുള്ള ചെക്ക് ഡാം നിലവിലുള്ളതിൽ നിന്നും ഉയർത്തി കൈനാൽ വഴിയോ, പൈപ്പ് വഴിയോ കുരാറ വയലിൽ വെള്ളമെത്തിക്കുക. രണ്ടാം വിളക്കുപകരിക്കുന്നതാണിത്.

11. കുരാറ വയലിൽ നീർക്കെട്ട് ഒഴിവാക്കാൻ വയിലിന്റെ നടുവിലൂടെ തോടു നിർമ്മിക്കുക.

12. കുരാറ വയലിൽ കുളം നിർച്ചു പമ്പുസെറ്റുനൽകാൻ നടപടി സ്വീകരിക്കുക. (സ്ഥലം സംഭാവന നൽകാൻ കർഷകർ തയ്യാറാണ്.)

13. എട്ടാം വാർഡിൽ ചാടലപ്പുഴക്ക് പടിഞ്ഞാറെ അറ്റത്ത് അണക്കെട്ട് നിർമ്മിച്ചു വയലിൽ ജലലഭ്യത ഉണ്ടാക്കുക.

14. ഒന്നാം വാർഡിൽ നിന്നും തുടങ്ങി 4ാം വാർഡിലൂടെ കടന്നു പോകുന്ന തോടിലെ നീർക്കെട്ട് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

15. കൈനാലിൽ ജലലഭ്യത ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

16. കൈനാലിന്റെ പുറമ്പോക്ക് പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.

17. 10ം വാർഡിൽ കണ്ണിപ്പൊയിൽ ഭാഗത്ത് PWDഓവിൽ ക്കൂടി വരുന്ന വെള്ളം വയലിലിറങ്ങാതെ ഗതി മാറ്റി ഒഴുക്കാനാവശ്യമായ പ്രവർത്തനം നടത്തുക. വയലിൽ ചരൾ നിറഞ്ഞു നെൽകൃഷി നശിക്കുന്നതു തടയുക.

18. കൈവശഭൂമി നിയന്ത്രണം എടുത്തുകൊണ്ട് കർഷകർക്ക് കാർഷികാവശ്യത്തിന് സബ്സിഡിയോട് കൂടി പമ്പ് സെറ്റ് നൽകുക.

19. അടുക്കള കൃഷി സമ്പ്രദായം നടപ്പിലാക്കുക. പഞ്ചായത്തിൽ പച്ചക്കറി കൃഷി സാർവത്രികമാക്കുക. ഇതിനാവശ്യമായ വിത്ത്, വളം, അന്നിവ കുറഞ്ഞ വിലയ്ക്ക് നൽകുകയും സാങ്കേതിക നിർദ്ദേശങ്ങൾ നൽകിയും സ്വയം പര്യാപ്തത കൈവരിക്കുക. പച്ചക്കറി വിപണനത്തിന് പഞ്ചായത്തിൽ സൗകര്യം ഏർപ്പെടുത്തുക.

20. ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗം മുതലായ പുരയിട കൃഷിയെ നല്ലയിനം വിത്തനൽകി പ്രോത്സാഹിപ്പിക്കാള്ള നടപടി സ്വീകരിക്കുക.

21. നാശോന്മുഖമായിരിക്കുന്ന നാടൻ വാഴ കൃഷി മെച്ചപ്പെടുത്തുവാനാവശ്യമായ നടപടി സ്വീകരിക്കുക.

22. മണ്ണുപരിശോധന , രാസവള കീടനാശിനി പ്രയോഗം, ജൈവവളം, കമ്പോസ്റ്റ് നിർമ്മാണം എന്നിവയെ ജനങ്ങളെ ബോധവൽക്കരിക്കുക.

23. പഞ്ചായത്തിന്റെ സംരക്ഷണമേലയിൽ ഒരു ട്രില്ലറും കൊയ്ത്ത് മെഷീനും സജ്ജമാക്കുക.

24. പ്രസ്തുത സംഘടകരണ സംഘം വഴി കാർഷിക വിപണന സമ്പ്രദായം ഏർപ്പെടുത്തി കാർഷികോൽപാദനത്തിന് ന്യായവില ഉറപ്പ് വരുത്തുക.

25. കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള ബാങ്ക് നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും പലിശ നിരക്ക് കുറച്ച് സബ്സിഡി ഉയർത്തി അർഹതപ്പെട്ട വായ്പ കർഷകർക്ക് നൽകുകയും വേണം.

26. വിവിധ ഡിപ്പാർട്ട്മെൻറിലൂടെ ലഭിക്കുന്ന സർക്കാർ ആനുകൂല്യങ്ങൾ അതാത് സമയത്ത് കർഷകരിൽ എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

27. വിള ഇൻഷൂറൻസ് സമ്പ്രദായം എല്ലാവിളകൾക്കും ഏർപ്പെടുത്തുക. രോഗബാധിതമായ നശിക്കുന്ന വിളകൾക്കും വൃക്ഷങ്ങൾക്കും നഷ്ടപരിഹാരവും വീണ്ടും കൃഷിക്കുള്ള സാമ്പത്തിക സഹായവും നൽകുക.

28. കൃഷി, ഗ്രാവികസനം എന്നീ ഡിപ്പാർട്ട് മെൻറിലെ ഉദ്യോഗസ്ഥന്മാർ കർഷർക്കിടയിൽ ചെന്ന് ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുക.

29. നെൽപ്പാടങ്ങൾ നികത്തുന്നത് തടയാനുള്ള നിയമം കർക്കശമാക്കുക.


30. പുഷ്പ കൃഷി, ഔഷധ സസ്യ കൃഷി, മൾബറി, കൂൺ കൃഷി എന്നിവ നടപ്പിൽ വരുത്തുവാൻ കർഷകർക്ക് നിർദ്ദേശവും സാമ്പത്തീക സഹായവും നൽകുക.

31. പ്രൈമറിതലം മുതൽ പാഠ്യപദ്ധതിയിൽ ഒരു വിഷയമായി കൃഷിയും അനുബന്ധപ്രവർത്തനങ്ങളും ഉൾപ്പെടുത്തുക.

32. കാർഷീക പ്രാധാന്യത്തെ കുറിച്ച് യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാനും നല്ല ബോധവൽക്കരണം നടത്തുക

33. പഞ്ചായത്ത് തലത്തിൽ തന്നെ നർസറി സ്ഥാപിച്ച് തൈകൾ വിതരണം ചെയ്യുക.

34. പഞ്ചായത്തിന്റെ ആവശ്യത്തിനനുസരിച്ചു മാത്രമേ നാട്ടിൽ വസ്തുക്കൾ വിതരണം ചെയ്യുക.



മൃഗസംരക്ഷണം മത്സ്യവൈന്ധനം

വളരെ മുമ്പ് തന്നെ കാർഷിക പ്രവർത്തനത്തിന്റെ അനുബന്ധമായി കന്നുകാലി വളർത്തൽ ഉണ്ടായിരുന്നു. കൃഷിയിൽ നിന്നുള്ള വൈക്കോലും മറ്റും തീറ്റയായി കൊടുക്കുകയും കർഷകർക്കാവശ്യമായ പാലും പാണകവും കന്നുകാലികളിൽ നിന്ന് ലഭിച്ചിരുന്നു. ഏകദേശം മുപ്പതു വർഷങ്ങൾക്ക് മുമ്പു വരെ കന്നുകാലികളെ കെട്ടി മേയ്ക്കുന്ന രീതി വളരെ കുറവായിരുന്നു. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും പണ്ട് മേച്ചിൽ സ്ഥലങ്ങൾ തന്നെയുണ്ടായിരുന്നു. നിലം ഉഴുവാനും വണ്ടി വലിക്കാനും കാളകളെ ഉപയോഗിച്ചിരുന്നു. ഉഴവു കാളകളും, വണ്ടി കാളകളും നാട്ടിൽ നിന്ന് ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഗുണമേൻമയേറിയ പാൽ ലഭിക്കുന്ന നാടൻ പശുക്കളാണ് അന്നുണ്ടായിരുന്നത്. പാൽ ഉല്പാദനവും വിപണന സൈകര്യങ്ങളും വണ്ട് കുറവായിരുന്നു. കന്നുകാലി രോഗത്തിന് നാടൻ ചികിൽസാരീതികളാണ് വർഷങ്ങൾക്കും മുമ്പ് ഉണ്ടായിരുന്നത്. വളരെ മുമ്പ് ആടുവളർത്തലും പ്രചാരത്തിലുണ്ടായിരുന്നു. മലബാറിനമായിരുന്നു പണ്ടത്തെ പ്രധാന വർഗ്ഗം.

മൊകേരി പഞ്ചായത്തിൽ വളരെ വികസന സാധ്യതയുള്ളതും ധാരാളം തൊഴിൽ സാധ്യതയുള്ളതുമായ ഒരു മേഖലയാണ് ക്ഷീര വികസന മേഖല. മൊത്തം 2368 കന്നുകാലികളാണുള്ളത്. ഇവയിൽ 70% ത്തോളം സങ്കരയിനങ്ങളാണ്. 1972ന് ശേഷമാണ് പശുക്കളിൽ കൃത്രിമ ബീജസങ്കലനം പഞ്ചായത്തിൽ ആരംഭിച്ചത്. ജഴ്സി, ബ്രൗൺ സ്വിസ്സ്, സിന്ധി എന്നിവയുടെ സങ്കരയിനങ്ങളാണ് ഇവിടെ ഉള്ളത്. അടുത്തകാലത്ത് ഹോസ്റ്റിൽ ഫ്രീഷിസ് എന്ന പുതിയ ഇനവും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ നാടൻ ഇനം പശുക്കൾ ഇല്ലെന്ന് തന്നെ പറയാം. പ്രതിദിന പാലുല്പാദനം ഏകദേശം 3850 ലിറ്റർ ആണ്. ഉല്പാദിപ്പിക്കുന്ന പാലിന്റെ 1250 ലിറ്റർ പഞ്ചായത്തിൽ നിലവിലുള്ള ക്ഷീര സംഘങ്ങൾ കൈകാര്യം ചെയ്തുവരുന്നു. ബാക്കി പാൽ കർഷകർ സ്വന്തം ഉപയോഗത്തിന് എടുത്തതിന് ശേഷം തൊട്ടടുത്ത കടകളിലും വീടുകളിലുമായി വിപണനം നടത്തുന്നു. ഈ പഞ്ചായത്തിൽ സഹകാര്യ വ്യക്തികളാരും തന്നെ പാൽ വിപണന രംഗത്തില്ല. ഈ പഞ്ചായത്തിൽ പാൽ

തൊട്ടടുത്ത ടൗണിൽ സംഘം വഴി വില്പന നടത്തി വരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ പാലുല്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്ന 3 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ വള്ളങ്ങാട് എന്ന സ്ഥലത്ത് ഒരു ഗോബർഗ്യാസ് പ്ലാൻറ് ഉണ്ടായിരുന്നു. ഇപ്പോൾ പ്രവർത്തന രഹിതമാണ്.

വളർത്ത് മൃഗങ്ങളുടെ രോഗ വിവരങ്ങൾ

		പശു	ആട്
1.	ദഹന സംബന്ധമായവ	169	33
2.	ശ്വാസകോശ സംബന്ധം	75	17
3.	ഉപാപചയ സംബന്ധം	54	3
4.	തൊക് രോഗങ്ങൾ	109	2
5.	ധാതു ലവണങ്ങളുടെ അഭാവം	72	17
6.	പാദരോഗങ്ങൾ	358	4
7.	പ്രത്യുൽപാദന സംബന്ധം	80	8
8.	വന്ധ്യത	9	1
9.	അകിടുവീക്കം	41	7
10.	മുടന്തൻ പനി	45	

ക്ഷീര വികസന പദ്ധതികൾ

പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടും ക്ഷീരവികസന വകുപ്പ് ഈ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ചില പ്രധാന പദ്ധതികൾ താഴെ കൊടുക്കുന്നു.

1. **വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ :** ഗവേഷണ മേഖലയിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ അറിവുകൾ ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത് .

2. **കർഷക സമ്പർക്ക പരിപാടി : –** കുറഞ്ഞത് 30 കർഷകരെ എങ്കിലും പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ചർച്ചാക്ലാസ്സ്. 200 രൂപ ഓരോ പരിപാടികളുടെയും പ്രചരണങ്ങൾക്കായി നൽകുന്നു. ഒരു വർഷത്തിൽ മൂന്ന്, നാല് പരിപാടികൾ പഞ്ചായത്തിൽ നടത്തുന്നുണ്ട്.

3. **ബ്ലോക്ക് കന്നുകാലി പ്രദർശനം :-** കർഷകർക്കും നല്ലയിനം പശുക്കളെ വളർത്തുന്നതിനും കർഷകർ തമ്മിൽ ആശയവിനിമയം നടത്തുന്നതിനും പ്രോൽസാഹനം നൽകുന്നതിന് ബ്ലോക്ക് തലത്തിൽ ഒരു വർഷത്തിൽ 1 എന്ന കണക്കിന് ബ്ലോക്ക്തല കന്നുകാലി പ്രദർശനം നടത്തുന്നു. കഴിഞ്ഞ 5 വർഷത്തിനിടയിൽ മൊകേരി പഞ്ചായത്തിൽ 1 പ്രദർശനം നടത്തിയിട്ടുണ്ട്.

4. **മാതൃകാ കാലിതൊഴുത്ത് നിർമ്മാണം :-** രണ്ട് പശുക്കളെ കെട്ടി സംരക്ഷിക്കുന്നതിനുള്ള ഒരു വൃത്തിയുള്ളതും ഉറപ്പുള്ളതുമായ ആട്ട നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്നത് . 1250 രൂപ ധനസഹായം നൽകുന്നു. പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ 12 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട് . ഇത് പ്രതിവർഷം 20 പേർക്ക് എന്ന തോതിൽ വർദ്ധിപ്പിക്കാവുന്നതാണ്

5. **മിനറൽ, മിക്ചർ, വൈറ്റമിൻ സപ്ലിമെൻറ് വിതരണം :-** കറവപശുക്കളിലും കിടാരികളിലും വേനൽകാലത്ത് ഉണ്ടാകുന്ന പോഷകകുറവ് പരിഹരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി. പകുതിവിലക്ക് ധാതു ലവണ മിശ്രിതവും ജീവകം എ സപ്ലിമെൻറ് വിതരണം ചെയ്യുന്നു. എല്ലാകർഷകർക്കും ഈ ആനുകൂല്യം ലഭ്യമാക്കണം.

6. **തീറ്റ പുൽ കൃഷി വ്യാപന പരിപാടി :** പുൽകൃഷി വികസനം ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെൻറ് നടത്തിവരുന്നു. ഉല്പാദനക്ഷമത കൂടിയ വിവിധ ഇനം ദീർഘകാല പുൽവിത്തുകൾ, ഹ്രസ്വകാല വിത്തുകൾ എന്നിവ പകുതിവിലക്കാണ് കർഷകർക്ക് നല്കുന്നത് വാണിജ്യ അടിസ്ഥാനത്തിൽ പുൽകൃഷി, തീറ്റപ്പുൽ സംസ്കരണം, തീറ്റപ്പുൽ സംഭരണം എന്നിവയ്ക്ക് എല്ലാം ആവശ്യമായ സഹായധനവും സൗകര്യവും നല്കിവരുന്നുണ്ട്.

7. **ക്ഷീരോല്പാദന യൂണിറ്റുകൾ :-** ക്ഷീരോല്പന്നങ്ങളുടെ വിപണനംപ്രോത്സാഹിപ്പിക്കുക,
ക്ഷീരമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുക, പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യം ക്ഷീരസംഘങ്ങൾക്കും മഹിളാസമാജങ്ങൾക്കും യൂണിറ്റ് തുടങ്ങുന്നതിന് 22000 രൂപ ധനസഹായം നല്കുക. പഞ്ചായത്തിൽ 3 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

കോഴിവളർത്തൽ

മുമ്പ് പഞ്ചായത്തിലെ നിർധന കുടുംബങ്ങളിലേക്ക് സ്ത്രീകളുടെയും വരുമാന മാർഗ്ഗമായിരുന്നു കോഴി വളർത്തൽ. ആ കാലങ്ങളിൽ നാടൻ കോഴികളായിരുന്നു പ്രധാന ഇനം . ഇന്നും വീട്ടു വളപ്പിൽ മുട്ട കോഴി സമ്പ്രദായം നിലനില്ക്കുന്നുണ്ട്. എന്നാൽ അടുത്ത കാലത്തായി കുറഞ്ഞു വരികയാണ്. പ്രധാന കാരണം കോഴി വസന്ത, കോഴി വസൂരി, അന്നീ രോഗങ്ങളാണ്. സെമീ ബ്രോയിലർ കോഴികളുടെ പ്രചാരത്തോടുകൂടി നാടൻ കോഴികൾ കുറഞ്ഞു വരികയാണ്. കോഴി വളർത്തൽ പരിസര ശുചീകരണം കുറക്കുന്നു. എന്ന ചിന്താഗതി പല ആളുകളെയും ഇതിൽ നിന്ന് പിൻ തിരിപ്പിക്കുന്നുണ്ട്.

പഞ്ചായത്തിലെ ഇപ്പോഴത്തെ സ്ഥിതി മൂന്ന് ഇറച്ചി കോഴി ഫാമുണ്ട്. രണ്ടെണ്ണം വല്ല്യായിലും ഒന്ന് വെള്ളങ്ങാട്ടുമാണ് ഉള്ളത്. വല്ല്യായി കോഴി വളർത്തു കേന്ദ്രത്തിൽ ഒരു ബയോഗ്യാസ് പ്ലാൻറുണ്ട്. മറ്റൊരു പ്ലാൻറ് വെള്ളങ്ങാട്ട് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാസത്തിൽ ശരാശരി 1500 ഇറച്ചി കോഴികളെ വിപണനം ചെയ്യുന്നുണ്ട്. ഈ വിപണനം പഞ്ചായത്തിലെ ഉപഭോഗത്തിന് മാത്രമല്ല അയൽ പഞ്ചായത്തുകളിലും കൂടിയാണ്. പഞ്ചായത്തിൽ ഒറ്റ കോഴി ഇറച്ചി കട മാത്രമെ ഉള്ളൂ.

മൃഗസംരക്ഷണ പ്രശ്നങ്ങൾ :

പഞ്ചായത്തിലെ മൃഗസമ്പത്ത് കുറഞ്ഞു കൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങൾ : –

1. കാലി തീറ്റയുടെ അമിതമായ വില വർദ്ധനവും തീറ്റപുല്ലിൻെറ ദൗർലഭ്യവും, വൈക്കോലിൻെറ വില വർദ്ധനവുമാണ്.
2. ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും വില്ക്കാൻ വിപണന സൗകര്യമില്ല.
3. അത്യുല്പാദന ശേഷിയുള്ള പശുക്കളെ സംരക്ഷിക്കുന്നതിലുള്ള കർഷകൻെറ അറിവില്ലായ്മ ക്ഷീര കർഷകർക്ക് നഷ്ടം വരുത്തുന്നു.
4. മൃഗസംരക്ഷണ വകുപ്പിൻെറ സേവനത്തിൻെറ അപര്യാപ്തത പഞ്ചായത്തിലെ ബീജദാനകേന്ദ്രം കാര്യക്ഷമമല്ല. ക്ഷീരവികസന മേഖലയിൽ പണിയെടുക്കുന്ന കർഷകർക്ക് ക്ഷേമ പദ്ധതികളില്ല.
5. കന്നു കാലി രോഗങ്ങളായ അകിടു വീക്കം , കുളമ്പുരോഗം, സീസണൽ ഫീവർ എന്നിവയാൽ നഷ്ടമുണ്ടാകുന്നു

6. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളുടെ ശല്യം ആട്, കോഴി, കന്നുകുട്ടികൾ എന്നിവയ്ക്ക് ഉപദ്രവമായി തീരുന്നു.

7. കോഴികളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കോഴിവസന്ത, കോഴി വസൂരി എന്നിവയാണ്.

8. ക്രമാതീതമായ കോഴിത്തീറ്റയുടെ വില വർദ്ധനവും അതിനനുസൃതമായി കോഴി ഇറച്ചിയുടെ വില വർദ്ധിക്കാത്തതും കോഴി വളർത്തൽ ലാഭകരമാകുന്നില്ല.

9. കോഴിവളർത്തൽ പശു വളർത്തൽ എന്നിവയെ സംബന്ധിച്ചുള്ള ബേങ്ക് വായ്പയും നടപടി ക്രമങ്ങൾ കർഷകരെ ഇതിലേക്ക് കടന്നു വരുന്നതിൽ നിരുത്സാഹപ്പെടുത്തുന്നു.

10. മൃഗാശുപത്രി വാടക കെട്ടിടത്തിലേക്ക് പ്രവർത്തിക്കുന്നത്, ആവശ്യമായ സൗകര്യങ്ങളില്ല.

നിർദ്ദേശങ്ങൾ :-

1. അത്യുൽപ്പാദന ശേഷിയുള്ള കിടാരികളെ ഉല്പാദിപ്പിക്കുന്നതിലും, സംരക്ഷിക്കുന്നതിലും ക്ഷീര കർഷകർക്ക് ബോധവൽക്കരണം, നൽകുക. ഇതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുക.

2. തീറ്റ പുൽ കൃഷി വ്യാപകമാക്കുകയും കൃഷിരീതിയെകുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുക. തരിശ്ശായി കിടക്കുന്ന ഭൂമിയിലും തെങ്ങിൻ തോപ്പിലും തീറ്റപുൽ കൃഷി നടത്താവുന്നതാണ്.

3. ക്ഷീരകർഷകരെ ആകർഷിക്കും വിധം ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുക.

4. കാലിതീറ്റയുടെ ഗുണ നിലവാരം ഉറപ്പു വരുത്തി വിതരണം ചെയ്യുക. ഇതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ കാലി തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

5. എല്ലാ കിടാരികളെയും നിർബന്ധമായി ഇൻഷൂർ ചെയ്യിക്കുകയും സബ്സിഡി നിരക്കിൽ തീറ്റ നൽകുകയും വേണം .

6. മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീര വികസന വകുപ്പിന്റെയും എല്ലാ പദ്ധതികളും അർഹരായ ക്ഷീര കർഷകരിൽ എത്തിക്കാനും പദ്ധതികൾ നടപ്പിലാക്കാനാവശ്യമായതുമായ പ്രവർത്തനം ചെയ്യുക .

7. ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ വിപണനം ചെയ്യാൻ ആവിശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. പാലുല്പന്ന നിർമ്മാണ യൂണിറ്റും ആരംഭിക്കാവുന്നതുമാണ്.

8. വീട്ടു വളപ്പിൽ കോഴി വളർത്തൽ സമ്പ്രദായത്തെ (Backyard System) പ്രോത്സാഹിപ്പിക്കുക

9. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിലോ, വിലകുറച്ചോ നൽകുക.

10. കോഴി വളർത്തൽ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചും പരിഹാര മാർഗ്ഗങ്ങളെ കുറിച്ചും ബോധവത്ക്കരണമാവശ്യമാണ്. മൃഗ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെജനങ്ങൾക്കിടയിൽ പെന്നുള്ള പ്രവർത്തനം ആവിശ്യമാണ്.

11. പഞ്ചായത്തിൽ ഒരു തവണ കോഴിക്കുഞ്ഞുങ്ങളെ വിതരണം പെയ്താൽ സമയ ബന്ധിത പരിപാടി അനുസരിച്ച് പ്രതിരോധ നടപടി സ്വീകരിക്കുക.

12. കാലിതീറ്റ നിർമ്മാണത്തോടപ്പം കോഴിതീറ്റ നിർമ്മാണ യൂണിറ്റും പഞ്ചായത്തിലാരംഭിക്കുക

13. മുട്ട, ഇറച്ചി എന്നിവയ്ക്ക് പഞ്ചായത്തടിസ്ഥാനത്തിൽ സംഭരണ വിപണന സൗകര്യം ഉണ്ടാക്കുക.

14. കുറഞ്ഞ പലിശ നിരക്കിൽ കന്നു കാലി വികസനം, കോഴി വളർത്തൽ എന്നിവയ്ക്ക് വായ്പ ലഭ്യമാക്കുക.

15. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

16. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിത് അതിൽ എല്ലാവിധ ആധുനീക സജ്ജീകരണങ്ങളും ഏർപ്പെടുത്തുക.


മത്സ്യബന്ധനം :

പഞ്ചായത്തിൽ മുന്ന് വുഴ മത്സ്യ സമ്പത്തുണ്ടായിരുന്നു. കൈച്ചൽ, വാള, മുഴു, കൊയല, ആരൽ, മെലിഞ്ഞിൽ, എന്നിവയായിരുന്നു പ്രധാന വുഴ മത്സ്യങ്ങൾ. വിപണനത്തിന് അല്ലാതെ ഉപഭോഗത്തിന് വേണ്ടി മാത്രമായിരുന്നു. മത്സ്യബന്ധനം നടത്തിയിരുന്നത്. വല, വൂണ്ടൽ, മത്സ്യക്കൂട് , പാരംകെട്ടൽ എന്നിവയായിരുന്നു മത്സ്യബന്ധനോപാധികൾ. ഈ മത്സ്യ സമ്പത്ത് വയലിലും, കുളങ്ങളിലും, വുഴയിലുമാണ് ഉണ്ടായിരുന്നത്. എന്നാൽ അടുത്ത കാലത്ത് വയൽ നികത്തപ്പെടുന്നതു കൊണ്ടും, മത്സ്യരോഗങ്ങൾ കൊണ്ടും ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുകയാണ്.

കടൽ മത്സ്യത്തയാണ് ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ആറ് മത്സ്യ വിപണന കേന്ദ്രങ്ങൾ ഉണ്ട്. കൂടാതെ ഇരുപത്തിയഞ്ചോളം പേർ സൈക്കിൾ, ഓട്ടോറിക്ഷ എന്നിവ ഉപയോഗിച്ചും വിപണനം പെയ്യുന്നുണ്ട്. ഈ പഞ്ചായത്തിലുള്ളവരും, മറ്റ് പഞ്ചായത്തിലുള്ളവരും ഇതിൽ ഉൾപ്പെടുന്നുണ്ട്. പഞ്ചായത്ത് വക മത്സ്യവിപണന കേന്ദ്രമില്ല. പ്രതിദിനം ഒരു ടണ്ണിൽ കൂടുതൽ മത്സ്യം വിപണനം പെയ്യുന്നുണ്ട്. പ്രതിദിന ആളോഹരി ഉപഭോഗം അറുപതു ഗ്രാം മത്സ്യമാണ്.

നിർദ്ദേശങ്ങൾ : –

1. പഞ്ചായത്തിൽ നീർക്കെട്ട് അനുഭവപ്പെടുന്ന വിവിധ പ്രദേശങ്ങളിൽ ശുദ്ധ ജല മത്സ്യകൃഷി നടത്തുക.
2. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ മത്സ്യ വിപണന കേന്ദ്രം ഏർപ്പെടുത്തുക.



ആരോഗ്യം

മൊകേരിയുടെ ആരോഗ്യ ചരിത്രവും, ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളിക്കും, അവയ്ക്കിടയിൽ കണ്ടെത്താവുന്ന ആശാനാളങ്ങളും, പ്രശ്നങ്ങളും പരിഹാര മാർഗങ്ങളുടെ വിവരങ്ങൾ കുറിക്കട്ടെ.

ഇതര ഗ്രാമങ്ങളെ അപേക്ഷിച്ച്, പഴയകാലത്ത് മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ ലഭിച്ചു വന്ന പ്രദേശമാണ് മൊകേരി.പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും മഹാവൈദ്യന്മാർ താമസിച്ചു വന്നിരുന്നു. അതി പ്രാചീന കാലം മുതൽക്കുതന്നെ മന്ത്ര, തന്ത്ര വൈദ്യ പ്രവീണൻമാരായ നമ്പൂതിരിമാർ ജീവിച്ചിരുന്നുവത്രെ. കഥയുറങ്ങുന്ന് ആ പോയ കാലഘട്ടം അനാവരണം ചെയ്യാൻ മുതിരാതെ ഈ അടുത്ത കാലഘട്ടത്തിലേക്ക് ഒന്ന് കണ്ണോടിക്കാം. മനുഷ്യരുടെ മരണസമയം പോലും മുൻകൂട്ടി പ്രവചിക്കാൻ കഴിഞ്ഞിരുന്ന മഹാ വൈദ്യൻമാർ ഇവിടെ ജീവിച്ചിരുന്നു.

ലോകം ഇന്ന് നിരവധി രോഗങ്ങളുടെ പിടിയിലാണ്.ലോകത്ത് കറുത്ത മരണം വിതച്ച് സംഹാരതാണ്ഡവമാടിയ പ്ലേഗ് ഇന്ത്യയിൽ തിരിച്ചെത്തിയിരിക്കുന്നു, ഒപ്പം കോളറയും മലമ്പനിയും. വസൂരി .തുടച്ചുമാറ്റാനായെങ്കിലും ചിക്കൻപോക്സും, മീസിൽസും (കരുവാൻ) ഇപ്പോഴുമുണ്ട്. നിലവിൽ ചികിൽസയില്ലാത്ത എയ്ഡ്സ് വൻ ഭീഷണി നിലനിൽക്കുന്നു. ലോകത്തിൽ 2 കോടിയോളം H.I.V വൈറസ് ബാധയുള്ളവരിലൂടെ നമ്മുടെ ഗ്രാമത്തിലും എയ്ഡ്സ് വന്നുകൂടെന്നില്ല. ബ്രേക്ക് ബോൺ ഫീവർ എന്നറിയപ്പെടുന്ന ഡംഗെഫീവർ (Dengue Feaver) എബോള എന്നിവയൊന്നും നമ്മുടെ ഗ്രാമത്തിൽ എത്തിയില്ലെങ്കിലും ലോകത്തിലെ എല്ലാ കോണുകളിലും മലയാളികൾ അധിവസിക്കുന്നത് കൊണ്ട് അത്തരം രോഗങ്ങൾ കടന്നു വരാനുള്ള സാധ്യതയ്ക്കെതിരായും നാം മുൻകരുതലെടുക്കണം. തിരിച്ചറിയാനാവാത്ത രോഗങ്ങൾ മനുഷ്യനെ കൊലപ്പെടുത്തുന്നതായി നിരന്തരം പത്ര വാർത്തകൾ വരുന്നതുകൊണ്ട് നമ്മുടെ ജീവിത നിലവാരമുയർത്തിയും പരിസരമലിനീകരണ മൊഴിവാക്കിയും ബോധവൽക്കരണം നടത്തിയും രോഗപ്രതിരോധ ശക്തി വർദ്ധിപ്പിക്കണം.

കാൻസർ ഹൈപ്പർടെൻസ്, ഹൃദ്രോഗം തുടങ്ങിയ മാരക രോഗങ്ങൾ ഈ പഞ്ചായത്തിൽ പിടിമുറുക്കിയിട്ടുണ്ട്. ഒട്ടു മിക്ക വൈറസ് രോഗങ്ങളും ഇവിടെ ബാധിച്ചിട്ടുണ്ടെന്ന് താഴെ കൊടുത്ത പട്ടികകൾ സൂചിപ്പിക്കുന്നു.

മരണനിരക്ക് കുറഞ്ഞു വരുന്ന കേരളത്തിൽ , രോഗികളുടെ എണ്ണം കൂടി വരുന്ന വിരോധാഭാസം ഈ പഞ്ചായത്തിനും ബാധകമാണ്. ഉയർന്ന ആരോഗ്യ മാനദണ്ഡങ്ങൾ കൈവരിച്ചിട്ടുള്ള രാജ്യങ്ങൾക്ക് തുല്യമായ നിലവാരം നമുക്കുണ്ടെങ്കിലും അതിൽ നിന്നും വ്യത്യസ്തമായി ഇവിടെ മഞ്ഞപ്പിത്തം, വയറിളക്കം, ക്ഷയ രോഗം എന്നിങ്ങനെയുള്ള ദരിദ്രരോഗങ്ങളും , പ്രമേഹം , ഹൃദ്രോഗം , രക്തസമ്മർദ്ധം തുടങ്ങിയ സമ്പന്നതയുടെ രോഗങ്ങളും കണ്ടു വരുന്നു. ഈയിടെ കേരളത്തിൽ പലയിടത്തായി പ്രത്യക്ഷപ്പെട്ടുകാണുന്ന മലമ്പനി, കോളറ, എലിപ്പനി, എൻ കഫലോറ്റിസ്സ് തുടങ്ങിയ രോഗങ്ങൾ നമ്മുടെ ആരോഗ്യ വ്യക്ഷത്തിന്റെ വേരുകൾക്ക് കേട് പറ്റിയിരിക്കുന്നു എന്ന് **നമ്മെ ബോധ്യപ്പെടുത്തുന്നു. നമ്മുക്ക് ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. ഇത്തരം അടിത്തറയിലുള്ളവിത്തുകൾ അതീവഗൗരവത്തോടെ കാണെണ്ടതുണ്ട്.**

മൊകേരി പഞ്ചാത്തിൽ ചികിത്സയിലുണ്ടായിരുന്ന സ്വയം പര്യാപ്തത അന്യമായിരിക്കുന്നു ഒപ്പം ഗ്രാമീണ ചികിത്സയിലുള്ളവിശ്വസ്യതയും. നിസ്സാര രോഗങ്ങൾക്കുപോലും ചിലപ്പോൾ ഈ പഞ്ചായത്തിലുള്ളവർ അന്യസംസ്ഥാനങ്ങളിലും ചികിത്സക്കായി പ്പോകുന്നു. ഈ പ്രവണതയാണ് സ്വകാര്യ ആതുരാലയങ്ങൾക്ക് വളമേകുന്നത്. ധർമാശുപത്രികളുടെ ഇന്നത്തെ അവസ്ഥയും ഇതിന് കാരണമാകുന്നുണ്ട്.

പകർച്ച വ്യാധികൾക്ക് പകരം ശ്വാസകോശ രോഗങ്ങളാണ് മൊകേരിയിൽ കണ്ടുവരുന്നത് ക്ഷയം, കുഷ്ഠം, മഞ്ഞപ്പിത്തം, ലൈഗികരോഗങ്ങൾ, മലേറിയ, മസ്തിഷ്കരോഗങ്ങൾ, മന്ത്, വാതജന്യ ഹൃദ്രോഗങ്ങൾ, ബ്രയിൻ ട്യൂമർ, നെഫ്രയിറ്റ്സ്, എംബോളിക്ക് സ്ട്രോക്ക്, തുടങ്ങിയവയെല്ലാം ഇവിടെ കണ്ടുവരുന്നുണ്ട്. ജലജന്യരോഗങ്ങളായ ഗാസ്ട്രോ എൻറൈറ്റീസ്, ടൈഫോയ്ഡ്, അമീബിയാസിസ് തുടങ്ങിയവയും പിടിപെട്ടിട്ടുണ്ട്. മഞ്ഞപ്പിത്തം പലർക്കും പിടിപെടാറുണ്ടെങ്കിലും അതുമൂലമുള്ള മരണം കുറവാണ്.

അർബുദരോഗങ്ങളിൽ ഗർഭാശയാർബുദം, സ്തനാർബുദം, കവിളിലെ അർബുദം, വായ്ക്കുള്ളിലെ അർബുദം ശ്വാശകോശാർബുദം തുടങ്ങിയവയും ഇതിന്റെ ഫലമായുണ്ടായ മരണങ്ങളുമുണ്ടായിട്ടുണ്ട്. തൊഴിൽജന്യ രോഗങ്ങൾ പൊതുവിൽ കുറവാണ്. മാനസിക രോഗികളുടെ എണ്ണം താരതമ്യേന വിരളമാണ്. രോഗികൾക്ക് മിക്കവർക്കും വിദഗ്ദ്ധ ചികിൽസ ലഭിക്കുന്നുണ്ട്.

മൊകേരിഗ്രാമപഞ്ചായത്ത്

വീടുകൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്ക്

ആകെ വീടുകൾ	3441
കക്കൂസുള്ള വീടുകളുടെ എണ്ണം	2154
സെപ്റ്റിക്ക് ടാങ്ക്	1537
മറ്റുള്ളവ	617
വീടുകൾ വൈദ്യുതീകരിച്ചവ	2208
വീടുകൾ വൈദ്യുതീകരിക്കാത്തവ	1233
വീടുകളിൽ താമസിക്കുന്നവരുടെ സംഖ്യ	18320
ആകെ ജനസംഖ്യ	18320

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാർ കുട്ടികളുടെ അംഗ ക്രമമനുസരിച്ച് :

A.	ഒരു കുട്ടി മാത്രമുള്ളവർ	108
B.	രണ്ട് കുട്ടികൾ	607
C.	രണ്ടിൽ കൂടുതൽ	808
	ആകെ.	1523

മരണനിരക്ക്

കേരളത്തിലെ പൊതു മരണ നിരക്കായ 5.9 ന് തുല്യമാണ് ഈ പഞ്ചായത്തിലെയും മരണനിരക്ക്.

ശിശു മരണ നിരക്ക് 16.9 ൽ നിന്നും താഴെയാണ് ഈ പഞ്ചായത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്

ശിശു മരണ നിരക്ക്

വർഷം	ആകെ ജനനം	ജനിച്ച ചാപിള്ളകൾ.
1993-94	190	2
94-95	256	1
95-96	267	1

ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 260

മാതൃമരണനിരക്ക്

പ്രസവത്തോടുകൂടിയുള്ള മരണം 1993 മുതൽ ഈ പഞ്ചായത്തിലുണ്ടായിട്ടില്ല. ജനനനിരക്ക് കേരളത്തിലെ ശരാശരിയേക്കാൾ താഴെയാണ്. അനുബന്ധമായി പട്ടിക ചേർക്കുന്നു.

ജനന നിരക്ക്

വർഷം	ആകെ ജനനം	ജനന നിരക്ക്
93-94	190	10.3
94-95	256	14
95-96	257	14.6

ലഭ്യമായ കണക്കുകൾ വെച്ച് 1 വയസ്സിൽ താഴെയുള്ളവരുടെ എണ്ണം 260 ആണ്

1 വയസ്സു മുതൽ 5 വയസ്സുവരെ 1290

6 മുതൽ 12 വരെ

6 വയസ്സ് കഴിഞ്ഞ വൃദ്ധന്മാർ

അംഗവൈകല്യമുള്ളവർ

A	ബധിരൻ	14
B	അന്ധർ	26
C	മൂകർ	9
D	ബധിര മൂകർ	31
E	ചലന വൈകല്യമുള്ളവർ	49
	ആകെ	129

മന്ദബുദ്ധികൾ

വയസ്സ്	ആകെ നിലവിലുള്ളവരുടെ സംഖ്യ.
A 0-5 വയസ്സുവരെ	ഇല്ല.
B 6-10 വരെ	4
C 11-15 വരെ	7
D 15ന് മേൽ	6
ആകെ	17

ഈ പഞ്ചായത്തിലെ വൈകല്യനിരക്ക് മേൽ പറഞ്ഞ കണക്കു പ്രകാരം 1000 ന് 7 എന്ന് കണ്ടെത്തണം. മന്ദബുദ്ധികളെ കൂടി ഉൾപ്പെടുത്തിയാൽ വൈകല്യമുള്ളവർ ആകെ 146 ആയി തീരുന്നു. അതോടെ വൈകല്യ നിരക്കിന്റെ അനുപാതം 100 ന് 8 ആയി ഉയരുന്നു.

ഈ പഞ്ചായത്തിലെ PHC യിൽ ചികിൽസിച്ചവരുടെ കണക്കുകൾ പട്ടികപ്പെടുത്തുന്നു.

സ്ഥായിയായ രോഗ ബാധിതർ

A.	രക്തസമ്മർദ്ദം	132
B	പ്രമേഹം	24
C	കുഷ്ഠം	3
D	ക്ഷയം	2
	ആകെ	161

ഔട്ട് പേഷ്യൻറ് വിഭാഗം

വർഷം	ത്വക്ക്രോഗം	വാതരോഗം	പകർച്ചവ്യാധി	മറ്റുള്ളവ	ആകെ
1992-93	92	6	2341	2861	5590
1993-94	71	4	1592	2213	3880
1994-95	99	79	803	5136	6117
1995-96	161	30	1138	4574	5903

ജലജന്യരോഗങ്ങൾ/വായുജന്യരോഗങ്ങൾ /പ്രാണിജന്യ രോഗങ്ങൾ

വർഷം	ജലജന്യരോഗങ്ങൾ	വായുജന്യരോഗങ്ങൾ	പ്രാണിജന്യരോഗങ്ങൾ
1993-94	414	1244	9
1994-95	244	426	17
1995-96	227	1110	20

ഹോമിയോ ആശുപത്രിയിലെ കണക്ക്

കൂടുതൽ രോഗികൾ എത്തിപ്പെട്ടിട്ടുള്ളത് ഹോമിയോ ആശുപത്രിയിലാണ്. അവ ചുവടെ പട്ടികപ്പെടുത്തുന്നു.

1992-93	21549 രോഗികൾ
1993-94	23160 രോഗികൾ
1994-95	18179 രോഗികൾ
1995-96	16032 രോഗികൾ

ഇവിടെ ഇതേ കാലയളവിൽ വിവിധ രോഗങ്ങൾക്ക് വേണ്ടി ചികിൽസാർത്ഥം എത്തിയവരുടെ കണക്ക് ചുവടെ ചേർക്കുന്നു.

തക്ക് രോഗം ബാധിച്ചവർ	17141
വാദരോഗം എല്ലാവിഭാഗവും	22431
പകർച്ച വ്യാധിപിടിപെട്ടവർ	24597
വിഷ ചികിൽസയ്ക്ക് എത്തിയവർ	250
മറ്റുള്ളവ ആകെ	14501
ആകെ	78920

ഇപ്പോൾ ഈ ആശുപത്രിയിൽ പ്രതിദിനം ശരാശരി 300 ഓളം രോഗികൾ ചികിൽസക്കായി എത്തുന്നുണ്ട്. ഇവരിൽ മഹാഭൂരിപക്ഷവും സ്ത്രീകളാണെന്നുള്ളത് ഒരു പ്രത്യേകതയാണ്.

ഗ്രാമപഞ്ചായത്ത് വിക്സനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിക്സനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിക്സനരേഖ മൊകേരി ഗ്രാമ പഞ്ചായത്ത് വിക്സനരേഖ മൊകേരിഗ്രാമ പഞ്ചായത്ത

ഹോമിയോ ആശുപത്രിയിലെത്തിയ രോഗങ്ങൾ ഇനം തിരിച്ച്

ജലജന്യരോഗങ്ങൾ	8953
വായുജന്യരോഗങ്ങൾ	29465
പ്രാണിജന്യരോഗങ്ങൾ	5861
മറ്റുള്ളവ	34641
ആകെ	78920

മഴക്കാലത്ത് പനിയും (വൈറൽ ഫീവർ)വേനൽക്കാലത്തും മഴക്കാലം ആരംഭത്തിലും വയറിളക്കവും, ഛർദ്ദിയും കണ്ടുവരാറുണ്ട്.

മദ്യപാനം വഴിയുണ്ടാകുന്ന രോഗങ്ങളും, പുകയില, വെറ്റില മുറുക്ക് എന്നിവയിലൂടെ ഉണ്ടാകുന്ന രോഗങ്ങളും മൊകേരിയിലുമുണ്ടെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.

കുട്ടികളുടെ പോഷകാഹാരം വിതരണം ചെയ്യപ്പെടുന്നുവെങ്കിലും തൃപ്തികരമാണെന്ന് പറയുവാൻ വയ്യ.

ചില വിദ്യാലയങ്ങളിൽ ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്നുണ്ടെങ്കിലും മറ്റു പലയിടത്തും അത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

നിലവിലുള്ള പരിപാടികൾ

കുടുംബാസൂത്രണം, രോഗപ്രതിരോധ പ്രവർത്തനം, മാതൃശിശു സംരക്ഷണ കേന്ദ്ര പ്രവർത്തനം, പ്രയുക്ത പോഷകാഹാര പരിപാടി, കുഷ്ഠരോഗ നിയന്ത്രണം. എയ്ഡ്സ് ബോധവൽക്കരണം, പകർച്ച വ്യാധി നിയന്ത്രണപ്രവർത്തനങ്ങൾ തുടങ്ങിവ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. ഇവിടെ ചികിൽസാ രംഗത്ത് രണ്ട് സ്ഥാപനങ്ങളാണ്ഉള്ളത്.

1. പി. എച്ച്. സി. മൊകേരി. 2. മൊകേരി ഹോമിയോ ഡിസ്പെൻസറി.

ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമ പഞ്ചായത്ത് വിജ്ഞാനരേഖ മൊകേരിഗ്രാമ പഞ്ചായത്ത്

ആരോഗ്യസ്ഥാപനങ്ങൾ.

1. പി.എച്ച്.സി. മൊകേരിക ആലോപ്പതി ചികിൽസ നടത്തുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമുണ്ട്. ഡോക്ടർ അടക്കം 12 പേർ ജോലിചെയ്യുന്നു. 27-1-90 നാണ് ഈ സ്ഥാപനം നിലവിൽ വന്നത്. ജനങ്ങളുടെ നിസ്സീമമായ സഹകരണവും പ്രവർത്തനവും ആശുപത്രി വികസനത്തിന് തുണയായിട്ടുണ്ട്. സ്ഥലവും കെട്ടിടവും നാട്ടുകാരുടെ കൂട്ടായ്മയിലൂടെ നേടിയതാണ്.

നിലവിലുള്ള ഉദ്യോഗസ്ഥർ

ഡോക്ടർ	1
ക്ലാർക്ക്	1
പ്യൂൺ	1
പാർട്ട് ടൈം	1
നേഴ്സിങ്ങ് അസിസ്റ്റൻറ്	1
ഫാർമസിസ്റ്റ്	1
ജൂനിയൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2	1
ജൂനിയൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	1
ജൂനിയർ പി. എച്ച് നേഴ്സ്	3

ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടേണ്ടതും, ഒരു കിണർ കുഴിക്കേണ്ടതും അത്യാവശ്യമാണ്. ഇപ്പോൾ അയൽവീടുകളിൽ നിന്നാണ് ആശുപത്രിക്കാവശ്യമായ ജലം എത്തിക്കുന്നത്. ആശുപത്രിയിൽ സ്ഥാപിച്ച കുഴൽ കിണർ ഉപയോഗശൂന്യമാണ്.

ഗവൺമെൻറ് ഹോമിയോഡിപാൻസറി:

ഈ സ്ഥാപനത്തിന് കെട്ടിടം സ്വന്തമായുണ്ട് .കണ്ണൂർ ജില്ലയിൽ ഏറ്റവും വൃത്തിയും, സൗകര്യവുമുള്ള കെട്ടിടമാണിത്. ആളുപത്രിക്കം ആവശ്യമായ സൗകര്യം ബഹുജന പിന്തുണയോടെയാണ് ലഭിച്ചുവന്നത്. ഇതിന് പുറമെ നഹറു റോസ്ഗാർ യോജന വഴി ലഭിച്ച പണവും ഇതിന് ലഭിച്ചിരുന്നു. ആശുപത്രിക്ക് ചുറ്റുമതിലില്ല. രോഗികളിൽ ഭൂരിപക്ഷവും സ്ത്രീകളായത് കൊണ്ട് ഒരു ലേഡീ ഡോക്ടർ കൂടി ആശുപത്രിയിൽ അത്യാവശ്യമാണ്.

നിലവിലുള്ള ഉദ്യോഗസ്ഥർ:

മെഡിക്കൽ ഓഫീസർ	1
ഫാർമസിസ്റ്റ്	1
പ്യൂൺ	1
പാർട്ട് ടൈം സ്വീപ്പർ	1
ആവശ്യമുള്ള തസ്തിക	
ക്ലറിക്കൽ അറ്റൻഡർ	1
വനിത മെഡിക്കൽ ഓഫീസർ	1

പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ ചില വാർഡുകളിൽ പ്രാഥമിക ചികിൽസക്ക് വേണ്ടി 3 കിലോമീറ്ററോളം സഞ്ചരിക്കേണ്ടി വരുന്നു.
2. കിടത്തി ചികിൽസയ്ക്ക് വേണ്ടി തലശ്ശേരി ആശുപത്രിയിലേക്കോ കൂത്തുപറമ്പ് ആശുപത്രിയിലേക്കോ പോകേണ്ടിവരുന്നു.
3. കുട്ടികളിൽ വ്യാപകമായി ബാലക്ഷയം കണ്ടുവരുന്നു.
4. ആശുപത്രികളിൽ ഉച്ചയ്ക്ക് ശേഷം ഒ. പി നിലവിലില്ലാത്തത് രോഗികൾക്കും 4. അസൗകര്യമുണ്ടാക്കുന്നു.
5. മരുന്നും ഉപകരണങ്ങളും വേണ്ടത്ര ഇല്ലാത്തത് ബുദ്ധിമുട്ടുണ്ടാക്കുന്നു.
6. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രിയില്ലീത്തത് ചില രോഗചികിൽസയ്ക്ക് പ്രശ്നങ്ങളുണ്ടാക്കുന്നു.
7. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ കുറവ്, പ്രതിരോധപ്രവർത്തനങ്ങളിലും , ആരോഗ്യബോധവൽക്കരണ കാര്യങ്ങളിലും മാന്ദ്യമുണ്ടാക്കുന്നു.
8. 30 ശതമാനം വീടുകളിൽ കക്കൂസില്ലാത്തത് ജലജന്യരോഗങ്ങൾ ചിലതരം പകർച്ച വ്യാധികൾ തുടങ്ങിയവ ഉണ്ടാവാൻ കാരണമാവുന്നു.
9. നവോദയാ സ്ക്കൂളിൽനിന്ന് മലിനജലവും മലമൂത്രാവശിഷ്ടങ്ങളും പുഴയിൽ ത്തിപ്പെടുന്നത്, പുഴ വെള്ളമുപയോഗിക്കുന്നവർക്ക് രോഗങ്ങൾ ഉണ്ടാക്കുന്നു.
10. പോഷണക്കുറവ് കാരണമുണ്ടാകുന്നവരൾച്ച മുരടിപ്പും , അദ്ധ്വനശേഷിയുടെ കുറവും ഇവിടെ കണ്ടുവരുന്നു.
11. മിക്ക അംഗന വാടികളിലും മൂത്രപ്പുരയും കക്കൂസും ഇല്ല.
12. തൊഴിൽ സ്ഥാപനങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ പഞ്ചായത്തിൽ ചിലയിടങ്ങളിൽ ജനജീവിതത്തിന് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

13. പാത്തിപ്പാലം പുഴയിലും, തോട്ടിലും, വള്ളങ്ങട് തോട്ടിലും മറ്റിടങ്ങളിൽ നിന്ന്

ാലിന്യങ്ങൾ, അറവ് മാംസത്തിന്റെ അവശിഷ്ടങ്ങൾ എന്നിവ വാഹനങ്ങളിലും മറ്റും കൊണ്ട് വന്ന് രാത്രികാലങ്ങളിൽ നിക്ഷേപിക്കുന്നത് ജലമലിനീകരണവും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

സാധ്യതകൾ പരിഹാരങ്ങൾ:

1. മൊകേരി പി. എച്ച്.സി യെ ചുരുങ്ങിയത് 25 പേരെയെങ്കിലും കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ള ഒരു ആശുപത്രിയായി വികസിപ്പിക്കുക.
2. ഹോമിയോ ആശുപത്രിക്ക് 25 ലേറെ കിടക്കയും, കട്ടിലും സംഭാവന ചെയ്യാമെന്ന വാഗ്ദത്തം കൂടി പരിഗണിച്ച് ഹോമിയോ ഡിസ്പാൻസറിയെ കിടത്തി ചികിൽസിക്കുന്ന ഒരു ആശുപത്രിയായി ഉയർത്തുക.
3. ജില്ലയിലെ ഏറ്റവും നല്ല ഹോമിയോ ഡിസ്പെൻസറി ഇതായത് കൊണ്ടും രോഗികളുടെ ബാഹുല്യം കണക്കിലെടുത്തും ഈ സ്ഥാപനത്തെ താലൂക്കാശുപത്രിയുടെ പദവിയിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കുക
4. എല്ലാ അംഗനവാടികളിലും മൂത്രപ്പുരയും കക്കൂസും അടിയന്തിരമായി സ്ഥാപിക്കുക.
5. 8 ആം വാർഡിൽ ഫാമിലി വെൽവെൽഫേർ സെൻറർ സ്ഥാപിക്കാനാവശ്യമായ സ്ഥലം സൗജന്യമായി സംഭാവന ചെയ്യാൻ ഉദാരമതിയായ ഒരു വ്യക്തി മുന്നോട്ട് വരുന്നത് ഉപയോഗപ്പെടുത്തി ഒരു ഫേമിലി വെൽഫേർ സെൻറർ സ്ഥാപിക്കണം.
6. കക്കൂസുകൾ നിർമ്മിക്കുവാൻ പാവപ്പെട്ടവർക്ക് ഗ്രാൻറ് നല്കുക.
7. ആരോഗ്യ ക്ലാസുകളുലൂടെ പൊതുജനത്തെ ബോധവൽക്കരിക്കുക.
8. ആവശ്യമുള്ളിടങ്ങളിൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
9. കുടുംബക്ഷേമ കേന്ദ്രങ്ങളിൽ പ്രാഥമിക ചികിൽസാസൗകര്യങ്ങൾ ഏർപ്പെടുത്തുക. ആഴ്ചയിൽ 3 ദിവസം ഡോക്ടർമാർ കുടുംബക്ഷേമ കേന്ദ്രങ്ങൾ സന്ദർശിച്ച് ചികിൽസ നിശ്ചയിക്കുക.
10. രോഗം വന്ന് ചികിൽസിക്കുന്നതിലും ഭേദം രോഗം വരാതിരിക്കുന്നതിനുള്ള കരുതലെടുക്കലാണ് പ്രധാനമെന്ന തത്വം പ്രചാരണം ചെയ്യുക.
11. പുകവലി, വെറ്റിലമുറുക്ക്, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയ്ക്കെതിരെ ശക്തമായ പ്രചരണം സംഘടിപ്പിക്കുക.
12. കൊതുക് ലാർവ്വകളെ നശിപ്പിക്കാൻ കെട്ടിനിൽക്കുന്ന വെള്ളത്തിൽ മണ്ണെണ്ണയോ, ക്രൂഡോയിൽ തുടങ്ങിയവ ഒഴിക്കുക.
13. ഫാമിലി ഹെൽത്ത് സെൻറർ വഴി നടത്തുന്ന ഹെൽത്ത് ഇൻസ്പെക്ടർ, മിഡ്വൈഫ്

തുടങ്ങിയവരുടെ ഗൃഹസന്ദർശനം കാര്യക്ഷമമാക്കുക.

14. റോഡുകളിലും, പരിസരങ്ങളിലും മാലിന്യങ്ങൾ കൂട്ടിയിടുന്നത് ഒഴിവാക്കുക. നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടി എടുക്കുക.

15. വള്ളങ്ങാട് ലെയ്ത്തിന് മുൻവശമുള്ള വൈറ്റ് കാർട്ടേസിൽ .മാലിന്യങ്ങൾ കൂട്ടിയിടുന്നത് പരിസരത്തുള്ളവർക്ക് പലവിധ ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നതായി പരാതിയുണ്ട്. അതിന് പരിഹാരം ഉണ്ടാക്കുക.

16. പാത്തിപ്പാലം പുഴയിലും, അടുത്ത തോട്ടിലും, വള്ളങ്ങാട് തോട്ടിലും രാത്രികാലങ്ങളിൽ മറ്റിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ലോറികളിൽ കൊണ്ടു വന്ന് നിക്ഷേപിക്കുന്നതും, പരിസരവാസികൾ ചപ്പു ചവറുകൾ നിക്ഷേപിക്കുന്നതും തടയുക.


17. വിദ്യാലയങ്ങൾ, അംഗനവാടികൾ, മഹിളാസംഘങ്ങൾ എന്നിവ വഴിയായി അത്യാവശ്യം വേണ്ടുന്ന പോഷകാഹാരങ്ങൾ വിതരണം ചെയ്യുക.

18. നാരുകളുള്ള ഭക്ഷണം കഴിക്കുവാൻ പ്രേരിപ്പിക്കുക, പുകയിലയുടെ ഉപയോഗം പൂർണ്ണമായും, തടയുക കൊഴുപ്പ് അധികമുള്ള ഇറച്ചി വർജ്ജിക്കുക എന്നിവയിലൂടെ ക്യാൻസർ രോഗത്തെ പ്രതിരോധിക്കുക.

19. ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ സന്നദ്ധ സംഘടനകളുടെ സഹായം ഉറപ്പു വരുത്തുക.

20. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സിന്റെയും , ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും, സേവനം പ്രൈമറി ഹെൽത്ത് സെന്ററിന് ആവശ്യമാണ്. അവരെയും മൊത്തം സൂപ്പർ വിഷനുവേണ്ടി ഒരു സ്ഥിരം സീനിയർ ഹെൽത്ത് ഇൻസ്പക്ടറെയും ആശുപത്രിയിൽ നിയമിച്ചാൽ ആശുപത്രിയുടെ പ്രവർത്തനം മച്ചപ്പെടുത്താം.

21. കൂരാറ, മാക്കൂൽ പീടിക, തങ്ങൾ പീടിക , മുത്താറിപ്പീടിക , പാത്തിപ്പാലം തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യങ്ങൾ ഒരു സ്ഥലത്ത് കൂട്ടിയിട്ട് കത്തിച്ചോ കമ്പോസ്റ്റാക്കിയോ നശിപ്പിക്കാൻ നടപടിയെടുക്കണം.



കുടിവെള്ളം പൊതുജനാരോഗ്യം-പരിസരശുചിത്വം

നമ്മുടെ കേരളത്തിൽ എവിടെ നോക്കിയാലും ജലം, നീരുറവകൾ, തോടുകൾ, അരുവികൾ ,നദികൾ, തടാകങ്ങൾ, കായലുകൾ. ആരെയും ആകർഷിക്കുന്ന അഭൗമ സൗന്ദര്യം.

നമുക്ക് നല്ല മഴ കിട്ടുന്നു ആ2000 മി.മീ മുതൽ 4524 മി.മീറ്റർഇവരെ ശരാശരി 3 മീറ്ററിലധികം മഴ. എന്നിട്ടും കുടിവെള്ളക്ഷാമം പിന്നെ കഠിനമായ വരൾച്ചയും . മൊകേരി പഞ്ചായത്തിലെ സ്ഥിതിയും ഭിന്നമല്ല. ഈ പ്രശ്നം ഗൗരവ പൂർവ്വം ചിന്തിക്കേണ്ടതാണ്.

ജലനിരപ്പ് വർഷം തോറും കുറഞ്ഞു വരുന്നു. വെള്ളം കിട്ടാൻ കിണറ്റിന്റെ ആഴം കൂട്ടിക്കൊണ്ടിരിക്കുകയു ചെയ്യുന്നു. ഇത് അനുസ്യൂതം തുടർന്നാൽ വരും തലമുറയ്ക്ക് ജലം കിട്ടാത്ത അവസ്ഥ വരും. ഈ സ്ഥിതിയെ പരിഹരിക്കാൻ ജലസംരക്ഷണമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ജല സംരക്ഷണ മാർഗ്ഗങ്ങളിലൂടെ വരൾച്ചയും, വെള്ളപ്പൊക്കവും തടയാവുന്നതാണ്.

മെകേരിയിൽ 1,2,5,7 എന്നീ വാർഡുകളിൽ വെള്ളപ്പൊക്കമുണ്ടാകുന്നു. ഇത് ഏതാനും ദിവസം ജനജീവിതത്തെ സാരമായി ബാധിക്കാറുണ്ട്. മൊകേരിയിൽ കുടിവെള്ളം ലഭിക്കുന്നത് കിണറിൽ നിന്നാണ്. പുഴവെള്ളം കുടി വെള്ളമായി സ്വീകരിക്കുന്നവർ വിരളമാണ്. പൈപ്പ് വഴി പാത്തിപ്പുഴയിൽനിന്ന് ശേഖരിക്കുന്ന വെള്ളം ചില പ്രദേശങ്ങളിൽ ഉപയോഗിച്ചുവരുന്നു. ഇത് വേണ്ടവിധത്തിൽ ശുദ്ധീകരിക്കപ്പെടുന്നില്ല.

ആകെ ജനസംഖ്യ	18320
ആകെ കിണറുകൾ	2473
എല്ലായ്പ്പോഴും ജലം കിട്ടുന്നവ	1800
വേനൽക്കാലത്ത് വറ്റുന്നവ(2മാസം)	420
വേനൽക്കാലത്ത് വറ്റുന്നവ(4മാസം)	253.

മൊകേരിയിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ

വാർഡ്	സ്ഥലം
1ാം വാർഡ്	ഈസ്റ്റ് വള്ള്യായി കുന്നിൻ പ്രദേശം.
2ാം വാർഡ്	കണ്ടോത്തും ചാൽ പ്രദേശം, ലക്ഷം വീടകോളനി.
5ാം വാർഡ്	എകെ. ജി വായനശാല പരിസരം

8ാം വാർഡ്	കൂരാറ കുന്ന് പ്രദേശം
6ാം വാർഡ്	കച്ച് വെച്ച പറമ്പ് പരിസരം
7ാം വാർഡ്	കൊട്ടയോടൻമൊട്ടപരിസരം
6!7!8 വാർഡുകൾ	ചേർത്തസുരേന്ദ്രാ റോഡ് പരിസരം
3ാം വാർഡുകൾ	വള്ളങ്ങാട് പരിസരം.

പഞ്ചായത്തിൽ 2 കുഴൽ കിണറുണ്ട്

1. കുടുംബ ക്ഷേമ കേന്ദ്രം .9ാം വാർഡ
2. വള്ള്യായി PHC പരിസരം വാർഡ്.

പൊതു കിണർക മൊകേരിയിൽ പത്ത് എണ്ണമുണ്ട്.

സ്ഥലം		വാർഡ്
1.	ശ്രീനാരായണ സ്ക്കൂളിന് സമീപം	2
2.	ആറങ്ങാട്ട് പീടിക	2
3.	കണ്ടോത്തും ചാൽ	2
4.	കല്ലു കൊത്തു പറമ്പ് പരിസരം1,2 വാർഡുകളുടെ അതിർത്തിയിൽ	
5.	മാക്കൂൽ പീടിക ബസാർ	3ാം
6.	കടേപ്രം തെരു	5ാം
7.	മൊകേരി ഈസ്റ്റ് യൂ.പി.സ്ക്കൂൾ	7ാം
8.	ഗവകഹോമിയോ ആസ്പത്രിക്ക് സമീപം	7ാം
9.	ജി.എൽ.പി പരിസരം	8ാം
10.	ലക്ഷം വീട് കോളനി പരിസരം	9ാം

ഈ കിണറുകൾ എല്ലാ കാലത്തും വെള്ളം കിട്ടുന്നവയാണ്. ചില കിണറുകൾ ജനങ്ങൾ മുൻകൈ എടുത്ത് വൃത്തിയാക്കാറുണ്ട്.

ഈ പഞ്ചായത്തിൽ സംരക്ഷിക്കപ്പെടേണ്ട ചില ഉറവകൾ ഉണ്ട്. ആകുടിനീരിനുപയോഗിക്കുന്ന ഉറവകൾ ഇല്ല.ഇ1ാം വാർഡിൽ ഈസ്റ്റ് വള്ള്യായിലും , വള്ള്യായി കുന്നിൻ നെറുകയിലും , 2ാം വാർഡിൽ എലിപ്പല്ലിക്കുളം, കരിമ്പാറക്കുണ്ട് എന്നിവയാണ് സംരക്ഷിക്കപ്പെടേണ്ട ഉറവകൾ,

പ്രാവർത്തികമാക്കാവുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ

1. തൽസ്ഥലജല പരിപാലനം ക ഓരോ ആളും അവന്റെ മണ്ണിൽ വീഴുന്ന ജലം ഒരു തുള്ളിപോലും വെളിയിൽ വിടാതിരിക്കുക. ആ നീർകെട്ട് പ്രദേശങ്ങൾ ഒഴികെ ഇ
2. മരം വെച്ച് പിടിപ്പിക്കുകക ഇപ്രകാരം മരങ്ങൾ വെച്ച് പിടിപ്പിക്കുമ്പോൾ അവയുടെ വേര് മണ്ണൊലിപ്പിനെ തടയുന്നു. ജലാംശം സ്പോഞ്ചുപോലെ പിടിച്ചു നിർത്തുന്നു. ഇങ്ങിനെ ശേഖരിക്കപ്പടുന്ന ജലം വേനൽക്കാലത്ത് പുഴകളിൽ ഉറവകളായി എത്തുന്നു.

3. പറമ്പുകളിൽ ചകിരിക്കുഴികൾ, ചെറിയ കുഴികൾ എന്നിവ ഉണ്ടാക്കുക.
4. ഏക മുഖകൃഷിക്ക് പകരം ബഹുമുഖ കൃഷിനടത്തുക .
5. ബഹുതല കൃഷിനടത്തുക.
6. ഭൂമിക്ക് പുതയുടുക-ആമണ്ണുകൊണ്ടും, ജൈവവസ്തുക്കൾ കൊണ്ടും
7. ചപ്പു ചവറുകൾ കത്തിച്ചു കളയുന്ന സമ്പ്രദായം നിർത്തുക.
8. കർക്കിടകക്കൊത്ത് തുലാക്കൊത്ത് എന്നിവ കൃത്യമായി നടത്തുക.
9. വരമ്പുകൾ ബലപ്പെടുത്താൻ അതിൻമേൽ രാമച്ചം നട്ടു പിടിപ്പിക്കുക. കുന്നിൻ പ്രദേശങ്ങൾ തട്ടുകളാക്കി തിരിക്കുക.
10. കണിക ജലസേചനം നടത്തുക.
11. ജൈവവളം ധാരാളമായി ഉപയോഗിക്കുക. രാസവളത്തിന്റെ തോത് കുറക്കുക.
12. വീട്ടിന്റെ മുറ്റം സിമൻറിടുന്ന സമ്പ്രദായം നിർത്തലാക്കുക.
13. മൊട്ടക്കുന്നുകളിൽ വലിയ കുഴികളുണ്ടാക്കി ജലം സംരക്ഷിക്കുക.
14. നവമ്പർ മാസം മുതൽ തടയണകൾ ആചെക്ക്ഡാംഇ നിർമ്മിക്കുക.
15. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുക.
16. വയലുകൾ നികത്തുന്നത് തടയുക.
17. പുഴയുടെ ആഴവും വീതിയും കൂട്ടി വശങ്ങൾ ബലപ്പെടുത്തുക.

പ്രശ്നങ്ങൾ

1 1!2!3!5!6!7!8!9 എന്നീ വാർഡുകളിലെ ചില പ്രദേശങ്ങളിൽ ഗുരുതരമായ കുടിവെള്ള ക്ഷാമമുണ്ട്.

2. ഈസ്റ്റ് വള്ള്യയിൽ മഴക്കാലത്ത് പോലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സ്ഥലമുണ്ട്.
3. കുടിവെള്ളത്തിനായി ഒരു കിലോമീറ്റർ സഞ്ചരിക്കേണ്ടി വരുന്നു.
4. സാമ്പത്തിക പരാധീനത ചിലർക്ക് കിണർ കുഴിക്കാൻ തടസ്സമാവുന്നു.

സാധ്യതകൾ പരിഹാരങ്ങൾ

- മരപ്പാലം മുതൽ മഞ്ചക്കുണ്ട് വരെ പുഴ അരിക് കെട്ടി ആഴം കൂട്ടുക.
- മരപ്പാലം മുതൽ പെരിക്കോത്തെ താഴെ വരെ സർവ്വേ നടത്തി പുഴയിൽ - ആവശ്യമായ സ്ഥലങ്ങളിൽ താല്ക്കാലികവും, സ്ഥിരവുംആയ ചെക്കു ഡാമുകൾ സ്ഥാപിക്കുക.
- പുഴയിൽ പെരിക്കോത്തെ താഴെ ചെക്കു ഡാം നിർമ്മിക്കുക.
- കിണർ കുഴിക്കാൻ സാമ്പത്തിക പരാധീനതയുള്ളവർക്ക് സഹായംനൽകുക.
- കുഴൽ കിണർ കുഴിക്കാതിരിക്കുക.
- നിലവിലുള്ള പൊതു കിണറുകൾ അറ്റകുറ്റപ്പണികൾ ചെയ്യുക.
- കൂരാറ കുന്നുമ്മൽ ടാങ്ക് കെട്ടിയോ, വലിയ കിണർ കുഴുച്ചോ ചാടാലപ്പുഴയിൽ നിന്ന് ജലം ശേഖരിച്ച് വിതരണം ചെയ്യുക.
- കടേപ്രം തെരു സുരേന്ദ്രാ റോഡിലേക്ക് പൈപ്പ് ലൈൻ വഴി ശുദ്ധ ജല വിതരണം നടത്തുക.
- മഞ്ചക്കുണ്ടിൽ പാറ ഉയർന്നു നിൽക്കുന്ന സ്ഥലം താഴ്ത്തി ഒരു വെൻഡ് ക്രോസ് ബാർ നിർമിക്കുക.

പരിസര ശുചിത്വം

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള ജനതയ്ക്കു മാത്രമേ ഒരു രാഷ്ട്രം നിർമ്മിക്കാൻ കഴിയുകയുള്ളൂ. പരിസര ശുചിത്വമില്ലായ്മയാണ് അനാരോഗ്യത്തിന് കാരണം.

വ്യക്തി ജീവിതത്തിലും, വീട്ടിനകത്തും നാം നല്ല ശുചിത്വ ബോധം കാണിക്കുന്നു. പക്ഷെ, വീടിനു പുറത്തും, പരിസരത്തും ഒട്ടും ശുചിത്വബോധം കാണിക്കുന്നില്ല. ശരീരശുദ്ധി, വാക്ശുദ്ധി, കർമ്മശുദ്ധി, മന:ശുദ്ധി, ആഹാര ശുദ്ധി എന്നിവ നിർബന്ധ പൂർവ്വം പരിപാലിക്കാൻ ആചാര്യന്മാർ പണ്ടു മുതൽക്കേ ആവശ്യപ്പെട്ടിരുന്നു. പരിസര ശുചിത്വമെന്നാൽ മാനസീകവും, ശാരീരികവും, സാമൂഹികവുമായ ഭൂസ്ഥിതിക്ക് തടസ്സമായി ഭവിക്കുന്ന ഘടകങ്ങളെ ദൂരീകരിക്കലാണ്.

ശുചിത്വ പാലനത്തിന് ശ്രദ്ധിക്കേണ്ടത് : –

1. സാനിറ്ററി ലാട്രിൻ ഉപയോഗിക്കുക.
2. അഴുക്കുവെള്ളം നശിപ്പിക്കുകയോ ശുദ്ധീകരിച്ച് പുനരുപയോഗപ്പെടുത്തുകയോ ചെയ്യുക.
3. ഖര രൂപത്തിലുള്ള അഴുക്കുകൾ കത്തിച്ചു കളയുകയോ, കമ്പോസ്റ്റ് വളമാക്കുകയോ ചെയ്യുക.
4. ഖര മാലിന്യങ്ങളായ പ്ലാസ്റ്റിക്ക്, റബർ, തകരം, കുപ്പികൾ, കടലാസുകൾ, തുകൽ എന്നിവ വീട്ടു പരിസരങ്ങളിൽ ഉപേക്ഷിക്കാതിരിക്കുക. പ്രകൃതി നിർമ്മാണത്തിന് വേണ്ടി ശേഖരിക്കുന്നവർക്ക് കൈമാറുകയോ വിൽക്കുകയോ ചെയ്യുക.
5. പ്ലാസ്റ്റിക്ക് സഞ്ചികളുടെ ഉപയോഗം കുറക്കുക. പ്രകൃതി പണ, തുണി, പ്രകൃതി ജന്യമായ നാരുകളും വസ്തുക്കളും കൊണ്ടുള്ള സഞ്ചികളും, കൊട്ടകളും ഉപയോഗിക്കുക.
6. പുകയില്ലാത്ത നല്ലയിനം അടുപ്പുകൾ ഉപയോഗിക്കുക.
7. കക്കൂസ് ടാങ്കും, കിണറും തമ്മിലുള്ള ദൂരം 15 മീറ്ററിൽ കുറയാതിരിക്കുക.
8. വീടു പരിസരങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നത് ഇല്ലാതാക്കുക.
9. അഴുകുന്നതും ചീയുന്നതുമായ വസ്തുക്കൾ വീട്ടു പരിസരത്തോ, പൊതു സ്ഥലങ്ങളിലൊ ഇടാതിരിക്കുക.
10. കക്കൂസ് കുഴിയുടെ ആഴം 6 അടിയിൽ നിന്ന് കൂടരുത്.
11. ഓടകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കുക.
12. വീട്ടു പരിസരങ്ങളിൽ വേപ്പ്, കുറ്റാളം, നെല്ലി പുളി, തുളസി, എന്നീ ഔഷധ സസ്യങ്ങൾ വെച്ചു പിടിപ്പിക്കുക. നിലവിലുള്ളവ നശിപ്പിക്കാതിരിക്കുക.

ഗ്രാമപഞ്ചായത്ത് വികസനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വികസനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വികസനരേഖ മൊകേരി ഗ്രാമ പഞ്ചായത്ത് വികസനരേഖ മൊകേരി ഗ്രാമ പഞ്ചായത്ത

പരിസരശുചിത്വവുമായി ബന്ധപ്പെട്ട രോഗങ്ങൾ :

രോഗ വിഭാഗം	പിടിപെടുന്ന രോഗങ്ങൾ
1. വയറിളക്കരോഗങ്ങൾ	വയറിളക്കം, ഛർദി, അതിസാരം, കോളറ, മഞ്ഞപ്പിത്തം etc
2. രിര രോഗങ്ങൾ	കൊക്കപ്പുഴു, നാടവിര, ഉരുളൻ വിര, വാട്ട വിര ക്രീമി etc.
3. തൊക്ക്, നേത്രരോഗങ്ങൾ	പൊറി, മാങ്കസ്സ് രോഗങ്ങൾ
4. കൊതുക്, ഈച്ച വഴി പകരുന്നവ.	മലേറിയ, മന്ത്, ഡംഗേഹീവർ സ്ലീപ്പിങ്ങ് സിക്ക്നസ്സ് (Sleeping sickness)

ജലജന്യരോഗങ്ങൾ :

1. ഏതെങ്കിലും ജീവിയിലൂടെ പകരുന്നവ	ഛർദ്ധി, അതിസാരം, മലബന്ധം
2. രാസപദാർത്ഥങ്ങളിലൂടെ പകരുന്നവ	കോളറ, ടൈഫോയ്ഡ്,വയറിളക്കം, ഗ്യാസ്ട്രോ.etc

ഇത്തരം അസുഖം കഴിഞ്ഞ 5 വർഷത്തെ പട്ടികയനുസരിച്ച് ഒട്ടും കുറക്കാൻ കഴിഞ്ഞില്ല. എന്നത് കൊണ്ട് ആരോഗ്യം മരുന്ന്, പികിൽസ, ആസ്പത്രി എന്ന രീതി മാറ്റി ആരോഗ്യം ആഹാരം+ പരിസര ശുചിത്വം, രോഗ പ്രതിരോധ കാര്യങ്ങൾ എന്ന നിലയിലേക്ക് ഉയരണം.

പ്രശ്നങ്ങൾ : –

1. അടുക്കളയിൽ നിന്നുണ്ടാകുന്ന പുക പലതരം ശ്വാസകോശ രോഗങ്ങൾ ഉണ്ടാകും.
2. അടുത്തടുത്തായി കിടക്കുന്ന കക്കൂസ് ടാങ്കുകളും കിണറുകളും പലതരം ജല ജന്യരോഗങ്ങൾ ഉണ്ടാകുന്നു.
3. പുഴയിൽ പല്ലു പോരുകളും, മാലിന്യങ്ങളും നിക്ഷേപിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു
4. വലിയ കക്കൂസ് ടാങ്കിൽ നിന്നുള്ള വിസർജ്യ മാലിന്യങ്ങൾ പുഴയിൽ എത്തുന്നത് പകർച്ച വ്യാധികളെ സൃഷ്ടിക്കുന്നു.
5. പെരുകിട വ്യവസായ ശാലകളിൽ നിന്നും ഉണ്ടാകുന്ന മാലിന്യങ്ങൾ പരിസര ശുചിത്വമില്ലാതാക്കുന്നു.
6. കവലകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രത്യേക സൗകര്യമുണ്ടാക്കുക.
7. പാടം നികത്തി പറമ്പാക്കുമ്പോൾ ഉണ്ടാകുന്ന നീർക്കെട്ട് മാലിന്യങ്ങൾ ഒഴുകിപ്പോകുന്നതിന് തടസ്സമായിത്തീരുന്നു.

ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമ പഞ്ചായത്ത് വിജ്ഞാനരേഖ മൊകേരിഗ്രാമ പഞ്ചായത്ത്

8. ഓടകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും പുല്ലും കൂട്ടിയിടുന്നതു കൊണ്ട് നീരൊഴുക്കിന് തടസ്സമാകുന്നു.

9. കക്കൂസ് ടാങ്കും, കിണറും തമ്മിലുള്ള അകലം കുറയുന്നതും, കക്കൂസ് ടാങ്കിന്റെ ആഴം 6 അടിയിൽ കൂടുന്നതും പലവിധ രോഗങ്ങൾക്ക് കാരണമാകുന്നു.

സാധ്യതകൾ :-

1. ഗുണ നിലവാരമുള്ള പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കുക.

2. പുതിയ വീടുകളിൽ കക്കൂസ് ടാങ്കും, കിണറുകളിൽ 15 മീറ്റർ അകലത്തിൽ സ്ഥാപിക്കുക.

3. പുഴയിലും, തോട്ടിലും മാലിന്യനിക്ഷേപങ്ങൾ തടയുകയും, അത്തരം മാലിന്യങ്ങൾ കമ്പോസ്റ്റ് പിറ്റിൽ നിക്ഷേപിച്ച് ജൈവ വളമാക്കിത്തീർക്കുക.

4. കക്കൂസ് ടാങ്കുകളിലെ മാലിന്യങ്ങൾ പുഴയിൽ എത്താതിരിക്കാൻ ശ്രദ്ധിക്കുക.

5. കടകമ്പോളങ്ങളിലുള്ള മാലിന്യങ്ങൾ അതാതിടങ്ങളിൽ കത്തിച്ചു കളയുകയോ, കമ്പോസ്റ്റാക്കുകയോ ചെയ്യുക.


6. ആയുധങ്ങൾ നികത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

7. ശുദ്ധീകരിക്കാത്ത ജലം പൈപ്പുകൾ വഴി വിതരണം ചെയ്യാതിരിക്കുക.

8. വിദ്യാർത്ഥികൾക്കും, പൊതു ജനങ്ങൾക്കും, ആശുപത്രി ജീവനക്കാർക്കും ശുചിത്വത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

9. വരുമാനം കുറഞ്ഞ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം അനുവദിക്കുക.





പാർപ്പിടം സാമൂഹ്യക്ഷേമം

നാലുകെട്ടും നടുമുറ്റവും - പഴയകാല പ്രതാപശാലികളുടെ സ്വപ്നമായിരുന്നെങ്കിൽ ഇന്ന് കോൺക്രീറ്റ് വീടുകൾ എല്ലാവരുടെയും മോഹങ്ങളായി മാറിയിരിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിൽ ഒരു നാല് കെട്ട് മാത്രമേ ഉണ്ടായിരുന്നുള്ളൂ. വള്ള്യായിലെ തായത്തറോത്ത് നാലുകെട്ട്. ഇവിടെ പുതുതായി നിർമ്മിച്ചു കൊണ്ടിരിക്കുന്നവയിൽ 80% ഓളം വീടുകൾ കോൺക്രീറ്റ് മേൽക്കൂരയോടെയാണ് നിർമ്മിക്കുന്നത്.

ഏതാണ്ട് 40 വർഷം മുൻപ് വരെ പുല്ലുമേഞ്ഞ പുരയും ഓലപ്പുരയും ഒറ്റയും തെറ്റയുമായി ഓടിട്ട വീടുകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഓലപ്പുരയുടെ ചുമരുകൾ ഏറിയപങ്കും മൺകട്ട കൊണ്ട് നിർമ്മിച്ചവയായിരുന്നു. ഓലപ്പുര ഓരോ വർഷവും മേഞ്ഞുകൊണ്ടിരിക്കും. ആ കാലഘട്ടത്തിൽ പുരകെട്ട് കുട്ടികൾക്ക് ആഹ്ലാദ ദിനമായിരുന്നു. കഞ്ഞിയും പുഴുക്കും അയൽപക്കക്കാർക്ക് നൽകുമായിരുന്നു. തലേന്നാൾ ഓല അഴിച്ചിടുന്നതും കരിയോല മുട്ടി അടുക്കി വെയ്ക്കുന്നതും അയൽക്കാരുടെ സഹായത്തോടെയായിരുന്നു. അന്ന് പുരകെട്ടുമ്പോഴും പുതിയ വീടുകൾ നിർമ്മിക്കുമ്പോഴും ഒരു കൂട്ടായ്മ ഉണ്ടായിരുന്നു. ഓല വീടുകൾ സാമൂഹ്യമാറ്റത്തോടെ ഓടിട്ട വീടുകളായി മാറുകയും 1980 കാലഘട്ടത്തോടെ കോൺക്രീറ്റ് വീടുകൾ വ്യാപകമാവുകയും ചെയ്തു. മരത്തിന്റെ അമിതവിലയും ദുർലഭ്യവും ആളുകളെ ഓടിടുന്ന സമ്പ്രദായത്തിൽ നിന്നും കോൺക്രീറ്റുകളിലേക്ക് നയിച്ചു. വീതി കൂടിയ മുറികൾ, പുരയിടത്തിന്റെ കിടപ്പനുസരിച്ച് ആധുനീക മാതൃകയിൽ നിർമ്മിക്കാൻ കഴിയുമെന്നതിനാൽ പുതിയ രീതിയിലേക്ക് മാറാനിടയായി.എന്നാൽ ഇടത്തട്ടുകാരും കോൺട്രാക്ടർമാരും ചേർന്ന് വീട് നിർമ്മിക്കുന്നവരെ ചൂഷണം ചെയ്യുന്ന ഘട്ടം വരെയെത്തി. കോൺക്രീറ്റ് കാടുകൾ തടയപ്പെടേണ്ടതും ചെലവു കുറഞ്ഞ രീതികൾ അവലംബിക്കുന്നതിനെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും വേണം. ചെലവു കുറഞ്ഞ വീടുകൾ ലാറി ബേക്കറിയിലൂടെ വ്യാപിക്കുകയുണ്ടായി. അതിന്റെ ചുവടുപിടിച്ച് ഇന്ന് കേരളത്തിൽ പല

ജില്ലകളിലും നിർമ്മിതി കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി.

ഈ പഞ്ചായത്തിൽ ആകെ 3293 വീടുകൾ ഉണ്ട്. അവയിൽ ഓല മേഞ്ഞത് 352 ഉം ഓടിട്ടവ 2220 ഉം കോൺക്രീറ്റ് വീടുകൾ 721 എണ്ണവുമാണ്. പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1.

വീടു നിർമ്മാണ സാമഗ്രികളായി ചെങ്കല്ല് മിക്കവാറും എല്ലാവാർഡുകളിലും കൊത്തിയെടുക്കുവാൻ കിട്ടുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കെ അറ്റമായ വള്ള്യായിയിൽ കരിങ്കല്ലും ലഭ്യമാണ്. മരഷാപ്പുകളും മില്ലുകളും ഇവിടെയുണ്ട്. എന്നാലും ഇവിടെ വീടു നിർമ്മിക്കാൻ ഉളിക്കൽ, ഇരിട്ടി ഭാഗങ്ങളിൽ നിന്നുമാണ് ചെങ്കല്ല് ഇറക്കുമതി ചെയ്യുന്നത്. ആവശ്യം വർദ്ധിച്ചതോടെ ചെങ്കല്ലുകളുടെ അളവുകൾ നന്നേ കുറഞ്ഞു വരികയാണ്. യന്ത്രനിർമ്മിത കല്ലുകളും ഇപ്പോൾ ലഭിക്കുന്നുണ്ട്. പൂഴി ഇവിടെ ലഭ്യമല്ല. മമ്പറം, മോന്താൽ ഭാഗങ്ങളിൽ നിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്നു.

പൊതുവേ ഇടത്തരം വരുമാനക്കാർ കൂടിയ പഞ്ചായത്തായതിനാൽ വീടുകളിൽ ഭൂരിഭാഗവും 600 ചതുരശ്രയടിക്കും 1000 ചതുരശ്രയടിക്കും ഇടയിൽ തറ വിസ്തീർണ്ണം ഉള്ളവയാണ്. കോൺക്രീറ്റ് മേസ്തിരിമാർ അധികമില്ല. വിദഗ്ദരുടെ സേവനത്തോടെ നിർമ്മിക്കുന്ന വീടുകളും കുറവാണ്. കെട്ടിട നിർമ്മാണച്ചട്ടം ഇവിടെ നിലവിലില്ല. ഭവനവായ്പകൾ നൽകുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. സർക്കാർ വക ഭവന വായ്പ കഴിഞ്ഞ നാലു വർഷങ്ങളിൽ വിതരണം ചെയ്തത് പട്ടികയിൽ ചുവടെ ചേർക്കുന്നു.

പട്ടിക 2

ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ഭവന വായ്പ പഞ്ചായത്തിലൂടെ വിതരണം ചെയ്യണം എന്ന അഭിപ്രായം മിക്ക ഗ്രാമസഭകളിലും ചർച്ച ചെയ്തിട്ടുണ്ട്. സർക്കാർ നൽകുന്ന വായ്പകൾ നിർമ്മാണചെലവുമായി പൊരുത്തപ്പെടാത്തതിനാൽ പലരും വായ്പകൾ ഉപയോഗപ്പെടുത്തുന്നില്ല.

ഈ പഞ്ചായത്തിലെ മാക്കൂൽപീടിക ലക്ഷം വീട് കോളനിയിൽ 24 വീടുകളുണ്ട്. ആവശ്യത്തിന് കക്കൂസുകൾ ഇവിടെ ഇല്ല. ലക്ഷം വീട് നവീകരിക്കുകയും ലക്ഷം വീട് മാതൃകയിൽ എല്ലാ വാർഡിലും വീടുകൾ സ്ഥാപിക്കണമെന്ന് 9-ാം വാർഡിലെ ഗ്രാമസഭ ചർച്ച ചെയ്തിട്ടുണ്ട്. വീടുകൾ നിർമ്മിക്കാൻ പുരയിടമില്ലാത്ത ധാരാളം കുടുംബങ്ങൾ ഇവിടെയുണ്ട്. ദീർഘകാല പദ്ധതിയിലൂടെയും ഉപഭോക്താവിന്റെ സാമ്പത്തികസഹായത്തോടെയും കോളനി മാതൃകയിൽ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിച്ചു കൊടുക്കുവാനുള്ള സാദ്ധ്യതകളെപ്പറ്റി ചർച്ച ചെയ്തിട്ടുണ്ട്.

നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘങ്ങൾ രൂപീകരിക്കണം.
2. വിദഗ്ദ്ധ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കണം.
3. നിർമ്മാണസാമഗ്രികൾ വിലകുറച്ച് ലഭ്യമാക്കുകയും വിലകൾ ഏകീകരിക്കുകയും വേണം.
4. സർക്കാർ ഭവന നിർമ്മാണ വായ്പത്തുകകൾ വർദ്ധിപ്പിക്കുകയും ഉദാരമാക്കുകയും ഗ്രാമപഞ്ചായത്തിലൂടെ വിതരണം ചെയ്യുകയും വേണം.
5. ദുർബല വിഭാഗങ്ങൾക്ക് പതിച്ചു നൽകുവാൻ നടപടി സ്വീകരിക്കണം.
6. നിർമ്മിതി കേന്ദ്രത്തിലൂടെ ചെലവു കുറഞ്ഞ രീതിയും വിദഗ്ദ്ധ തൊഴിലാളികളെയും നൽകുക.
7. ഇടത്തരക്കാർക്ക് ഹൗസിങ്ങ് കോളനികൾ സ്ഥാപിക്കുക.

ഭവനനിർമ്മാണം

വീടുകളിലെ ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ച പട്ടിക-1

വർഷം	ഓല മേഞ്ഞത്	ഓടിട്ടവ	കോൺക്രീറ്റ് മേൽക്കൂര	ആകെ
95-96	352	2220	721	3293.

സർക്കാറിന്റെ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക.

വർഷം	അനുവദിച്ചവരുടെ എണ്ണം	സബ്സിഡി	അനുവദിച്ച തുക
92-93	1	9300	24600
93-94	1	9300	24600
94-95	Nil	-	-
95-96	2	21100	-

സാമൂഹ്യക്ഷേമം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉയർത്തിക്കൊണ്ടു വരുന്നതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഈ രംഗത്തുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കുള്ള സഹായങ്ങളും വിവിധ തരം പെൻഷനുകളും സർക്കാർ വിതരണം ചെയ്യുന്നുണ്ട്. മിക്ക പദ്ധതികളെയും കുറിച്ച് ജനങ്ങൾക്ക് അറിവില്ല. അർഹതയുള്ളവർക്ക്

ഗ്രാമപഞ്ചായത്ത് വിക്കിസഹായം ഗ്രാമപഞ്ചായത്ത് വിക്കിസഹായം ഗ്രാമപഞ്ചായത്ത് വിക്കിസഹായം ഗ്രാമപഞ്ചായത്ത് വിക്കിസഹായം

കിട്ടായ്ക, സമയത്തിന് സഹായങ്ങൾ കിട്ടായ്ക എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. IRDPപദ്ധതിയുൾപ്പെടുത്തി സർക്കാർ പഞ്ചായത്തിലേക്ക് അനുവദിക്കുന്ന തുകയുടെ 50% മാത്രമേ ജനങ്ങൾക്ക് ഉപയുക്തമാകുന്നുള്ളൂ. ദാരിദ്ര്യരേഖയുടെ പരിധി ഉയർത്താത്തതിനാൽ കൂടുതൽ പേർക്ക് പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

പട്ടിക. 1

IRDP സർവ്വെ സഹായ ലഭ്യതാ കണക്ക് ചുവടെ ചേർക്കുന്നു.

DWCRA പദ്ധതിയിൽ ഒരു ജില്ലി നിർമ്മാണ യൂണിറ്റ് മാത്രമേ ഇവിടെയുള്ളൂ. ട്രൈസം പദ്ധതി വിജയകരമല്ല. പരിശീലനം കിട്ടിയവരാരും തൊഴിൽ രംഗത്തേക്ക് വന്നിട്ടില്ല. ടൂൾകിറ്റ് പദ്ധതി (RAP) പ്രകാരം 15 പേർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അർഹരായ നിരവധി പേർക്ക് പെൻഷൻ ലഭിക്കാത്ത അവസ്ഥ ഇന്നുണ്ട്.

അങ്കൺവാടികൾ

ശിശു വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളാണ് അങ്കൺവാടികൾ. ഇവിടെ 10 അങ്കൺവാടികളാണുള്ളത്. 1000 പേർക്ക് ഒരു അങ്കൺവാടി എന്ന നിലയിൽ ഇനിയും ഏഴ് അങ്കൺവാടികൾ കൂടി പഞ്ചായത്തിൽ ആവശ്യമുണ്ട്. ഇംഗ്ലീഷ് മീഡിയം നഴ്സറികളുടെ കടന്നു കയറ്റം കുട്ടികളുടെ എണ്ണം കുറയാൻ ഇടയാകുന്നു. സൗകര്യം കുറഞ്ഞതും അനാകർഷകങ്ങളുമായ കെട്ടിടങ്ങൾ ഒരു പ്രധാന പ്രശ്നമാണ്. കളിപ്പാട്ടങ്ങളുടെ അപര്യാപ്തത, കക്കൂസ്, ശുദ്ധജലസൗകര്യക്കുറവ് പോഷകാഹാരത്തിന്റെ ഗുണക്കുറവ് എന്നിവയും പ്രധാനപ്പെട്ട പോരായ്മകളാണ്. ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്.

നല്ല നിലയിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളും ഇവിടെയുണ്ട്

പൊതുവിതരണം:

പഞ്ചായത്തിൽ 8 പൊതുവിതരണകേന്ദ്രങ്ങളാണുള്ളത്. അവശ്യവസ്തുക്കൾ മുഴുവൻ വിതരണം ചെയ്യാനുള്ള മാവേലി സ്റ്റോർ പോലുള്ള സംവിധാനമില്ല. കുന്നോത്ത് മുക്ക് നിവാസികൾ പൊതുവിതരണകേന്ദ്രത്തിലെത്താൻ വളരെ ദൂരം സഞ്ചരിക്കേണ്ട അവസ്ഥ ഇന്നുണ്ട്. വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പലപ്പോഴും പ്രശ്നം സൃഷ്ടിക്കാറുണ്ട്.

നിർദ്ദേശങ്ങൾ:

1. IRDP സ്കീമിൽ ഉൾപ്പെടുത്താനുള്ള വരുമാന പരിധി ഉയർത്തുക.
2. IRDPസ്കീമിൽ വിട്ടു പോയവരെ ഉൾപ്പെടുത്താൻ പഞ്ചായത്തിൽ

ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിജ്ഞാനരേഖ മൊകേരി ഗ്രാമ പഞ്ചായത്ത് വിജ്ഞാനരേഖ മൊകേരിഗ്രാമ പഞ്ചായത്ത


സംവിധാനമുണ്ടാകും.

3. വിവിധ ക്ഷേമ പദ്ധതികളെ കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുക.
4. അർഹരായ പെൻഷൻകാരെ സന്നദ്ധപ്രവർത്തന സർവ്വെയിലൂടെ കണ്ടെത്തുക.
5. അങ്കൺവാടി കെട്ടിടം നിർമ്മിക്കുകയും അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുക.
6. സ്ഥലം ലഭ്യമാക്കി പുതിയ അങ്കൺവാടികൾ ആരംഭിക്കുക.
7. പോഷകാഹാരത്തിനനുസരിച്ച് തുക വർദ്ധിപ്പിച്ച് ഗുണം മെച്ചമാക്കേണ്ടതാണ്.
8. കക്കൂസ്, കിണർ, കളിപ്പാട്ടങ്ങൾ എന്നിവ ലഭ്യമാക്കണം.
9. ജീവനക്കാരുടെ വേതനം ഉയർത്തണം.
10. പൊതുവിതരണ കേന്ദ്രത്തിൽ ഗുണനിലവാരമുള്ള വസ്തുക്കളാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തണം
11. എല്ലാ ആവശ്യവസ്തുക്കളും ആവശ്യമായ അളവിൽ എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലൂടെയും വിതരണം ചെയ്യണം.
12. പുതിയ പൊതുവിതരണ കേന്ദ്രം സ്ഥാപിക്കണം. (കുന്നോത്തു മുക്ക്)
13 അർഹരായ എല്ലാവർക്കും പെൻഷൻ വിതരണം ചെയ്യുക.

IRDP സർവ്വെ സഹായലഭ്യതാ കണക്ക്

പട്ടിക 1

വർഷം	കുടുംബങ്ങളുടെ എണ്ണം	സബ്സിഡി	വായ്പാത്തുക
91-92	17	31989	67703
92-93	14	31659	47741
93-94	27	64015	1,08,685
94-95	27	1,04,608	2,97,344
95-96	22	71803	2,70,709





സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഏറെ പിന്നിലായ പ്രദേശമായിരുന്നു മൊകേരി. ഇരുപതാം നൂറ്റാണ്ടിന്റെ ശൈശവ ദശയിൽ മാത്രമാണ്. മൊകേരി പഞ്ചായത്തിൽ, വിദ്യാഭ്യാസ പ്രവർത്തനത്തിന് തുടക്കമായത്. ശ്രീ. അണ്ണേരി കുഞ്ഞിരാമൻ ഗുരിക്കൾ ഗുരുകുല രീതിയിൽ മൊകേരിയിലെ വള്ളങ്ങാട്ട് എന്ന പ്രദേശത്ത് ഒരു നാട്ടെഴുത്ത് ശാല സ്ഥാപിച്ചു. പിന്നീട് ആ സ്ഥാനം മാക്കൂൽ പീടികയിലേക്ക് മാറ്റി. ആ സ്ഥാപനം ഇപ്പോൾ ഗുരുദേവ വിലാസം എൽ.പി. സ്ക്കൂൾ എന്ന പേരിൽ അറിയപ്പടുന്നു. ശ്രീ. എൻ. കുഞ്ഞിക്കണ്ണൻ ഗുരിക്കൾ സ്ക്കൂൾ ഏറ്റെടുക്കുകയും അദ്ദേഹത്തിന്റെ കഠിനവും ത്യാഗപൂർണ്ണവുമായ പ്രവർത്തനം പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് നൂതന അദ്ധ്യായം വെട്ടിത്തുറന്നു. മൊകേരിയിലെ ഇന്നത്തെ 3,4,5,9,6, എന്നീ വാർഡുകലിലേയും മൊകേരി പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന പാനൂർ, കുന്നോത്ത് പറമ്പ്, എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങളിലേയും ജനങ്ങളെ പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിൽ മേൽ സ്ഥാപനം വളരെയധികം സഹായിച്ചു.

ഈ കാലത്തുതന്നെ മൊകേരിയിലെ വള്ള്യായി, കൂരാറ, മൊകേരി, കഴുങ്ങും വള്ളി എന്നീ പ്രദേശങ്ങളിലും പളളിക്കൂടങ്ങൾ സ്ഥാപിതമായി. ശ്രീമാന്മാർ കിനാത്തി അനന്തൻ ഗുരിക്കൾ, കുണ്ടൻ ചാലിൽ ചാത്തു ഗുരിക്കൾ, തിരുവോത്ത് അനന്തൻ ഗുരിക്കൾ, തിരുവോത്ത് കുഞ്ഞിക്കണ്ണൻ വൈദ്യർ, കുഞ്ഞിക്കുട്ടി ഗുരിക്കൾ മണ്ടോടി പൊനോൻ ഗോവിന്ദൻ ഗുരിക്കൾ, ആച്ചിലാട്ട് കുന്നുമ്മൽ കുട്ടിക്കണ്ണൻ ഗുരിക്കൾ, തണ്ട്യാൻ കണ്ടി പൈതൽ ഗുരിക്കൾ, എന്നിവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാതൃകാപരവും ശ്ലാഘനീയവും എക്കാലവും സ്മരണീയവുമാണ്.

ഇപ്പോൾ ഇവിടെ 8 എൽ.പി. സ്കൂളുകളും, 4 യു.പി. സ്കൂളുകളും, ഒരു ഹൈസ്ക്കൂളും ഉണ്ട്. ഹൈസ്ക്കൂൾ സ്ഥാപിതമായിട്ട് ഒന്നര വർഷം മാത്രമേ ആയിട്ടുള്ളൂ. ഇതിൽ ഒരു എൽ. പി. സ്കൂളും ഒരു യു.പി. സ്കൂളും സർക്കാർ മേഖലയിലുള്ളതാണ്. കൂടാതെ തങ്ങൾ പീടിക എന്ന സ്ഥലത്ത് ഒരു അൺ എയിഡഡ് അറബിക് കോളേജും കഴിഞ്ഞ വർഷം അംഗീകാര മില്ലാത്ത രണ്ട് അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂളുകളും ആരംഭിച്ചിട്ടുണ്ട്.

പട്ടിക 1,2
സ്വാതന്ത്ര്യത്തിന് മുമ്പ് സ്ഥാപിതമായ 12 എൽ.പി. സ്ക്കൂളുകളിൽ 4 എണ്ണം സ്വാതന്ത്ര്യത്തിനുശേഷം യു. പി. സ്ക്കൂളായി ഉയർത്തി.

സ്വാതന്ത്ര്യത്തിന് മുമ്പ് മൊകേരിയിലെ ജനങ്ങളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയവർ നാമമാത്രമായിരുന്നു. തലശ്ശേരി , കതിരൂർ, കൂത്തുപറമ്പ്, മാഹി എന്നീ സ്ഥലങ്ങളെയാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി അക്കാലത്ത് ആശ്രയിച്ചിരുന്നത്. പിൽക്കാലത്ത് 1954 ൽ പാനൂരിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമായതോടെയാണ് കൂടുതൽ ആളുകൾക്ക് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞത്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഇപ്പോൾ മൊകേരിയിലെ രാജീവ് ഗാന്ധി മെമ്മോറിയൽ ഹൈസ്ക്കൂളിനു പുറമെ പാനൂർ പഞ്ചായത്തിലെ പി.എച്ച്. എസ്സ്. എസ്സ്, കെ.കെ. വി, എം. പി, എച്ച് എസ്സ് പാട്യം പഞ്ചായത്തിലെ ഗവ എച്ച്. എസ്സ്, പാട്യം, പന്തക്കൽ ഗവ ഹൈസ്കൂൾ, ചുണ്ടങ്ങാപ്പൊയിൽ ഹയർ സെക്കണ്ടറി സ്ക്കൂൾ കതിരൂർ എച്ച്. എസ്സ് എന്നിവയെ ആശ്രയിക്കുന്നു.

സമ്പന്നരുടേയും ഉദ്യോഗസ്ഥന്മാരുടേയും കുട്ടികൾ തലശ്ശേരിയിലെ സേക്രഡ് ഹൈസ്ക്കൂൾ, മമ്പറം ഹൈസ്ക്കൂൾ മുബാറക് ഹൈസ്ക്കൂൾ, സെൻറ് ജോസഫ് ഹൈസ്ക്കൂൾ, കൂത്തുപറമ്പിലെ റാണി ജെയ് ഹൈസ്കൂൾ,

തിരുവങ്ങാട്ഗവ ഗേൾസ് ഹൈസ്കൂൾ എന്നിവിടങ്ങളിലും പഠിക്കുന്നുണ്ട്. മൊകേരിയിലെ ഭൂരിഭാഗം കുട്ടികളും എസ്സ്. എസ്സ്.എൽ. സി. പരീക്ഷക്കിരിക്കുന്ന പാനൂരിലെ ഹൈസ്കൂളിലെ വിജയശതമാനം പ്രതീക്ഷക്കൊത്ത് ഉയർന്നതല്ല എന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്.

തങ്ങൾ പീടികക്ക് മുൻവശത്തായി സ്ഥിതിചെയ്യുന്ന ജാമീയ അ- സഹ്റ അറബിക് കോളേജ് മാതൃകാ പരമായി പ്രവത്തിക്കുന്ന ഒരു സ്ഥാപനമാണ്. പണ്ഡിത വര്യനായ ഈ സ്ഥാപനത്തിന്റെ പ്രിൻസിപ്പാൾ സയ്യിദ് ശിഹാബുദ്ധീൻ പൂക്കോയ തങ്ങളുടെയും യശഃശരീരനായ എസ്സ്. എം. പൂക്കോയ തങ്ങളുടേയും കൂട്ടായ പരിശ്രമ ഫലമായാണ് കോളേജ് സമുച്ചയം ഉയർന്നു വന്നത്. പണ്ഡിത വര്യനായ പ്രിൻസിപ്പാൾ രചിച്ച ഗ്രന്ഥമാണ് അൽമദാരിജ് ഫിഖ്ഹ്. ഇവിടുത്തെ അറബിക്ക് ലൈബ്രറി ബൃഹത്തും എല്ലാവർക്കും ഉപയോഗപ്രദവും ഗവേഷണ വിദ്യാർത്ഥികൾക്ക് വളരെ സഹായകവുമാണ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി അറബി, ഇംഗ്ലീഷ്, മലയാളം എന്നിവയിൽ ടൈപ്പ് റൈറ്റിംഗം പരിശീലനവും, ഇലക്ട്രോണിക്ക് ടൈപ്പ് റൈറ്റിങ്ങ്, കമ്പ്യൂട്ടർ, തുടങ്ങിയ കോഴ്സുകളും ഇവിടെ നടത്തപ്പെടുന്നു. ഇത് ഒരു റസിഡൻഷ്യൻ കോളേജ് കൂടിയാണ്.

മൊകേരിയിലെ വിദ്യാലയങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു ഇതിനു കാരണം ജനസംഖ്യയിലെ കുറവും, പാനൂരിലും മറ്റു സമീപ പട്ടണങ്ങളിലും അൺ എയിഡഡ് , അൺറക്കഗ്നൈസ്ഡ് വിദ്യാലയങ്ങളും മറ്റു മതസ്ഥാപനങ്ങൾ നടത്തുന്ന വിദ്യാലയങ്ങളും, ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളും പഞ്ചായത്തിലെ സ്കൂളിലെ നിലവാരത്തകർച്ചയുമാണ്. ആകെയുള്ള 8 എൽ. പി. സ്ക്കൂളുകളിൽ 7 ഉം അനാദായകരമായ ഗണത്തിൽ പെട്ടവയാണ്. പ്രൈമറി ക്ലാസുകളിൽ ആൺകുട്ടികൾക്ക് ഭൂരിപക്ഷ മുണ്ടെങ്കിലും ഹൈസ്ക്കൂളിൽ പെൺകുട്ടികളാണ് കൂടുതൽ.

പൊതു ഗ്രാമ പഞ്ചായത്തും
വിദ്യാലയങ്ങളും

അദ്ധ്യാപക ജീവനക്കാരിൽ അധികവും പുരുഷന്മാരാണ്. അദ്ധ്യാപകർക്ക് യഥാകാലം ഇൻ സർവ്വീസ് കോഴ്സ് ലഭിക്കുന്നില്ല. ആവശ്യമായ പഠനസഹായിയും കിട്ടുന്നില്ല. വൈദ്യുത കണക്ഷനുള്ള എൽ. പി. സ്കൂൾ ഉന്നും തന്നെയില്ല. ഒരു യു. പി. സ്ക്കൂളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ലഭിച്ചത്. സ്കൂളിലെ ഭൗതീക സാഹചര്യം തീരെ തൃപ്തികരമല്ല. ക്ലാസ് മുറികൾക്ക് വിഭജന ചുമരുകളില്ല. സർക്കാർ സ്കൂളിൽ മാത്രമാണ് ഫർണിച്ചർ ആവശ്യാനുസരണം ഉള്ളത്. മറ്റുള്ളവയിൽ ആവശ്യത്തിന് ബെഞ്ചുകളും ഡസ്ക്കുകളും ഇല്ല. കളിസ്ഥലം കക്കൂസ്, കിണർ എന്നിവ ഭൂരിഭാഗം വിദ്യാലയങ്ങളിലുമില്ല. എൽ. പി. സ്ക്കൂളുകളിൽ എല്ലാം തന്നെ പത്തും പതിനഞ്ചും സെൻറുകൾ മാത്രമുള്ളവയാണ്. അധികം സ്ക്കൂളുകളും റോഡിനോട് ചേർന്ന് കിടക്കുന്നു.


വിദ്യാലയങ്ങളിലെ പഠന നിലവാരം തൃപ്തികരമല്ല. പാരാ അക്കാദമിക്ക് പ്രവർത്തനവും തഥൈവാ പി.ടി. എ, മദർ പീ.ടിഎ എന്നിവയുടെ പ്രവർത്തനവും ആശാവഹമല്ല. ഈസ്റ്റ് വള്ള്യായി യു.പി. സ്കൂളിൽ മാത്രം പി.ടി.എ കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മൊകേരി ഈസ്റ്റ് യു. പി. സ്കൂളിൽ പൂർവ്വ വിദ്യാർത്ഥി സംഘം കുടിവെള്ളത്തിന് പ്രത്യേക പദ്ധതി ഏർപ്പെടുത്തിയത് ശ്രദ്ധേയമാണ്. ഗുരുകുലം പരിപാടി ആരംഭഘട്ടത്തിൽ മിക്ക സ്കൂളുകളിലും പുതു ചലനം ഉണ്ടാക്കിയെങ്കിലും ഇപ്പോൾ അതും അവതാളത്തിലാണ്.

പത്ത് അംഗൻവാടികൾ മൊകേരിയിലുണ്ട്. ഇത് കൂടാതെ രണ്ട് ഇംഗ്ലീഷ് മീഡിയം നേഴ്സറികളും സ്വകാര്യമേഖലയിലുണ്ട്. ഗുരു സന്നിധിയുടെ കീഴിൽ പ്രവർത്തിക്കുന്ന നേഴ്സറികൾക്ക് നല്ല കെട്ടിടവും, കളിക്കോപ്പുകളും, കളിസ്ഥലവും ഉണ്ട്. ഇവിടെ കുട്ടികൾ മാസം തോറും ഫീസ് കൊടുത്താണ് പഠിക്കുന്നത്. അംഗൻ വാടികളിലെ ഭൗതിക സാഹചര്യം തൃപ്തികരമല്ല. കളിക്കോപ്പുകൾ തീരെ ഇല്ല. അംഗൻവാടികളുടെ കിടപ്പ് അശാസ്ത്രീയമാണ്. അവയിൽ പലതും വാർഡിൻെറ അതിരുകളിൽ കിടക്കുന്നതുകൊണ്ട് കുട്ടികൾക്ക് എത്തിപ്പെടാൻ പറ്റുന്നില്ല.

1992– 96 വരെയുള്ള എസ്സ്. എസ്സ്. എൽ. സി വിജയശതമാനം



അദ്ധ്യാപകർ
ആൺ പെൺ അനുപാതം



ഗ്രാമസഭകളിൽ നിന്ന് പൊന്തിവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്താൽ വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻ പല സാധ്യതകളും കാണാൻ കഴിയും. പഠന നിലവാരം മെച്ചപ്പെടുത്താൻ ഗുരുകുലം പദ്ധതി കാര്യക്ഷമമായി നടത്തുക എന്നതാണ് പ്രഥമവും പ്രധാനവുമായ കാര്യം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകുക എന്നതാണ് മറ്റൊന്ന്. തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഉദാസീനത കൈക്കൊള്ളുന്നവരാണ് ഏറെ രക്ഷിതാക്കളും. അവരെ വേണ്ട വിധത്തിൽ ബോധവൽക്കരിക്കണം. സ്ക്കൂളിന്റെ മൊത്തത്തിലുള്ള നിലവാരം മെച്ചപ്പെടുത്തുവാൻ പി. ടി. എ.ക്ക് കാര്യമായ പങ്ക് വഹിക്കാൻ കഴിയും. അതുകൊണ്ട് തന്നെ പി.ടി.എ പ്രവർത്തനം കാര്യക്ഷമമാക്കണം.

കുട്ടികളെ പഠനകാര്യത്തിൽ പ്രോൽസാഹിപ്പിക്കാൻ വാർഡ് അടിസ്ഥാനത്തിൽ സമർത്ഥരായവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തണം. പലപ്പോഴും ഹൈസ്കൂളിലെ പ്രഖ്യാപിത സമരങ്ങൾ ബലിയാടാവേണ്ടി വരുന്നത് പ്രൈമറി ക്ലാസുകളിലെ കുട്ടികളാണ്. അവരെ ഈ സമരങ്ങളിൽ നിന്ന് ഒഴിവാക്കുവാനുള്ള ബോധപൂർവ്വമുള്ള ഇടപെടൽ ആവശ്യമാണ്. മറ്റൊരു കാര്യം ആലോചിക്കാനുള്ളത് വിദ്യാലയ പഠനസമയം മാറ്റുക എന്നതാണ്. ഇന്ന് പ്രൈമറി ക്ലാസുകളിലേയും ഹൈസ്ക്കൂൾ ക്ളാസുകളിലേയും ഇംഗ്ലീഷ് പഠന നിലവാരം വളരെ താഴ്ന്നതാണ്. അതുകൊണ്ട് പഞ്ചായത്തിലെ യു.പി. ഹൈസ്കൂളുകളിൽ പുതുതായി അദ്ധ്യാപകരെ നിയമിക്കുമ്പോൾ ഇംഗ്ലീഷ് മെയിൻ ബിരുദധാരികളെ നിയമിക്കുവാൻ മേനേജർമാരെ പ്രേരിപ്പിക്കണം. റോഡരികിൽ വിദ്യാലയങ്ങളുടെ പരിസരത്ത് ട്രാഫിക്ക് സിഗ്നൽ സ്ഥാപിച്ചാൽ കൂടെ കൂടെ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ കഴിയും അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറികളുടേയും വായനശാലകളുടേയും നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതുണ്ട്. കുട്ടികളുടെ ആരോഗ്യവുമായി ഏറെ ബന്ധപ്പെട്ടതാണ് സ്കൂളിലെ കുടിവെള്ള പ്രശ്നം. പി.ടി.എ, പഞ്ചായത്ത്, മറ്റ് വികസന ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയോടെ ഈ പഞ്ചായത്തിലെ ഈ പ്രശ്നത്തിനും പരിഹാരം കാണാം.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ ഇവിടെ 3 പാരലൽ കോളേജും ഒരു ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിന് കുട്ടികൾ തൊട്ടടുത്ത നഗരങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

വായനശാലാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് മൊകേരിയിലെ കൂരാറയിലാണ്. 1947 ൽ സുഹൃൽ ജന വായനശാല സ്ഥാപിച്ചു. ഇപ്പോൾ മൊകേരിയിൽ 11 വായനശാല ഗ്രന്ഥാലയവും ഒരു വായനശാലയുമുണ്ട്.

ദേശീയ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത രണ്ട് മഹത്ത് വ്യക്തികളായിരുന്നു. ശ്രീ. ഐ.വി. കരുണാകരൻ നമ്പ്യാരും ശ്രീ തായത്ത റോത്ത് അപ്പുണ്ണി നായരും. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾ ക്കുമെതിരെ ശ്രീ. വാഗ്ഭടാനന്ദ ഗുരുദേവന്റെ ശിഷ്യൻമാരായഐ.കെ. കുഞ്ഞിക്കണ്ണൻ മാസ്റ്ററും പോരാടിയിരുന്നു. 1950 കളിലെ ഒരു വലിയ നേട്ടമായി മൊകേരിക്കാർ എന്നും ഓർക്കുന്ന ഒരു സംഭവമാണ് തങ്ങൾ പീടികക്കടുത്തുള്ള പുതിയ കാവിലെ ഉത്സവത്തോടനുബന്ധിച്ച് നടത്തിവരുന്ന ജന്തു ബലിയും കോഴിയങ്കവും നിർത്തിയത്. ഇതിന് പ്രേരക ശക്തിയും നേതൃത്വവും നൽകിയത് ബഹു മന്ത്രി. പി. ആർ കുറുപ്പും അദ്ദേഹത്തിന്റെ വലം കൈ ആയി പ്രവർത്തിച്ച ശ്രീ. അബുക്കുട്ടി മാസ്റ്ററും കെ.പി. കേളുമാസ്റ്ററുമായിരുന്നു.

ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം സജീവമായിപ്രാവർത്തികമാക്കിയ ഒരു പഞ്ചായത്താണ് മൊകേരി.നിരക്ഷരരായ നിരവധി സ്ത്രീ പുരുഷന്മാരെ സാക്ഷരരാക്കാൻ ഇതിന്റെ പരിപാടിയിൽ പ്രവർത്തിച്ച സാക്ഷരതാ പ്രവർത്തകർക്ക് സാധിച്ചു എന്നത് അഭിമാന പുരസ്ക്കരം ഇവിടെ പ്രസ്താവ്യമാണ്. ഇതിന്റെ രണ്ടാം ഘട്ടം ഉദ്ദേശിച്ചതു പോലെ ഫലപ്രദമായില്ല എന്ന കാര്യവും വിസ്മരിക്കുന്നില്ല. മുത്താറിപ്പീടികയിലെ പ്രിയദർശിനീ വായന ശാലയോട് ചേർന്ന് പ്രവർത്തിക്കുന്ന ജന വിദ്യകേന്ദ്രം തുടർ വിദ്യാഭ്യാസ രംഗത്ത് കുറെയേറെ കാര്യങ്ങൾ ചെയ്തിരുന്നു.

എന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രശ്നങ്ങൾ


1. സ്കൂളുകളിലെ പഠന നിലവാരം തൃപ്തികരമല്ല.
2. എസ്സ്. എസ്സ്. എൽ. സി. വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ താഴ്ന്നതാണ്.
3. അംഗനവാടികളിലെ ഭൗതീക സാഹചര്യം തൃപ്തികരമല്ല.
4. മിക്ക സ്കൂളുകളിലും കുടിവെള്ള സൗകര്യവും കക്കൂസും മൂത്രപ്പുരയും ആവശ്യമായ ഫർണിച്ചറും കളിസ്ഥലവുമില്ല.
5. ടി.വി.യുടെ സ്വാധീനം പഠനത്തെ ബാധിക്കുന്നു.
6. സ്കൂളുകളിലെയും പുറമെയുള്ളതുമായ ഗ്രന്ഥാലങ്ങൾ സജീവമായി പ്രവർത്തിക്കുന്നില്ല.
7. വീടുകളിലെ ഭൗതിക സാഹചര്യം പഠനനിലവാരത്തെ ബാധിക്കുന്നു.

സാധ്യതകളും നിർദ്ദേശങ്ങളും


1. വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുവാൻ ഗുരുകുലം പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തുക.
2. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകുക.
3. പഠനകാര്യത്തിൽ കുട്ടികളെ എങ്ങനെ സഹായിക്കണമെന്ന് രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
4. പി.ടി.എ മദർ പി. ടി, എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
5. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുക.
6. ഹൈസ്ക്കൂളുകളിലെ പ്രഖ്യാപിത സമരങ്ങളിൽ നിന്ന് പ്രൈമറി തലത്തെ ഒഴിവാക്കുക.


7. മുഴുവൻ പ്രൈമറി വിദ്യാർത്ഥികൾക്കും ഉച്ച ഭക്ഷണം നൽകുക.
8. സ്കൂൾ പരിസരത്ത് ട്രാഫിക്ക് സിഗ്നൽ സ്ഥാപിക്കുക.
9. ഗ്രന്ഥാലയങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കണം.


10. പി.ടി. എ പഞ്ചായത്ത്, മറ്റ് വികസന ഏജൻസികൾ സന്നദ്ധ സംഘടനകൾ എന്നിവ കൂട്ടായി പ്രവർത്തിച്ച് സ്കൂളുകളിലെ ഭൗതിക സാഹചര്യം ഉയർത്താൻ കഴിയും
11. തൊഴിലധിഷ്ടിത വിദ്യാഭ്യാസ രീതി നടപ്പാക്കണം.
12. കൂരാറയിൽ ഒരു യു.പി. സ്കൂൾ സ്ഥാപിക്കണം.


STUDENTS
PERFORMANCE
LP
UP
HIGH
LESS 30%
30 TO 40%
40 TO 50%
50 TO 60%
MORE 60%
PERCENTAGE OF MARKS

മൊകേരി ഗ്രമപഞ്ചാത്ത്







വ്യവസായം

മൊകേരി പഞ്ചായത്ത് വ്യാവസായികമായി ഏറെ പിന്നിലാണ്. വ്യാവസായിക ചരിത്രമായി പോയനാളിൽ എന്തെങ്കിലും അവകാശപ്പെടാനുമില്ല. പണ്ട് കള്ള് ചെത്തും ചക്കരനിർമ്മാണവും എണ്ണയാട്ടും മൊകേരിയിൽ സമൃദ്ധിയായി ഉണ്ടായിരുന്നു. എന്നാൽ കാർഷികരംഗവുമായി ബന്ധപെട്ടിരുന്നതാണ് ഏറെക്കുറെ ജനജീവിതം. എങ്കിലും ദ്വിതീയ മേഖലയായ വ്യാവസായിക രംഗത്ത് ഏതാനും തൊഴിൽ സ്ഥാപനങ്ങളുണ്ട്. അവയെ മൂന്നായി തിരിക്കാം.

1. പരമ്പരാഗതം 2. കുലത്തൊഴിലുകൾ 3. കുടിൽ വ്യവസായങ്ങൾ.

പഞ്ചായത്തിൽ ധാരാളം ജനങ്ങൾ അന്യരാജ്യത്തോ ദേശങ്ങളിലൊ, പഞ്ചായത്തുകളിലൊ, വ്യാവസായിക തൊഴിലാളികളായി ജീവിച്ചു വരുന്നു.

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ 28 എണ്ണമാണ് പുതുതായി രജിസ്ട്രേഷന് അപേക്ഷിച്ചിട്ടുള്ളത് 3 ആണ്. നിലവിലുള്ള മൊത്തം സ്ഥാപനങ്ങളിൽ 1000- 1200 നും ഇടയിൽ തൊഴിലാളികൾ ജോലിചെയ്തുവരുന്നു.

പരമ്പരാഗത വ്യവസായം - കൈത്തറിയാണ്

കുലത്തൊഴിലുകൾ - സ്വർണ്ണപ്പണി(തട്ടാൻ)

കൊല്ലൻ (കമ്മാളൻ) 3 മരപ്പണി (ആശാരി)

കുടിൽ വ്യവസായങ്ങൾ താഴെ പട്ടികയിൽ നോക്കുക (പട്ടിക 1)

വ്യവസായം	യൂണിറ്റ്	തൊഴിലാളികളുടെഎണ്ണം (സ്വകാര്യമേഖല)
1 ബീഡി തെറുപ്പ്	2	100
2. കള്ള് ചെത്ത്	-	38
3. ഫർണ്ണിച്ചർവർക്സ്	18	60
4. ഈർച്ചമിൽ	2	18
5. വെൽഡിങ്ങ് വർക്സ്	3	15
6. ടയർ പാച്ച് വർക്സ്	1	2
7. ഓട്ടോമൊബൈൽ വർക്സ് ഷാപ്പ്	4	16
8. സ്പ്രേപെയ്ൻറ്	3	12

9. ഓട്ടോറിക്ഷാബോഡിവർക്സ്	1	12
10.ലയ്ത്ത് മെഷീൻ	1	7
11.ഗാർമെൻറ് വർക്സ്	4	30
12.ജില്ലിനിർമ്മാണം(കൈങ്ങടി)	21	120
13.കരിങ്കൽ ക്വാറി വർക്സ്	-	50
14.ചെങ്കൽ വെട്ട്	-	130
15.കിണ്ണത്തപ്പ നിർമ്മാണം	35	320
16.ഓയിൽമിൽ	2	8
17.ജില്ലി ക്രഷർ	1	20
18.പപ്പട നിർമ്മാണം	2	8
19.നോട്ട് ബുക്ക് ബൈൻറിങ്ങ്	1	5
20.മെഴുകുതുരി നിർമ്മാണം	3	3
21.പ്രിൻറിങ്ങ് പ്രസ്സ്	1	4
22.ഖാദി നൂൽ നൂൽപ്പ്	1	22
23.കൈത്തറി	-	125
24.പവർലൂം	8	8
25.ഗോൾഡ് സ്മിത്ത്	8	20
26.ബ്ളാക്ക് സ്മിത്ത്	3	5
27.കുമ്മായം	2	6
28.ലതർബാഗ് നിർമ്മാണം	1	4
29.ഫ്ലവർമിൽ	4	4
30.ലയ്ത്ത് ഫർണിച്ചർ	1	3
31.മരവിൽപ്പന	4	8
32.സോഡ വർക്സ്	2	2
33.ഇറച്ചി കോഴിവിൽപ്പന	2	2

ഫാക്ടറി സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം ഇവിടെ ഇല്ല. ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറുകിട ഫാക്ടറിയും ഇല്ല. ഇവിടെ ഓരോ വ്യവസായ സ്ഥാപനത്തിലും വേതനനിരക്കും, മറ്റ് ആനുകൂല്യങ്ങളും വ്യത്യസ്ഥങ്ങളാണ്. തൊഴിൽ സ്ഥാപനങ്ങളിൽ ഉടമയും തൊഴിലാളികളും ജോലി ചെയ്തു വരുന്നു. മിക്കവാറും സ്ഥാപനങ്ങളിൽ ഒന്നോ രണ്ടോ കൂടിയാൽ 10 പേരിൽ ഒതുങ്ങുന്നതോ ആണ് തൊഴിലാളികൾ. എന്നാൽ ചില സ്ഥാപനങ്ങൾ ഇതിൽ നിന്ന് വ്യത്യസ്തമായി നിൽക്കുന്നു.

മൊകേരിയിൽ മിക്കതും സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വ്യവസായസ്ഥാപനങ്ങളാണ്.

ഗ്രാമപഞ്ചായത്ത് വിക്കിസഹരേഖ മൊകേരി ഗ്രാമപഞ്ചായത്ത് വിക്കിസഹരേഖ മൊകേരി ഗ്രാമ പഞ്ചായത്ത് വിക്കിസഹരേഖ മൊകേരി ഗ്രാമ പഞ്ചായത്ത്

സഹകരണമേഖല

സഹകരണമേഖലയിൽ വലിയ തോതിലുള്ള വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല. നിലവിൽ ഏതാനും സ്ഥാപനങ്ങൾ ഉണ്ട്.

	സഹകരണ വ്യവസായം	തൊഴിലാളികളുടെ എണ്ണം
1.	മൊകേരി വീവേസ് കോ-ഓപ് സൊസൈറ്റി.	26
2.	മൊകേരി യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണസംഘം	-
3,	വള്ള്യായി വനിതാ ഗാർമെൻറ് നിർമ്മാണ സഹകരണസംഘം	10

തൊഴിലാളികളുടെ കൂലി വ്യവസ്ഥ: രാവിലെ മുതൽ വൈകുന്നേരം വരെ ജോലിചെയ്താൽ 23രൂപ മുതൽ 110രൂപ വരെ വരുമാനമുണ്ടാകുവാൻ സാധിക്കുന്ന വിധത്തിൽ വ്യത്യസ്തങ്ങളാണ് ഇവിടുത്തെ തൊഴിൽ സ്ഥാപനങ്ങൾ.

പരമ്പരാഗത വ്യവസായം: മൊകേരിയിൽ പരമ്പരാഗത വ്യവസായം കൈത്തറിയാണ്. കടേപ്രം വള്ള്യായി പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മുമ്പ് ധാരാളം തൊഴിലാളികൾ ഈ രംഗത്തെ ആശ്രയിച്ചിരുന്നു. ഈ തൊഴിൽ മേഖല ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും തൊഴിലവസരം സൃഷ്ടിക്കുന്നു. ഇന്ന് ഈ വ്യവസായം തകർച്ചയിലാണ്. അതിനാൽ തൊഴിലുടമയും തൊഴിലാളിയും ഈ രംഗത്ത് നിന്ന് പിൻ തിരിയാൻ പ്രേരിക്കപ്പെട്ടിരിക്കുന്നു. നൂലിൻെറ വർദ്ധിച്ച വില, ഇടത്തട്ടുകാരുടെ ചൂഷണം, ഉൽപ്പന്നങ്ങൾക്ക് ഡിമാൻറ് ഇല്ലായ്മ എന്നിവ തൊഴിലുടമയുടെയും, കൂലിത്തൊഴിലാളികളെയും ബാധിച്ചിരിക്കുന്നു.

പൊതു അവസ്ഥ: ഇന്ന് കൈത്തറി മേഖലയിൽ നിന്ന് മറ്റ് തൊഴിൽ മേഖലയിലേക്ക് തൊഴിലാളികൾ പോയ്ക്കൊണ്ടിരിക്കുന്നു. ജില്ലി നിർമ്മാണം, കെട്ടിടനിർമ്മാണം എന്നീ രംഗത്താണ് അത്തരക്കാർ ജീവിത മാർഗ്ഗം കണ്ടെത്തിയിരിക്കുന്നത്. ഈ കൈത്തറി രംഗത്തെ പരിരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

തറികളും, തൊഴിലാളികളും മാത്രമെ നാട്ടിൻ പുറങ്ങളിലുള്ളൂ. അസംസ്കൃത വസ്തുക്കളായ നൂല്, ചായം, പാവ് എന്നിവ അടക്കമുള്ള പല വസ്തുക്കളും മറ്റിടങ്ങളിൽ നിന്ന് കൊണ്ടുവരുന്നവയാണ്. ഈ ഇറക്കുമതി സമ്പ്രദായം വ്യവസായത്തെ തകർക്കുകയാണ്. ചൂഷണം, ഉൽപാദനത്തിനാവശ്യമായ മറ്റു വസ്തുക്കളുടെ ദൗർലഭ്യം എന്നിവയും

പ്രതിസന്ധിക്കുകാരണമാണ്.

സാധ്യത: നമ്മുടെ നാട്ടിൽ തന്നെ നൂല് ഉൽപാദനം ഡൈയിങ്ങ് വീവീങ്ങ്, കലണ്ടറിങ്ങ് , എന്നീ പ്രൊസസ്സുകൾ അനുക്രമമായി ചെയ്യുന്ന സംരംഭങ്ങൾക്കൊരുങ്ങിയാൽ ഈ രംഗത്തിന്റെ പ്രതിസന്ധിക്ക് പരിഹാരമായി . ഫാക്ടറി അടിസ്ഥാനത്തിൽ ഇപ്രകാരം പ്രപർത്തിച്ചുവരുമ്പോൾ തൊഴിൽ സാധ്യതകൾ വർദ്ധിക്കുകയും ചെയ്യും. ഈ തൊഴിൽ മേഖലയ്ക്ക് പുതിയ രൂപ ഭാവങ്ങൾ കണ്ടെത്തിയില്ലെങ്കിൽ കൈത്തറി വ്യവസായം നാട്ടിൻ പുറങ്ങളിൽ നിന്ന് അന്യമായി തീരും. ഇന്ന് കൈത്തറി തുണികൾ വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നത് പോലെയുള്ള അവസരങ്ങളും, സാധ്യതകളും കണ്ടെത്തണം. അതിന് പുറമെ ഈ കൈത്തറി തുണികൾ കൊണ്ട് റഡിമെയ്ഡ് വസ്ത്രനിർമ്മാണം , ഒരു അനുബന്ധ വ്യവസാസമായി തുടങ്ങാൻ സാധിക്കണം. ഇന്ന് റെഡിമെയ്ഡുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. അതിനാണെങ്കിൽ അമിതമായ വിലയും. ഇവിടെ നിർമ്മിക്കപ്പെടുകയാണെങ്കിൽ വിലക്കുറവും ഗുണം കൂടുതലും നമ്മുടെ റെഡിമെയ്ഡ് വസ്ത്രുക്കളുടെ സവിശേഷതയായി മാറും. ബഡ്ഡ്ഷീറ്റ് നിർമ്മാണം പില്ലോകവറുകൾ , കോട്ടൺ മാക്സി , മേശവിരികൾ വേയ്സ്റ്റ് തുണികൾ കൊണ്ടുള്ള ക്ലീനിങ്ങ് ബ്രഷുകൾ എന്നിവയുടെ ഉൽപാദനവും ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിയും . ഇവയ്ക്ക് നമ്മുടെ നാട്ടിൽ തന്നെ മാർക്കറ്റുണ്ടാക്കാനും കഴിയും . പൊതുവിൽ ലോക്കൽ മാർക്കറ്റുകളിൽ കൈത്തറി വസ്ത്രങ്ങൾക്ക് ഡിമാൻറ് വർദ്ധിച്ചു വരുന്നതായി കാണുന്നു.

അസംസ്കൃത വസ്തുക്കൾ: മൊകേരിയിൽ വള്ള്യായി ഭാഗത്ത് കരിങ്കൽ ധാരാളം ലഭിച്ചുവരുന്നു. .ഈ ക്വാറികളിൽ നിന്ന് ബോളറുകൾ പല സ്ഥലങ്ങളിൽ വിപണനം ചെയ്തു വരുന്നു. പുരുഷ ത്തൊഴിലാളികൾ മാത്രമാണ് കരിങ്കൽ ക്വാറികളിൽ ജോലി ചെയ്തുവരുന്നത്

ജില്ലിനിർമ്മാണം: വള്ള്യായിൽ തന്നെയാണ് ജില്ലിനിർമ്മാണവും കേന്ദ്രീകരിച്ചു നിൽക്കുന്നത്. സ്ത്രീ തൊഴിലാളികളാണ് ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്.

പുതുതായി ഒരു കരിങ്കൽ ക്രഷർ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഫലമായി കയ്യടി ജില്ലി ഉൽപാദനം പ്രതിസന്ധിയിലായേക്കും. കയ്യടി ജില്ലി ഫൂട്ട് 1 ന് 10 രൂപയും, ക്രഷർ ജില്ലി ഫൂട്ടിന് 16 രൂപയുമാണ്. ഈ വിലകളിലെ വ്യത്യാസം കയ്യടി ജില്ലി നിർമ്മാണക്കാരെ അപകടത്തിലേക്ക് നയിച്ചേക്കും. വലിയ ഒരു വിഭാഗം സ്ത്രീ തൊഴിലാളികളുടെ ജോലിയെ പ്രധാനമായും ഈ ക്രഷർ തകർക്കുമെന്നാണ് തോന്നുന്നത്. ഇതിനെതിരെ കനത്ത ചർച്ച ഗ്രാമസഭകളിൽ ഉയർന്നു വന്നതാണ്. വള്ള്യായി, ഈസ്റ്റ് വള്ള്യായി ഭാഗങ്ങളിൽ ചെങ്കൽവെട്ട് ധാരാളമുണ്ട്. ചെങ്കൽ കുട്ടകൾ ലോറിയിൽ പല സ്ഥലങ്ങളിലും ഇറക്കുകയും ചെയ്യുന്നു.

ഉയോഗിക്കപ്പെടാത്ത അസംസ്കൃത വസ്തുക്കൾ : തേങ്ങ ധാരാളമായി ഉൽപാദിച്ചയച്ച് വരുന്ന മൊകേരിയിൽ, തേങ്ങ, കൊപ്ര, വെളിച്ചെണ്ണ എന്നിങ്ങനെ അനുബന്ധ പ്രക്രിയ മാത്രമെ നടത്തി വരുന്നുള്ളൂ.. വെളിച്ചെണ്ണയിൽ നിന്ന് ഹേയർ ഓയിൽ, സോപ്പ്

എന്നിവയുടെ ഉൽപാദനത്തിലേക്ക് ലക്ഷ്യമിട്ടാൽ ഏറെ വിജയിക്കാൻ സാധിക്കും തേങ്ങാമടൽ, ചിരട്ട എന്നിവയും, ഉപയോഗിക്കപ്പെടാത്ത അസംസ്കൃത വസ്തുക്കളാണ്. തേങ്ങാവെള്ളം സോഫ്റ്റ് ഡ്രിംഗ്സ് ഉണ്ടാക്കുവാൻ പറ്റുന്ന ഒരു വസ്തുവാണ്.

ഗുണം കൂടിയ കശുവണ്ടി ഉൽപാദനം നടക്കുന്ന ഒരു പ്രദേശമാണ് മൊകേരി. ഇവിടെ ഫാക്ടറി അടിസ്ഥാനത്തിൽ കശുവണ്ടി സംഭരിച്ച് പ്രൊസസ്സിങ്ങ് നടത്തി കയറ്റി അയക്കുന്ന ഒരു സ്ഥാപനം ധാരാളം തൊഴിൽ സാധ്യത ഉണ്ടാക്കും. വിദേശ നാണ്യം നേടുകയും ചെയ്യാം. കശുവണ്ടിപ്പരീപ്പ്, പരിപ്പിൽ നിന്ന് കേയ്ക്കുകൾ എന്നിവ ഉണ്ടാക്കുകയും ചെയ്യാം. അണ്ടിനെയ്യ് തോണി, ബോട്ട്, എന്നിവയുടെ അടിഭാഗം ഉപ്പ് വെള്ളം കൊണ്ട് കേട് വരാതിരിക്കാൻ ഉപയോഗിക്കുന്ന ഒരു തരം എണ്ണയാണ്. വലിയ മുടക്കു മുതലില്ലാതെ നിർമ്മിക്കാൻ കഴിയുന്ന ഒരു കശുവണ്ടി ഉൽപാദനമാണിത്. സഹകരണാടിസ്ഥാനത്തിൽ ഇത്തരമൊരു സ്ഥാപനം ആരംഭിക്കുന്നത് ഗുണകരമായിരിക്കും. ഇതോടൊപ്പം കശുമാങ്ങയുടെ സംസ്കരണവും സോഫ്റ്റ് ഡ്രിംങ്കസ്, ജാം, അച്ചാർ എന്നിവയുടെ നിർമ്മാണവും ആരംഭിച്ചാൽ ജോലി സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കും.

വ്യവസായത്തിന് ഭൂമി: മൊകേരി പഞ്ചായത്തിൽ 25 ഏക്കർ ഭൂമി വ്യവസായ സംരംഭങ്ങൾക്ക് വേണ്ടി വിനിയോഗിക്കാനായിട്ടുണ്ട്. 5 ഏക്കർ ഭൂമി സർക്കാർ വക പുറമ്പോക്കായിട്ടുമുണ്ട്. ഈ ഭൂമി വ്യവസായ സംരംഭകർക്ക് ആവശ്യമായ തോതിൽ നൽകുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. ഒരു ഇൻഡ്യസ്ട്രിയൽ പ്ലോട്ടായി പ്രഖ്യാപിക്കുകയും വേണം.

സംരംഭകരുടെ പ്രശ്നങ്ങൾ: കമ്പോളവൽക്കരണത്തിന്റെ സ്വാധീനവും ഇറക്കുമതിയോടുള്ള അമിതാവേശവും, നാട്ടിലെ ഉൽപ്പന്നങ്ങളോട് നാട്ടുകാർക്ക് മതിപ്പ് കുറച്ചിരിക്കുന്നു.ഇത് പുത്തൻ സംരംഭകരുടെ ഒരു പ്രതിസന്ധിയാണ്.

ഇന്ന് ഏത് ഉൽപാദനരംഗത്തും ചെറുകിടക്കാരനും, വൻകിടക്കാരനും തമ്മിലുള്ള മത്സരത്തിന്റെ രംഗമായി തീർന്നിരിക്കുന്നു. ഈ മത്സരത്തിൽ വൻകിടക്കാർ വിജയിക്കുന്നു. ഇങ്ങനെ മത്സരത്തിലുണ്ടാകുന്ന പരാജയ ഭീതിയാണ് പുതിയ സംരംഭകരെ വ്യവസായത്തിൽ നിന്ന് അകറ്റുവാൻ പ്രേരിപ്പിക്കുന്നത് .

പുതിയ സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം പുതിയ മേഖലകളിൽ ഉൽപാദനം വർദ്ധനവുണ്ടാക്കാൻ തടസ്സമായി തീരുന്നു.

പരസ്യങ്ങളുടെ മലവെള്ളപ്പാച്ചിൽ സൃഷ്ടിക്കുന്ന തരംഗം ഗുണം കുറഞ്ഞ ഇറക്കുമതി വസ്തുക്കളുടെ ഉപഭോക്താക്കളായി നമ്മുടെ നാട്ടുകാരെ മാറ്റുകയും ചെയ്യുന്നു.

ചെയ്യേണ്ട കാര്യങ്ങൾ :- തൊഴിലില്ലാത്തവർക്ക് തൊഴിൽ പരിശീലനം ചെയ്യാൻ സൗകര്യം ഉണ്ടാക്കുക, സാമ്പത്തിക സഹായം ചെയ്തു കൊടുക്കുക, വിപണന സഹായം ഉണ്ടാക്കുക ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ചെയ്യുന്നതിലൂടെ ധാരാളം പുതിയ സംരംഭങ്ങൾ താന്ത്രങ്ങളുടെ അഭിരുചിക്കൊത്തുള്ള വ്യവസായങ്ങൾക്ക് കടന്നുവരാൻ സാധ്യതയേറുന്നതാണ്.

പ്രധാന പ്രശ്നം: ഊർജ്ജ പ്രതിസന്ധിയാണ് സംരംഭകരെ ആദ്യം പിന്നോട്ടടുപ്പിക്കുന്നത്. ഏകദേശമെല്ലാ കുടിൽ വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും പ്രതിസന്ധിയിൽ കുടുങ്ങി പോയതിന്റെ കാരണം വൈദ്യുതി പ്രശ്നമാണ്.

ഇന്ന് മോട്ടോർ വാഹന രംഗത്ത് വമ്പിച്ച വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ് . അതിനാൽ ഓട്ടോ മൊബൈൽ രംഗം വികസിപ്പിച്ചു കൊടുക്കുവാൻ കഴിയും. സഹകരണാടിസ്ഥാനത്തിൽ ഇവയുടെ റിപ്പേർ, സ്പേർ പാട്സുകളുടെ വിതരണം എന്നിവ മൊകേരി പഞ്ചായത്തിലും ആരംഭിക്കാവുന്നതാണ്.

ഓട്ടോമൊബൈൽ രംഗത്ത് താൽപര്യപൂർവ്വം കടന്നുവരുന്ന പുതിയസംരംഭകരെ നിയമത്തിന്റെ കുരുക്കുകളിൽ നിന്ന് രക്ഷിക്കുകയും പ്രോൽസാഹജനകമായ പിൻതുണ നൽകുകയും വേണം.

പൊതുവിൽ വ്യവസായ രംഗങ്ങളിൽ നാട്ടിന്നാവശ്യമായ ഉൽപ്പാദനം വർദ്ധിപ്പിച്ച് , ജനങ്ങളുടെ അദ്ധ്വാനശേഷിയെ നാട്ടിൽ തന്നെ വിനിയോഗിച്ച് നാടിന്റെ സ്വയം പര്യാപ്തതയാലേക്കുള്ള പുതിയ വികസന സംസ്കരണത്തിന് പാത ഒരുക്കണം.

തൊഴിലവസരങ്ങൾക്ക് കാത്തിരിക്കുന്നവരും അദ്ധ്വാന ശേഷി കൈമുതലായവരുമായ ഒട്ടനവധി യുവതീയുവാക്കൾ നമ്മുടെ നാട്ടിലുണ്ട്. അവരുടെ ഊർജത്തെ ഉൽപാദനമാക്കിമാറ്റിയാൽ നമ്മുടെ നാട്ടിന് പുതിയ ഉണർവ്വും സംജാതമാകും. അതിന് 9-ആം പഞ്ചവൽസ്ര പദ്ധതി സാക്ഷ്യം വഹിക്കട്ടെ.

നിർദ്ദേശങ്ങൾ:

1. കൈത്തറി വ്യവസായത്തെ രക്ഷിക്കുക, ആവശ്യമായ അസംസ്കൃത വസ്തുക്കൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുക.
2. വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. അവർക്ക് സാങ്കേതിക പരിജ്ഞാനം പകർന്നു കൊണ്ട് ചെറുകിട വ്യവസായ സംരംഭങ്ങളിൽ പ്രോൽസാഹനം നൽകുക.
3. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സംരംഭങ്ങളുണ്ടാക്കുക.
4. തൊഴിലില്ലാത്തവരെ പുതിയ വ്യവസായ, ഉൽപാദന സംരംഭങ്ങളിലേക്ക് ആകർഷിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുക.
5. കാർഷികോൽപ്പന്നമായ തേങ്ങ, കശുവണ്ടി വ്യാവസായികാടിസ്ഥാനത്തിൽ സംഭരിച്ച് സംസ്കരിച്ച് പുതിയ പദ്ധതികളാക്കിത്തീർക്കുക.
6. വ്യവസായ സംരംഭകരെ നിയമക്കുരുക്കിൽ കുടുക്കാതിരിക്കുക.
7. സഹകരണമേഖലയിൽ വിവിധ വ്യവസായ സംരംഭങ്ങൾക്ക് യുവതീ യുവാക്കളെ

പ്രോൽസാഹിപ്പിക്കുക.

8. കൈത്തറി തുണികൾ പഞ്ചായത്തിലെ സ്ക്കൂൾ യൂനിഫോറമായി ഉപയോഗിക്കുക.

9. സർക്കാർ ആഫീസ്സുകളിൽ കർട്ടൻ, ക്ലീനിംഗ് തുണി, മേശവിരി എന്നീ ആവശ്യങ്ങൾക്ക് കൈത്തറി തുണികൾ തന്നെ ഉപയോഗിക്കുക.

10. സഹകരണാടിസ്ഥാനത്തിൽ നോട്ടു പുസ്തക യൂണിറ്റ് ആരംഭിക്കുക. അവ പഞ്ചായത്തിലെ കുട്ടികൾക്ക് സ്ക്കൂൾ സ്റ്റോർ വഴി വിതരണം ചെയ്യുക.



സഹകരണം

മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന കാലത്ത് മദ്രാസ് സഹകരണ നിയമ പ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പിരുങ്ങിയ പലിശയ്ക്ക് കർഷകർക്ക് വായ്പ ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 1951ൽ മൊകേരി വിവിധോദ്ദേശ ഐക്യനാണയ സഹകരണ സംഘം രൂപീകൃത മാവുന്നതോടു കൂടിയാണ് ഈ പഞ്ചായത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. അമിത പലിശയ്ക്ക് പണം വായ്പ കൊടുക്കുന്ന ഗ്രാമീണ ബാങ്കർമാരായി പ്രവർത്തിക്കുന്ന പരുണ്ടികക്കാരായ വ്യക്തികളുടെ ചൂഷണത്തിൽ നിന്ന് കർഷകരെ പ്രത്യേകിച്ചും, ജനങ്ങളെ പൊതുവെ സംരക്ഷിക്കുക എന്നതായിരുന്നു. ഈ സംരംഭത്തിന്റെ ഉദ്ദേശ്യം. കർഷകരുടെ ഉൽപ്പന്നങ്ങൾ പാട്ട വ്യവസ്ഥയിൽ (Forward sale) വിൽപന നടത്തുന്നത് ഒരു പരിധി വരെയെങ്കിലും നിരുത്സാഹപ്പെടുത്തുക എന്ന ഈ സഹകരണ സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു.

ഏകദേശം ഇതേ കാലയളവിൽ തന്നെയാണ് ഈ പഞ്ചായത്തിൽ താഴെ പറയുന്ന രണ്ട് സഹകരണ സ്ഥാപനങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത പ്രവർത്തനമാരംഭിച്ചത്.

1. മൊകേരി ചക്കര ഉല്പാദക സഹകരണ സംഘം
2. മൊകേരി എണ്ണയാട്ട് സഹകരണ സംഘം

സഹകരണ പ്രസ്ഥാനം ശൈശവ ദശയിലായിരുന്ന അക്കാലത്ത് ഈ സഹകരണ സ്ഥാപനങ്ങളെ വളർത്തിക്കൊണ്ടു വരുന്നതിന് ആവിശ്യമായ സാങ്കേതിക പരിജ്ഞാനമോ, താത്പര്യമോ ഇല്ലാതിരുന്നത്മൂലം ഈ സംഘങ്ങൾ പിൽക്കാലത്ത് ക്ഷയോന്മുഖമാവുകയും ലിക്വിഡേറ്റ് ചെയ്യപ്പെടുകയും ചെയ്തു. അവ സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ഇപ്പോൾ എളുപ്പത്തിൽ ലഭ്യമല്ല. തുടർന്ന് ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചത് 1961ൽ

രജിസ്റ്റർ ചെയ്ത മൊകേരി നെയ്ത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘമാണ്.

സംഘത്തിന്റെ പേര്	സ്ഥാപന വർഷം	ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ / തൊഴിലാളികളുടെ എണ്ണം	ഓഹരി മൂലധനം	ലാഭം / നഷ്ടം
മൊകേരി സർവ്വീസ് സഹകരണബേങ്ക്	1951	2533	9%	557668.00	നഷ്ടം
മൊകേരി നെയ്ത്ത് തൊഴിലാളിവ്യവസായ സഹകരണ സംഘം	1961	198	2/35	196832.00	നഷ്ടം
മൊകേരി യന്ത്രവൽകൃത ചകരി വ്യവസായ സഹകരണ സംഘം	1992	56	1/	56000.00	നഷ്ടം
വള്ള്യായി വനിതാ ഗാർമെൻറ്സ് വ്യവസായ സഹകരണ സംഘം	1996	10	1/	20,000.00	നഷ്ടം
മൊകേരി ക്ഷീരോത്പാദക സഹകരണ സംഘം	1981	482	12/1	19,810.00	ലാഭം
വള്ള്യായി ക്ഷീരോത്പാദക സഹകരണ സംഘം	1984	240	7%	3,133.00	ലാഭം
മൊകേരി ഈസ്റ്റ് യു.പി.സ്കൂൾ സഹകരണസംഘം	1976	64	---	352.00	ലാഭം
വാത്തിപ്പാലം സഹകരണ കൺസ്യൂമർ സ്റ്റോർ വള്ള്യായി.	1993	25	/1	2,500.00	ലാഭം
മൊകേരി സഹകരണ കൺസ്യൂമർ സ്റ്റോർ		പേരിന് മാത്രം രജിസ്റ്റർ ചെയ്തത്			DORMAT
കൂരാറ സഹകരണ കൺസ്യൂമർസ്റ്റോർ		" "			"

ഗ്രാമപഞ്ചായത്ത് വിക്കിസോഴ്സ് മൊകേരി ഗ്രാമപഞ്ചായത്ത് വിക്കിസോഴ്സ് മൊകേരി ഗ്രാമപഞ്ചായത്ത് വിക്കിസോഴ്സ് മൊകേരി ഗ്രാമ പഞ്ചായത്ത് വിക്കിസോഴ്സ് മൊകേരിഗ്രാമ പഞ്ചായത്ത്

മൊകേരി വനിതാ സഹകരണ സംഘം 1992	93	1/	14,300.00	നഷ്ടം
പാത്തിപ്പാലം വനിതാ സഹകരണ സംഘം	പേരിന് മാത്രം രജിസ്റ്റർ ചെയ്തത്		DORMAT.	

സഹകരണ സ്ഥാപനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

I. വായ്പാ സഹകരണ സംഘങ്ങൾ

1. മൊകേരി സർവ്വീസ് സഹകരണ ബേങ്ക്.

II. വായ്പേതര സഹകരണ സ്ഥാപനങ്ങൾ

A. വ്യവസായ സഹകരണ സംഘങ്ങൾ

1. മൊകേരി നെയ്ത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം
2. വള്ള്യായി വനിതാ ഗാർമെൻറസ് വ്യവസായ സഹകരണസംഘം
3. മൊകേരി യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണസംഘം

B. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

1. മൊകേരി ക്ഷീരോല്പാദക സഹകരണ സംഘം
2. വള്ള്യായി ക്ഷീരോല്പാദക സഹകരണ സംഘം

C. ഉപഭോക്തൃ സഹകരണ സംഘങ്ങൾ

1. പാത്തിപ്പാലം സഹകരണ കൺസ്യൂമർ സ്റ്റോർ വള്ള്യായി.
2. മൊകേരി സഹകരണ കൺസ്യൂമർ സ്റ്റോർ
3. കൂരാറ സഹകരണ കൺസ്യൂമർ സ്റ്റോർ

D. മറ്റുള്ളവ

1. മൊകേരി വനിതാ സഹകരണ സംഘം
2. പാത്തിപ്പാലം വനിതാ സഹകരണ സംഘം

ഇവയിൽ മൊകേരി സഹകരണ കൺസ്യൂമർ സ്റ്റോർ, കൂരാറ സഹകരണ കൺസ്യൂമർ സ്റ്റോർ, പാത്തിപ്പാലം വനിതാ സഹകരണ സംഘം എന്നിവ പേരിന് മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുമായി അവശേഷിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ സർവ്വീസ് സഹകരണ ബേങ്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ രണ്ട് ക്ഷീരോൽപാദക സഹകരണ സംഘങ്ങളാണ്, താരതമ്യേന ലാഭകരമായി പ്രവർത്തിക്കുന്നത്. കൈകാര്യം ചെയ്യുന്ന ഉൽപ്പന്നത്തിന്റെ സ്വഭാവം, വിപണി ഭദ്രമായ വില നിലവാരം എന്നിവയൊക്കെയാണ് ഈ സംഘങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിന്റെ പ്രധാന കാരണം. ഇന്ന് ദിനം പ്രതി മൊത്തം 1250 ലിറ്റർ പാൽ രണ്ട് സംഘങ്ങളിലും കൂടി ശേഖരിക്കുന്നുണ്ട്. ഇതിൽ ഏകദേശം 800 ലിറ്റർ പാല് പഞ്ചായത്തിന് പുറത്താണ് വിറ്റഴിക്കുന്നത്. കൂടുതൽ ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞാൽ ഈ സംഘങ്ങളെ കൂടുതൽ ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കും.

സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അവലോകനം :

1950 ൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് ഇന്നത്തെ മൊകേരി സർവ്വീസ് സഹകരണ ബേങ്കായി പ്രവർത്തിക്കുന്നത്. എന്ന് ആമുഖമായി പറഞ്ഞിരുന്നുവല്ലോ ഇപ്പോൾ ബാങ്കിൽ ആകെ 2533 അംഗങ്ങളാണ് ഉള്ളത് . ഇത് എത്ര കുടുംബത്തിൽ നിന്നുള്ള അംഗങ്ങളാണ് ഉള്ളത് എന്ന് കാണിക്കുന്നതിന് പ്രത്യേകമായ രേഖകളൊന്നും സ്ഥാപനത്തിൽ സൂക്ഷിച്ചു വരുന്നില്ല. പഞ്ചായത്തിൽ ആകെ 2072 കുടുംബങ്ങളും 12645 പ്രായപൂർത്തി എത്തിയവരും നിവസിച്ചു വരുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഈ അടിസ്ഥാനത്തിൽ (സർവ്വീസ് സഹകരണ ബേങ്കിലുള്ള എല്ലാ അംഗങ്ങളും വെവ്വേറെ കുടുംബങ്ങളെ പ്രതിനിധാനം ചെയ്യുന്നു എന്ന് ധരിച്ചാൽ തന്നെ) അംഗസംഖ്യ പ്രായ പൂർത്തിയായവരുടെ 20.03% മാത്രമാണ്. അതിനാൽ പഞ്ചായത്തിലെ അർഹരായ എല്ലാ വ്യക്തികൾക്കും അംഗത്വം നൽകുക എന്ന ലക്ഷ്യം കൈവരിക്കാൻ സർവ്വീസ് സഹകരണ ബേങ്കിന് കഴിയണം.

ഒരു സർവ്വീസ് സഹകരണ ബേങ്കിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ് അതിന്റെ അംഗങ്ങൾക്ക് കാർഷിക വായ്പാസൗകര്യം സൃഷ്ടിച്ചു കൊടുക്കുക എന്നതാണ്. എല്ലാ കർഷകർക്കും വായ്പാസൗകര്യം സൃഷ്ടിക്കാൻ കഴിയുമാറ് ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. അതനുസരിച്ചുള്ള വായ്പാനയം രൂപീകരിക്കുന്നതിന് ബാങ്കിന് കഴിയുന്നില്ല. ഇതിന് സാമ്പത്തിക പരാധീനതയും ഒരു കാരണമാണ്. വായ്പയ്ക്ക് പുറമെ എല്ലാ കർഷകർക്കും വിത്ത്, വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവയും ആദായകരമായും ഗുണമേൻമയോടെയും സ്ഥാപനത്തിന് അതിന്റെ അംഗങ്ങൾക്ക് നൽകാൻ കഴിയണം.

LOCAL ADMINISTRATION INSTITUTE TRISSUR

4335

വായ്പയെ കാർഷികോൽപന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെടുത്തുകയാണ് സർവ്വീസ് സഹകരണ ബേങ്കുകളുടെ മുഖ്യ പ്രവർത്തന ലക്ഷ്യങ്ങളിലൊന്ന്. എന്നാൽ ഈ ദിശയിലേക്കുള്ള യാതൊരു നീക്കവും ബാങ്ക് ഇതുവരെയായി നടത്തിയിട്ടില്ല. പല കർഷകരും ഇന്നും മുൻകൂർ കച്ചവടക്കാരുടെ (ഫോർവേഡ് ട്രയ്ഡ്സ്) കൈപ്പിടിയിൽ തന്നെ അമർന്ന് നിൽക്കുകയാണ്. ആവശ്യത്തിന് മൂലധനമില്ലായ്മയാണ് ഇതിനുള്ള പ്രധാന മാർഗ്ഗതടസ്സമായി സ്ഥാപനത്തിന് ചൂണ്ടിക്കാണിക്കാനുള്ളത്. ഗ്രാമീണ സംഭരണികൾ ഉൾപ്പെടെ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നും ഇപ്പോൾ സ്ഥാപനത്തിനില്ല.

സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ കാര്യമായും ബാങ്കീങ്ങിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് പറയാം. ബാങ്കിങ്ങ് ഇതര പ്രവർത്തനം എന്നത് കേവലം റേഷൻ വിതരണം മാത്രമാണ്. മുൻകാലത്ത് നടത്തിയിരുന്ന ഉപഭോക്തൃ സ്റ്റോർ പോലും ബാങ്ക് വിൽക്കാലത്ത് നിർത്തുകയാണ് ഉണ്ടായത്.

ഉപഭോക്തൃ മേഖല :-

പഞ്ചായത്തിലെ രണ്ടാം വാർഡ് ആസ്ഥാനമായി നേരിയ നിലയിൽ പ്രവർത്തനം നടത്തുന്ന പാത്തിപ്പാലം ഒരേയൊരു ഉപഭോക്തൃ സഹകരണ സംഘം മാത്രമേ ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ. മറ്റ് രണ്ട് ഉപഭോക്തൃ സ്റ്റോറുകൾ കൂടി രജിസ്റ്റർ ചെയ്യപ്പെട്ടതായി കാണുന്നുണ്ടെങ്കിലും അവ ഇതുവരെ യാതൊരു പ്രവർത്തനവും നടത്തിയതായി അറിവില്ല.

ഈ പഞ്ചായത്തിൽ സഹകരണ ഉപഭോക്തൃ മേഖല ഏറെകുറെ നിർജീവമാണെന്ന് തന്നെ പറയാം. പൗരന്മാർ അവരുടെ ദൈനംദിന ഉപഭോഗാവശ്യങ്ങൾക്ക് സ്വകാര്യ വ്യാപാരികളെ മാത്രം ശരണം പ്രാപിക്കേണ്ട അവസ്ഥയാണ് ഇന്നു പഞ്ചായത്തിൽ നിലവിലുള്ളത്.

പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയാക്കിക്കൊണ്ട് ഏറ്റവും കൂടുതൽ ജനപങ്കാളിത്തത്തോടെ പ്രധാന പ്രദേശങ്ങളിലെല്ലാം വിൽപന ഡിപ്പോകളാരംഭിച്ചുകൊണ്ട് ഒരു ഉപഭോക്തൃ സഹകരണ സംഘം അനിവാര്യമാണ്. വിപണിയിലെ വില നിലവാരത്തിന്റെ ഏറ്റക്കുറച്ചിൽ മൂലമുണ്ടാകുന്ന നഷ്ടവും പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ മറ്റു കാരണവശാലുണ്ടാകുന്ന നഷ്ടവും നികത്തികൊടുക്കാനുള്ള സാമ്പത്തിക സഹായം പഞ്ചായത്തും സർക്കാരും ചെയ്യേണ്ടതാണ്. പൊതു വിതരണം കാര്യക്ഷമമാക്കുക എന്ന സർക്കാർ നയം പ്രാവർത്തികമാക്കുക എന്നത് ഇത്തരം ഒരു സംരംഭത്തിലൂടെ കൂടുതൽ കാര്യക്ഷമമാകും.

നെയ്ത്ത് സഹകരണ സംഘങ്ങൾ : –

സഹകരണ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് അംഗങ്ങളെ ഇടത്തട്ടുകാരെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുക എന്നതാണ്. കഴിഞ്ഞ 35 വർഷമായി കൈത്തറി സഹകരണ സംഘങ്ങൾ കൈത്തറി മേഖലയിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും അവയ്ക്കും അവയുടെസം സ്ഥാനതല (APPEX) സ്ഥാപനമായ HANTEX ഇതുവരെ ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. തുണി ഉല്പാദനത്തിൽ ഇപ്പോഴും നിർണ്ണായകമായ കണ്ണികളായി പ്രവർത്തിക്കുന്നത് മധ്യവർത്തികളായ സഹകാര്യ വ്യാപാരികളാണ്. സംഘങ്ങൾക്കും അതു വഴി അംഗങ്ങൾക്കും അർഹമായും ലഭിക്കാൻ സാധ്യതയുള്ള ലാഭത്തിന്റെ സിംഹഭാഗവും ഈ മധ്യവർത്തി ചൂഷകവിഭാഗം ഏജൻസി എന്ന ഓമനപ്പേരിൽ തട്ടിയെടുക്കുന്നു. ഇതു മാറ്റി കയറ്റുമതിക്കുള്ള എല്ലാ പ്രവർത്തനവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള സഹകരണ അർദ്ധസർക്കാർ ഏജൻസികൾ വഴി നടത്തപ്പെടേണ്ടതാണ്. യാതൊരു കാരണവശാലും സഹകാര്യ വ്യാപാരികളെ കയറ്റുമതിയുമായി ബന്ധപ്പെടുത്തരുത്. ഇതോടുകൂടി തൊഴിലാളികൾക്ക് കൂടുതൽ കൂലി നൽകാൻ കഴിയുകയും ഈ രംഗത്ത് നിന്നുള്ള തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് ഒരു പരിധിവരെ തടയാനും സാധിക്കും.

പ്രാഥമിക സംഘംങ്ങൾ അഭീമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം തോഴിലാളികൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല എന്നുള്ളതാണ് ആവശ്യമായ യന്ത്രവൽകരണവും നവീകരണവും നടത്തി ഉല്പാദന മേഖല കൂടുതൽ സമ്പുഷ്ടവും ശക്തവും ആക്കുന്നതിന് നയപരമായസമീപനം ആവശ്യമാണ്.

മറ്റ് വ്യവസായ സഹകരണ സംഘങ്ങൾ : –

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് വ്യവസായ സഹകരണസ്ഥാപനങ്ങളും ശൈശവ ദശയിലാണ്. വസ്ത്ര നിർമ്മാണം ഏറ്റെടുത്ത് നടത്തുന്ന വള്ള്യായി ഗാർമെൻറ്സ് വ്യവസായ സഹകരണ സംഘത്തിൽ 10 അംഗങ്ങൾ ഉണ്ടെങ്കിലും അവർക്കെല്ലാം മുഴുവൻ സമയ ജോലി നൽകുന്നതിന് സംഘത്തിന് കഴിഞ്ഞിട്ടില്ല. വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, വിപണി മൂലധനം എന്നിവയാണ് ഈ സംഘത്തെ അഭീമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

മൊകേരി യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണ സംഘം 24/10/92 ന് ആരംഭിച്ചിട്ടുണ്ടെങ്കിലും. അതിന്റെ ഉൽപാദനം ഇതുവരെ ആരംഭിച്ചിട്ടില്ല. NCDC യുടെ സാമ്പത്തിക സഹായവും സർക്കാർ ഓഹരി മൂലധന സഹായവും ഒക്കെ ലഭിച്ചിട്ടും ഉൽപാദന രംഗത്തേക്ക് സംഘത്തിന് വരാൻ കഴിയാതിരിക്കുന്നത് ആശങ്കാജനകമാണ്. സംഘത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കുകയും പ്രവർത്തനം വിപുലീകരിച്ച് തൊഴിലവസരം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്..

ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ : –

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളെ കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇവ രണ്ടും 94 ൽ ഓഡിറ്റ് ചെയ്ത കണക്കനുസരിച്ച് നഷ്ടത്തിലാണ് . കൂടുതൽ ജന പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഒരു സഹാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നതിന് വിഷമമില്ല. മതിയായ ശീതീകരണങ്ങളും മറ്റ് ആധുനീക സൗകര്യങ്ങളുമില്ലാത്തതുകൊണ്ട് അംഗങ്ങൾ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഘങ്ങൾക്ക് ദിവസവും ശേഖരിക്കാൻ കഴിയുന്നില്ലെന്നുള്ളത് ഈ സംഘങ്ങളുടെ പ്രവർത്തനത്തിലെ ന്യൂനതയാണ്. പാലിനെ ആസ്പദമാക്കിയുള്ള പാലുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നവീന പദ്ധതികൾ സർക്കാർ നടപ്പിൽ വരുത്തുകയുണ്ടായെങ്കിലും അത്തരം പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സംഘങ്ങൾ ഇതുവരെ തൃപ്തികരമായ സംഭാവനയൊന്നും ചെയ്തിട്ടില്ല.

നിർമ അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിൽ സംഘങ്ങൾക്ക് ഭീഷണിയായി മാറുകയാണ്. അവയുടെ വിൽപ്പന ശൃംഖല ഗ്രാമ പ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നതും ക്ഷീരോല്പാദന സഹകരണ സംഘങ്ങളുടെ വിൽപ്പന സാധ്യത കുറഞ്ഞു കുറഞ്ഞു വരികയാണ്. ഇത് കർശനമായും ഒഴിവാക്കുന്നതിന് സർക്കാർ ആവശ്യമായനയ രൂപീകരണം നടത്തേണ്ടതാണ്.

വനിതാ സഹകരണ സംഘങ്ങൾ : –

പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയിലാക്കി 19922 സെപ്തംബർ മുതൽ ഒരു വനിതാ സഹകരണ സംഘം പ്രവർത്തിച്ചു വരുന്നു. കേവലം 14,300 രൂപ വിരിഞ്ഞു കിട്ടിയ ഓഹരി മൂലധനമുള്ള ഈ സംഘത്തിൽ മൂന്നംഗങ്ങളാണുള്ളത്. ഇത് പഞ്ചായത്തിലെ വനിതകളുടെ ഒരു നേരിയ ശതമാനംപോലുമാകുന്നു. അതുകൊണ്ട് തന്നെ ഈ സഹാപനത്തിന് പൊതുജന വിൻബലമില്ല. എന്നു പറയാം. സംഘം നിലവിൽ പറഞ്ഞിരിക്കുന്ന വായ്പേതര പ്രവർത്തനങ്ങളൊന്നും സംഘം നടത്തി വരുന്നില്ല. വനിതാ വികസനത്തിന്റെ ദിശയിൽ ഈ സംഘത്തിന് അധികമൊന്നും സഞ്ചരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പറയാം. പുതിയ സഹകരണ സംരംഭങ്ങളെ കുറിച്ചുള്ള കുറിപ്പ് പ്രത്യേകം കാണുക.

സ്കൂൾ സഹകരണ സംഘങ്ങൾ : –

ഇവയ്ക്ക് പുറമെ ഈ പഞ്ചായത്തിൽ രണ്ട് സ്കൂൾ സഹകരണ സംഘങ്ങൾ

പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും തൃപ്തികരമാണെന്ന് പറഞ്ഞു കൂടാ. വിപുലന വർദ്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഈ സംഘങ്ങളുടെ പ്രവർത്തനം ശക്തമാക്കേണ്ടതും സാധ്യതയുള്ള പുതിയ സ്കൂളുകളിൽ സഹകരണ സംഘങ്ങൾ തുറന്നു പ്രവർത്തിക്കേണ്ടതുമാണ്. സ്കൂൾ സഹകരണ സ്റ്റോറുകൾക്ക് ഞായത്ത് നേരിയ തോതിലെങ്കിലും അവയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

സാധ്യതകൾ : –

a. പുതിയ സഹകരണ സംഘങ്ങളുടെ രൂപീകരണം : –

1. കശുമാവ് അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ചു കൊണ്ടുള്ള ഒരു സഹകരണ സ്ഥാപനം വള്ളിയായി കേന്ദ്രമാക്കി വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്താൻ സാങ്കേതിക വിദഗ്ദ്ധരെകൊണ്ടും ഇതിനുള്ള സാധ്യത പരിശോധിപ്പിക്കുക.

2. ഏറ്റവും കുറഞ്ഞത് 10 സെൻറ് ഭൂമിയെങ്കിലും കൃഷി ആവശ്യങ്ങൾക്ക് വിട്ടു കൊടുക്കാൻ കഴിവുള്ള അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്ത് കേന്ദ്രമാക്കി ഒരു പഴം പച്ചക്കറി സഹകരണ സംഘം.

നവംബർ മുതൽ മെയ് മാസം വരെ 7 മാസക്കാലം കൃഷിഭൂമി തരിശ്ശായി ഇടുന്ന കർഷകരെയും ജലസേജന സൗകര്യമുള്ള കരപ്രദേശങ്ങളിലുള്ള കർഷകരെയും സംഘടിപ്പിച്ച് അവർക്ക് തൊഴിലവസരങ്ങളും അതുവഴി ആദായവും വർദ്ധിപ്പിക്കുന്നതിന് ഇത്തരം സ്ഥാപനങ്ങൾക്ക് ഉപകരിക്കും അന്യ സംസ്ഥാനത്തുള്ള പച്ചക്കറിക്ക് വേണ്ടി ആശ്രയിക്കുന്ന നമുക്ക് ഇത് ഒരു അനുഗ്രഹമായിരിക്കും.

3. പട്ടുനൂൽ പുഴുവളർത്തലിന് പഞ്ചായത്തിലെ ഒരുനല്ല വിഭാഗം യുവാക്കളും ആഭിമുഖ്യം കാണിക്കുന്നത് കൊണ്ട് ഒരു പട്ടുനൂൽപുഴു വളർത്തി സഹകരണ സംഘം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്.

4. ഇപ്പോൾ നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘം അതിന്റെ പ്രവർത്തനം പഞ്ചായത്ത് മുഴുവൻ വ്യാപിപ്പിക്കുകയോ അല്ലെങ്കിൽ കൂടുതൽ ജന പങ്കാളിത്തത്തോടെ ഒരു പുതിയ സംരംഭം ആരംഭിക്കുകയോ ചെയ്യേണ്ടതാണ്.

5. ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി : –

അസംഘടിതമായ നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിക്കുകയും സമൂഹത്തിന്റെയും ഉന്നമനത്തിനായി ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

6. വിവിധോദ്ദേശം-വനിതാ വനിതാ സഹകരണ സംഘം : –

1. വാസ്തുനിർമ്മാണം
2. തീപ്പെട്ടി നിർമ്മാണം
3. കുട നിർമ്മാണം
4. സോപ്പ് നിർമ്മാണം
5. അച്ചാർ നിർമ്മാണം
6. തുകൽ നിർമ്മാണം
7. കോഴി വളർത്തൽ
8. നോട്ട് ബുക്ക് നിർമ്മാണം തുടങ്ങിയ വനിതകളുടെയിടയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങളും വായ്പേതര പ്രവർത്തനവും അവരുടെ ഇടയിൽ മിതവ്യയ ശീലം വളർത്തിയെടുക്കുന്നതിന് സഹായകമാകുമാറ് നിക്ഷേപ സമാഹരണവും നടത്താൻ കഴിയുന്ന ഒരു വിവിധോദ്ദേശ സഹകരണ സംഘം പഞ്ചായത്തിൽ സ്ഥാപിച്ചു പ്രവർത്തിക്കേണ്ടതാണ്.

7. ഗൾഫ് മലയാളികൾക്ക് ക്രെഡിറ്റ് സ്ഥാപനം : –

ഗൾഫ് മലയാളികളുടെ വരുമാനം നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അവരുടെ സമ്പാദ്യം പഞ്ചായത്തിലേക്ക് തന്നെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിക്കുവാനും അവരുടെ ഇടയിൽ നിലവിലുള്ള പാഴ്ചെലവിന്റെ സ്വഭാവം കുറച്ചുകൊണ്ട് വന്ന് അവരിൽ മിത വ്യയ സമ്പാദ്യ ശീലം വളർത്തിയെടുക്കുന്നതിനും കഴിയുമാറ് ഒരു വായ്പാസഹകരണ സംഘം അവർക്ക് വേണ്ടി മാത്രം രജിസ്റ്റർചെയ്ത് പ്രവർത്തിപ്പിക്കുക. സംഘാടനം പ്രവർത്തനം എന്നീ കര്യങ്ങളിലെ വിശദാംശങ്ങൾ ചർച്ച ചെയ്ത് രൂപപ്പെടുത്തുക.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

1991 ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 154 പട്ടിക ജാതിക്കാരും 12 പട്ടികവർഗ്ഗക്കാരും ഉണ്ട്. യഥാർത്ഥ വിവരശേഖരണ പ്രകാരം 32 കുടുംബങ്ങളിലായി 172 പട്ടികജാതിക്കാരെ കണ്ടെത്തിയിട്ടുണ്ട്. പട്ടികജാതി കോളനികൾ ഈ പഞ്ചായത്തിൽ ഇല്ല. വിവിധ വാർഡുകളിലായി മറ്റ് ജനവിഭാഗങ്ങളോടൊപ്പം ഇടകലർന്ന് ജീവിക്കുന്നു.

വാർഡ്	ജനസംഖ്യ		
	പുരുഷൻ	സ്ത്രീ	ആകെ
1			
2	15	24	39
3	14	19	33
4	7	14	21
5	6	5	11
6	12	13	25
7	12	14	26
8	4	2	6
9	6	5	11
ആകെ	76	96	172

വിദ്യാഭ്യാസ കാര്യത്തിൽ പൊതുവെ നിലമെച്ചമാണ്. എന്നാൽ എസ്. എസ്.എൽ. സി. കഴിഞ്ഞാൽ പഠിത്തം നിർത്തുന്ന പ്രവണതയുണ്ട്. നിലവിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരിമിതമാണ്.

നിരക്ഷരർ	പ്രൈമറി	സെക്കൻററി	എസ്. എസ്. എൽ. സി. പാസ്സായവർ	പി. ഡി. സി.	പി. ഡി. സി.	ബിരുദ ധാരികൾ	ബിരുദാനന്തര ബിരുദ ധാരികൾ	വിദ്യാർത്ഥികൾ
11	43	25	136	12	12	5	2	32

തെയ്യം കെട്ടൽ, ഹസ്തരേഖാശാസ്ത്രം തുടങ്ങിയ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവരും കുലിവേല ചെയ്യുന്നവരുമാണ് കൂടുതൽ. അർദ്ധസർക്കാർ, സർക്കാർ മേഖലയിൽ 8 പേർ ജോലി ചെയ്യുന്നുണ്ട്

എല്ലാ ചടങ്ങുകളിലും എല്ലാവരും ഒരുപോലെ പങ്കെടുക്കുന്നുണ്ട്. ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലവിലില്ല. സാമൂഹ്യ പദവിയിൽ ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തിയെങ്കിലും സാമ്പത്തിക തുല്യത കൈവരിച്ചുവെന്ന് പറയാൻ കഴിയില്ല. ഭൂസ്വത്തുക്കളുടെ കൈവശാവകാശം ഇവരിൽ കുറവാണ്. രാഷ്ട്രീയ സാമൂഹ്യ-സാംസ്കാരിക സംഘടനാ നേതൃത്വത്തിൽ ഇവർ കുറവുമാണ്.

പ്രശ്നങ്ങൾ:

1. അഭ്യസ്ഥവിദ്യരുടെ ഇടയിലെ തൊഴിലില്ലായ്മ
2. വീട് നിർമ്മാണത്തിനും മറ്റ് അടിസ്ഥാനസൗകര്യങ്ങൾക്കും അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണ്.
3. ധനസഹായം സംബന്ധിച്ചും മറ്റ് പദ്ധതി കൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നില്ല.
4. ആനുകൂല്യങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.
5. ക്ഷേമ പദ്ധതികൾ ഫലപ്രദമായി പ്രജോനപ്പെടുന്നില്ല.

സാധ്യതകൾ:

1. തൊഴിൽ പരിശീലനവും പരിശീലനം നേടിയവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ വായ്പകളും ധനസഹായവും നൽകുക.
2. ക്ഷേമ പദ്ധതികളും ധനസഹായങ്ങളും പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക. ഇതിലേക്കുള്ള കാലതാമസവും നടപടിക്രമങ്ങളും ലഘൂകരിക്കുക.
3. വിവിധ വകുപ്പുകളിൽ കൂടി വിതരണം ചെയ്യുന്ന ധനസഹായവും മറ്റും ഏകോപിച്ച് പഞ്ചായത്ത് മുഖാന്തിരം അനുവദിക്കുക.
4. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവർക്ക് പ്രോത്സാഹനവും സംരക്ഷണവും നൽകുക.

++++++++

സംസ്ക്കാരം

അറിയപ്പെടാത്തതും, എഴുതപ്പെടാത്തതുമായ ഒരു സാംസ്കാരിക പാരമ്പര്യം പോയനാളിന്റെ ഉള്ളറകളിലെങ്ങോ ഒളിപ്പിച്ചുവെച്ച ഒരു ഗ്രാമമാണ് മൊകേരി. എങ്കിലും ഭൂതകാലത്തിന്റെ ധന്യസ്മൃതികൾ പുതിയ മനസ്സുകൾക്ക് പ്രചോദനമായി കൈമാറാൻ ഏറെകരുക്കളൊന്നും ലഭിച്ചിട്ടില്ല. ഇല്ലപറമ്പുകളുടെയും അമ്പലങ്ങളുടെയും ചില മഹത്തുക്കളുടെയും പേരുകൾ സമ്പന്നമായ ഒരു ഗതകാല സംസ്കാരത്തിന്റെ ചൈതന്യധാര തുടിക്കുന്ന മുഖമുദ്ര തന്നെയാണ്. സ്മൃതി പഥങ്ങളിൽ തിളങ്ങി നിന്നിരുന്ന ആ സംസ്കാരത്തിന്റെ കണ്ണികൾ എന്ന്, എവിടെ വെച്ച് അറ്റുപോയെന്ന് വ്യക്തമല്ല.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പിറവിയോടുകൂടി മാത്രമാണ് വിദ്യാഭ്യാസത്തിന്റെ വെളിച്ചം അങ്ങിങ്ങായി മൊകേരിയിൽ എത്തിയിരുന്നത്. വിദ്യാദാനത്തിന്റെ മഹത്വം മനസ്സിലാക്കിയ ചിലരുടെ നിസ്വാർത്ഥമായ സംഭാവനകളാണ് മൊകേരിയിൽ സ്ഥാപിക്കപ്പെട്ട പ്രൈമറി സ്കൂൾ എല്ലാം തന്നെ. എങ്കിലും സ്വാതന്ത്ര്യപ്രാപ്തിടെ ഒരു നൂറ്റാണ്ട് മുമ്പ് മൊകേരിയിൽ സബ്ജഡ്ജിയായും ദിവാൻ പേഷ്കാരായും സേവന മനുഷ്ഠിച്ചവർ ഉണ്ടായിരുന്നു. ആതുര സേവനരംഗത്ത് നിസ്വാർത്ഥമായി പ്രവൃത്തിച്ചിരുന്ന മഹാ വൈദ്യന്മാരുടെ ഒരു നിര തന്നെ മൊകേരിയിലുണ്ടായിരുന്നു.

സുശക്തമായ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിനേറയോ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയോ സ്വാധീനമോ, സാന്നിദ്ധ്യമോ എടുത്തുപറയത്തക്കതായി ഒന്നുമുണ്ടായിരുന്നില്ല. പാടൃത്ത് ഭൂജാതനായ വാഗ്ഭടാനന്ദ ഗുരുദേവരുടെ ആത്മ വിദ്യാസംഘത്തിന്റെ പ്രചാരകരും, പ്രവർത്തകരും ഇവിടെ ഉണ്ടായിരുന്നു. പരേതരായ സർവ്വ ശ്രീ. ഐ. കെ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, ഐ. വി. കരുണാകരൻ മാസ്റ്റർ, പി.സി. കുഞ്ഞിരാമൻ, മുതുവന കുഞ്ഞിക്കണ്ണൻ എൻ. കുഞ്ഞിക്കണ്ണൻ ഗുരുക്കൾ, എന്നിവരാണ് ഇതിൽ പ്രധാനികൾ. മൊകേരിയുടെ സാംസ്കാരികചരിത്രത്തിൽ ശ്രീ. കെ. യം. കൃഷ്ണൻ മാസ്റ്ററുടെ സംഭാവനകൾ അനശ്വരമാണ്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മൊകേരിയിൽ സജീവമായത്. ചെറുതും വലുതുമായ എല്ലാ രാഷ്ട്രീയ പാർട്ടികളും ഇന്ന് ഇവിടെ പ്രവൃത്തിച്ചുവരുന്നു. സാംസകാരിക രംഗത്തും, സാമൂഹ്യരംഗത്തും, അമൂല്യമായ സംഭാവനകൾ അർപ്പിച്ചുട്ടുള്ളതാണ്. മൊകേരിയിലെ ഗ്രന്ഥ ശാലകളുടെയും വായനശാലകളുടെയും ആരംഭകാലത്ത് തന്നെയുള്ള പ്രവർത്തനങ്ങൾ.

മൊകേരിയിൽ 11 വായനശാല ആൻഡ് ഗ്രന്ഥാലയവും, ഒരു വായനശാലയും പ്രവൃത്തിച്ചുവരുന്നു. 1947 ലാണ് മൊകേരി സുഹൃജ്ജന വായനശാല സ്ഥാപിതമായത്. കുരാറയിൽ ഇതിന്റെ സ്ഥാപനത്തിന്ന് സംഘാടകരായി പ്രവർത്തിച്ചവർ ആദരണീയരായ സർവ്വ ശ്രീ. സി. പി. ഗോപാലൻ മേസ്ത്രി, ഐ. വി. കരുണാകരൻ മാസ്റ്റർ, പി. യം. കൃഷ്ണൻ മാസ്റ്റർ, എം. ഇ. ഗോവിന്ദൻ മാസ്റ്റർ തുടങ്ങിയവരാണ്. പിന്നീട്, ഇതിന് സ്ഥിരം കെട്ടിടത്തിന് സ്ഥലം സംഭാവന ചെയ്തത് ശ്രീ. നള്ളിച്ചികുഞ്ഞിക്കുട്ടി എന്ന ഉദാരമതിയായ മഹൽ വ്യക്തിയായിരുന്നു.

നിരവധി സംസ്കാരിക പ്രവർത്തനങ്ങളിലൂടെ ജനമനസ്സുകളിൽ തെളിഞ്ഞു നില്ക്കുന്ന ഒരു സ്ഥാപനമായി ഇത് മാറിയിട്ടുണ്ട്. വാർഷികാഘോഷങ്ങളും ഗാന്ധിജയന്തി ആഘോഷങ്ങളും സ്ഥിരമായി ജനപങ്കാളിത്തത്തോടെ ഉൽസവഛായയോടെ ആഘോഷിച്ചുവരുന്നു. രണ്ടാമതായി 1957 ൽ സ്ഥാപിക്കപ്പെട്ടത് മൊകേരിദേശീയ വായനശാലയാണ്. സർവ്വ ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്ററർ സി. സി. കോരൻ, എം. പി. കുഞ്ഞിക്കണ്ണൻ മേസ്ത്രീ. ഐ. വി. ദാസ് തുടങ്ങിയവരാണ് ഇതിന്റെ സ്ഥാപക പ്രവർത്തകരിൽ ചിലർ. സാംസ്കാരിക പ്രവർത്തനത്തിലും സാമൂഹിക പ്രവർത്തനത്തിലും ശ്രദ്ധേയമായ സംഭാവനകൾ ഈ സ്ഥാപനം വഴി മൊകേരിക്ക് ലഭിച്ചിട്ടുണ്ട്. 1967 ൽ സ്ഥാപിച്ച നവോദയ വായനശാല ആൻഡ് ഗ്രന്ഥാലയം മൊകേരിയുടെ സാംസ്കാരിക രംഗത്തെ പുത്തനുണർവ്വിന് സാക്ഷ്യം വഹിക്കുന്ന ഒരു നൈതീക പ്രതീകമാണ്.

പഞ്ചായത്തിൽ 16 ഓളം ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ വാർഷികാഘോഷങ്ങളിലും വല്ലപ്പോഴും നടത്തുന്ന കലാകായിക പ്രവർത്തനങ്ങിളിലും ഒതുങ്ങുന്നു. കൂരാറ കേന്ദ്രമായി പ്രവർത്തിക്കുന്ന ' ഫിനിക്സ് എല്ലാ വർഷവും ഉത്തര മേഖല നാടക മത്സരം സംഘടിപ്പിക്കാറുണ്ട്. മുത്താറിപ്പീടികയിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി യൂത്ത് കലാവേദിയും സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂരാറയിലെ ''ഫൈറ്റേഴ്സ്'' എന്ന സ്ഥാപനവും പ്രവർത്തന ക്ഷമതയുള്ളതാണ്.

നിലവിലുള്ള എല്ലാ വർത്തമാന പത്രങ്ങളും, പ്രധാന വാരികകളും, ബാലമാസികകളും, വനിതാ മാസികകളും, ദൈവാരികകളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. വായനയുടെ അർത്ഥ ബോധം സ്വാംശീകരിക്കാത്ത നിരവധി വായനക്കാർ ഈ പഞ്ചായത്തിലുണ്ട്. ടി. വി. യുടെ സ്വാധീനം വീടുകളിലും,. സാസ്കാരിക സ്ഥാപനങ്ങളിലും വർദ്ധിച്ചുവരുന്നുണ്ട്. ഡിഷ് ആൻറിനകളുടെ പ്രസാരണവും പഞ്ചായത്തിലുണ്ട്. കാബിൾ ടി. വി. ഇല്ല. വീഡിയോ ഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്.

മൊകേരിയിലെ പ്രധാനപ്പെട്ട ഒരു ആരാധനകേന്ദ്രമാണ് വള്ളങ്ങാടിനടുത്തുള്ള ഗുരുസന്നിധി. വിപുലമായ ആഘോഷ പരിപാടികൾ വർഷം തോറും ഇവിടെ നടത്താറുണ്ട്. ഇവിടെ വെച്ച് വിവാഹകർമ്മങ്ങൾ നടത്താറുണ്ട്. ശ്രീ നാരായണ ജയന്തിയുടെ ഭാഗമായി ചതയ ദിനം ഇവിടെയും മറ്റെല്ലായിടത്തും ആഘോഷിച്ചുവരുന്നുണ്ട്. തെയ്യക്കാവുകളും, ക്ഷേത്രങ്ങളും അമ്പലങ്ങളും, പള്ളികളും, സ്രാമ്പികളും മൊകേരിയിലെ മറ്റ് ആരാധനാലയങ്ങളാണ്.

സാംസ്കാരിക രംഗത്ത് സ്ത്രീകളുടെ മുന്നേറ്റം ഇല്ലെന്നു തന്നെ പറയാം.എങ്കിലും സാമൂഹ്യ ബോധമുള്ളവരാണ് മൊകേരിയിലെ സ്ത്രീകൾ. 1968-70 കാലത്ത് പ്രൊഫഷണൽ നാടകങ്ങളിൽ മാത്രം സ്ത്രീ കഥാപാത്രങ്ങളെ സ്ത്രീ അവതരിപ്പിച്ചിരുന്ന ഘട്ടങ്ങളിൽ, അമേച്വർ വേദികളിൽ പുരുഷന്മാരായിരുന്നു സ്ത്രീവേഷം ചെയ്തിരുന്നത്. എന്നാൽ കടേപ്രത്തുള്ള ശ്രീമതി പി. വി. മാതുവും, കൂരാറയിൽ കോമത്ത് നാണിയും 'കാഫറിലെ' സ്ത്രീ കഥാ പാത്രങ്ങൾക്ക് ജീവൻ പകർന്നവരാണ്. 1950 കളിൽ അറിയപ്പെടുന്ന നാടക സംഘങ്ങൾ കൂരാറയിൽ ഉണ്ടായിരുന്നു. സുഹൃജന വായനശാലയുടെ ഭാഗമായി നിരവധി നാടകനടന്മാർ ഉണ്ടായിട്ടുണ്ട്. ഇതിനും പുറമെ നാടകരംഗത്ത് ശ്രദ്ധേയരായ ചിലരിൽ എൻ. പി. ദാമോദരൻ മാസ്റ്റർ, ടി. പി. രാജൻ, വി.പി. ബാലൻ, ആച്ചിലാട്ട് സഹോദരന്മാർ എന്നിവരും ഉൾപ്പെടുന്നു. 1950 കളിൽ മലബാറിലാകെ അ

റിയപ്പെട്ടിരുന്ന ആളായിരുന്നു കൂരാറ ഇല്ലത്തെ കുഞ്ഞപ്പ നായർ. നൃത്ത സ്ഗീത നാടകങ്ങളിൽ നളന്റെറ വേഷമായിരുന്നു അദ്ദേഹത്തിന്റേറത്.

പൂരക്കളി, കോൽക്കളി, കളരി എന്നീ കായിക, കലകളുടെ പാരമ്പര്യം നമ്മുടെ പഞ്ചായത്തിനുണ്ട്. കൃഷ്ണൻ ഗുരിക്കൾ, കൂതാന ആച്ചിയാട്ട് ചെക്കോട്ടി ഗുരുക്കൾ, കെ. ടി.ഗോവിന്ദൻ,കെ. ടി. കുഞ്ഞിക്കണ്ണൻ കെ. ടി. അച്ചുതൻ എന്നിവർ ഈ മേഖലയിലെ ശ്രദ്ധേയരാണ്.

മൊകേരി- പാറേമ്മൽ പ്രവർത്തിച്ചുവരുന്ന പഞ്ചായത്ത് സാസ്കാരിക കേന്ദ്രം 1993 ലാണ് സ്ഥാപിക്കപ്പെട്ടത്. ഇതിന്റെറ നിർമ്മാണത്തിന് സ്ഥലം സംഭാവന ചെയ്തത് റഡ് യങ്ങ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബും, ശ്രീമാൻ. ടി. കെ. പ്രഭാകരനുമാണ്. ടി. വിയും,വായനശാലയും ഈ സ്ഥാപനത്തിലുണ്ട്.

പഞ്ചായത്തിൽ ആകെ 16 കലാകായിക സ്ഥാപനങ്ങളുണ്ട്. ഇവയിൽ 3 എണ്ണത്തിന് മാത്രമെ സംഗീകനാടക അക്കാഡമിയിൽ അംഗത്വമുള്ളത്. കടേപ്രം യുവജന കലാവേദി സാമൂഹ്യ ക്ഷേമവകുപ്പിന് വേണ്ടി, അയിത്തത്തിനെതിരെ ' കുട്ടിത്തമ്പുരാട്ടി' എന്ന നാടകം സംസ്ഥാനത്തുടനീളം അവതരിപ്പിച്ചിരുന്നു. സഹൃദയ കലാവേദിയും ഗൗരവപൂർണ്ണമായ നാടകപ്രവർത്തനങ്ങൾ മുമ്പ് നടത്തിയിരുന്നു. സുഹൃജ്ജന കലാവേദിയും സജീവമായ.ി നാടകരംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്. 1984 ൽ ഈ സ്ഥാപനം അഖിലകേരള നാടകോൽസവത്തിൽ സമ്മാനം നേടിയിരുന്നു. ഇന്ന് ഇവയെല്ലാം നിശ്ചലമാണ്.

ഹിന്ദു ഭൂരിപക്ഷ പ്രദേശമാണ് മൊകേരി. മുസ്ലീങ്ങളും മൊകേരിയിൽ ധാരാളമുണ്ട്. സൗഹൃദത്തിന്റെറ സാമൂഹിക അന്തരീക്ഷം എന്നും മൊകേരിയിൽ കാത്തു സൂക്ഷിച്ചിരുന്നു. ഹിന്ദുമതത്തിലെ മറ്റ് ജാതികളും, ഉപജാതികളും ഇവിടെയുണ്ട്. ഇതിൽ ഏറിയ ഭൂരിപക്ഷവും തീയ്യരാണ്. തീയ്യരുടെ ഇടയിൽ വളരെ മാതൃകാ പരമായ ഒരു വിവാഹസമ്പ്രദായം നിലനിന്നിരുന്നു. ഏറെ മുമ്പ് തന്നെ മൊകേരിയുടെ സാമൂഹിക ജീവിതത്തിൽ സ്ത്രീയും പുരുഷനും തുല്യത പങ്കിട്ടിരുന്നു. വാണിയ, തുടങ്ങിയ വിഭാഗങ്ങളുടെ വിവാഹം രാത്രിയിൽ നടന്നുവന്നിരുന്നു. 'സംബന്ധം' എന്നറിയപ്പെട്ടിരുന്ന ലഘുവായ ഒരു കല്യാണ രീതി ഇവിടെ നിലവിലുണ്ടായിരുന്നു. മുമ്പ് മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നു. അച്ഛന്റെറ മരണ നേരത്ത് തന്നെ മക്കൾ പടിയിറങ്ങേണ്ടിവന്നിരുന്നു. ജനനം, മരണം,വിവാഹം എന്നീ അവസരങ്ങളിൽ ഓരോ വിഭാഗങ്ങൾക്കും പല വിധ ആചാരങ്ങളും നിലവിലുണ്ടായിരുന്നു. മാറ്റ്, പുലകുളി, മുതലായ മരണാനനന്തര ചടങ്ങുകൾ ഇല്ലാതായെങ്കിലും നാല്പത്തൊന്നാം നാൾ എന്ന ചടങ്ങ് നിലനില്ക്കുന്നു. കല്യാണത്തിന് പെൺ വീട്ടുകാർക്ക് നൽകിവന്നിരുന്ന കാണം, കെട്ടിക്കിറിക്ക, അടയാളപണം, മച്യൂനിയൻ പണം, പുടവകൊടുക്കൽ, തുടങ്ങിയവയിൽ ചിലത് പേരിന് മാത്രമുണ്ട്.

കാർഷിക ജീവിതവുമായി കണ്ണിചേർക്കപ്പെട്ടിട്ടുള്ള തുലാം 10 , ഉച്ചാർ തുടങ്ങിയവയുടെ പകിട്ട് വർഷം തോറും കുറഞ്ഞു വരുന്നു.മുമ്പുണ്ടായിരുന്ന നാടൻ കലാരൂപങ്ങളായ വേടൻ പാടൽ, ഗോതാമൂരിപ്പാട്ട് തുടങ്ങിയവ അപ്രത്യക്ഷമായിരിക്കുന്നു. വയലേലകളെ പുളകമണിയിച്ചിരുന്ന നാടൻ പാട്ടുകൾ, ഇന്ന് കല്യാണരാവുകളെ ധന്യമാക്കുന്നു.

ഈ ഗ്രാമത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഏറെ സജീവമാക്കി. മനുഷ്യമനസ്സുകളെ സാംസ്കരിച്ച് ഉന്മയുടെ മേഖലയിലേക്ക് തിരിച്ചുവിടാൻ കാലം വൈകി.

പ്രശ്നങ്ങൾ

1. തനത് കലകളുടെ നാശം
2. വായനശാലകളും ഗ്രന്ഥാലയങ്ങളും നേരിടുന്ന പ്രശ്നങ്ങൾ
3. വായനശാലത്തിലെ ആധുനിക പ്രവണതകൾ
4. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരം
5. വിവാഹത്തിലെ ആർഭാടം
6. കായികവിനോദ സൗകര്യങ്ങളുടെ അപര്യാപ്തത
7. കലാസമിതികളും മറ്റും നേരിടുന്ന പ്രശ്നങ്ങൾ

സാധ്യതകൾ, നിർദ്ദേശങ്ങൾ

1. വായനശാലകളിൽ നിന്ന് പുസ്തകങ്ങൾ വായനക്കാരന്റെ കയ്യിൽ കൊണ്ടു ചെന്ന് എത്തിക്കണം.
2. വീഡിയോ ക്ലബ്ബുകൾ രൂപീകരിക്കണം.
3. പ്രാദേശികമായ പൊതു ആഘോഷങ്ങളും, ഉത്സവങ്ങളും കൂട്ടായ്മയോടെ നടപ്പിലാക്കണം.
4. ഇൻഫർമേഷൻ ഗൈഡൻസ് സെൻററായി വായനശാലകൾ മാറണം.
5. കായിക വിനോദസൗകര്യങ്ങളും സ്പോർട്സ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
6. കലാസമിതികൾക്ക് പ്രോത്സാഹനം നൽകുക.
7. ആർഭാടങ്ങൾക്കെതിരെ ബോധവല്ക്കരണം നടത്തുക.
8. നാടൻ കലകൾക്ക് പ്രോത്സാഹനം കൊടുക്കുക. അന്യം നിന്നുപോകുന്ന നാടൻ പാട്ടുകൾ, കലാരൂപങ്ങൾ എന്നിവ ഓഡിയോ വീഡിയോ ടാപ്പുകളിൽ റിക്കാർഡു ചെയ്തു സൂക്ഷിക്കുക.
9. സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം ശക്തമാക്കുക.
10. കെട്ടിടങ്ങളില്ലാത്തതുകൊണ്ടു പ്രവർത്തനം നിലച്ച വായനശാലകൾ, ഗ്രന്ഥാലയങ്ങൾ പുനർജ്ജീവിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുക.

❑❑❑



വനിതാക്ഷേമം

പുരാണിക ഇന്ത്യൻ സംസ്ക്കാരത്തിന് സ്ത്രീകൾക്ക് സമൂഹത്തിൽ ഉന്നതമായ സ്ഥാനമുണ്ടായിരുന്നു. വേദ കാലഘട്ടത്തിന്റെ ആദ്യകാലങ്ങളിൽ പുരുഷൻമാരൊന്നിച്ച് സ്ത്രീകൾക്കും സാമൂഹ്യ ചടങ്ങുകളിലും മറ്റും ആഘോഷ പരിപാടികളിലും പങ്കെടുക്കാമായിരുന്നു. എന്നാൽ വർണ്ണവ്യവസ്ഥ ശക്തമായിരുന്ന പിൽക്കാല വേദകാലത്തും മദ്ധ്യകാലയുഗത്തിലും സ്ത്രീകളുടെ സാമൂഹ്യ പദവിക്ക് കോട്ടം തട്ടിയതായും നമുക്ക് കാണാം. ഇത്തരം ഒരു ദുരവസ്ഥയിൽ നിന്ന് പരിപൂർണ്ണമായും സ്വതന്ത്രമാകാൻ ഇന്ത്യൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. ജനസംഖ്യയിൽ കേരളത്തിലായാലും കണ്ണൂർ ജില്ലയിലായാലും സ്ത്രീകളാണ് മുന്നിട്ടു നിൽക്കുന്നത്.


മൊകേരി പഞ്ചായത്തിലെ ജനസംഖ്യയിൽ 52.4% സ്ത്രീകളാണ്. മൊത്തം ജനസംഖ്യയിൽ 100 പുരുഷൻമാർക്ക് 1125 സ്ത്രീകളുണ്ട്. ഇത് സംസ്ഥാന ശരാശരിയേക്കാളും ജില്ലാ ശരാശരിയേക്കാളും കൂടുതലാണ്. 1996 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 3293 വീടുകളാണുള്ളത്. സ്ത്രീകളുടെ നിയന്ത്രണത്തിൽ ഏകദേശം 500 ഓളം വീടുകളുണ്ട് ജനസംഖ്യയിലെ സ്ത്രീ പുരുഷ അന്തരം വ്യക്തമാക്കുന്ന പട്ടിക- 1 ൽകാണാം

പട്ടിക - 1

ജനസംഖ്യാനുപാതം

പുരുഷൻ				സ്ത്രീ				ആകെ			
പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ
73	3	8354	8430	81	9	9397	9487	154	12	17751	17917

സാക്ഷരത 1991-ലെ സെൻസസ്സ് പ്രകാരം



വിദ്യാഭ്യസ നോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിലെ പുരുഷൻമാരുടെ സാക്ഷരതാ ശതമാനം 97.3% ആകുമ്പോൾ സ്ത്രീകളുടേത് 90.84 % മാത്രമാണ്. വിദ്യാലയങ്ങളിൽ അധ്യയനം നടത്തുന്നത് കൂടുതലും ആൺകുട്ടികളാണ്.

മുസ്ലീം സമുദായത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ വിദ്യാഭ്യസ കാര്യത്തിൽ വളരെ പിറകിലാണ് സാമൂഹികമായ പിന്നോക്കാസ്ഥയാണ് അടിസ്ഥാനപരമായ കാരണങ്ങലിൽ പ്രധാനം.

പ്രൈമറി ഹെൽത്ത് സെൻററുകളിൽ റജിസ്റ്റർ ചെയ്യപ്പെട്ട 3 രോഗങ്ങളിൽ വനിതകളെ ഏറ്റവും കൂടുതൽ ബാധിക്കുന്നത് വാതക സംബന്ധമായ രോഗമാണ്. ഗർഭാശയ സംബന്ധമായ പല രോഗങ്ങളും ഈ പഞ്ചായത്തിലെ വനിതകൾക്കുണ്ട്. എന്നാൽ യഥാസമയത്ത് ആവശ്യമായ ചികിത്സ വരുന്ന.

വിദ്യാഭ്യാസ മുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാകുന്നു. തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറയുന്നു. പഞ്ചായത്തിലെ ഇതിൻെറ അവസ്ഥ താഴെ കൊടുത്ത പട്ടിക- 2 ൽ വ്യക്തമാക്കുന്ന.

പട്ടിക- 2 തൊഴിലാളികൾ

പൂർണ്ണതൊഴിലാളികൾ			ഭാഗീകതൊഴിലാളികൾ			ആകെ			തൊഴിൽ പങ്കാളിത്തനിരക്ക്		
പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
3255	796	4056	149	446	595	3404	1242	4646	4038	13.09	25.03

പഞ്ചായത്തിലെ പുരുഷ തൊഴിലാളികളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 40.38% ആകുമ്പോൾ സ്ത്രികളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കേവലം 13.09% മാത്രമേ ആകുന്നു. ഇതിൽ തന്നെ 36% ഭാഗീക തൊഴിലാളികളാണ് ഈ കാര്യം താഴെ കൊടുക്കുന്ന പട്ടിക നൂന്നിൽ വ്യക്തമാക്കുന്നു.

പട്ടിക- 3

	പുരുഷ	സ്ത്രീ	ആകെ
കർഷകർക്ക്	306	78	384
കർഷകതൊഴിലാളികൾ	661	334	995
ലൈവ് സ്റ്റോക്ക്, ഫോറസ്ട്രി, മത്സ്യബന്ധനം പ്ലാന്റേഷൻ ഖനനം	115	6	121
പ്രോസസിംഗ്, സർവീസിംഗ്, റിപ്പേയർ (ഗാർഹികം)	81	26	107
പ്രോസസിംഗ്, സർവീസിംഗ്, റിപ്പയർ (ഗാർഹികേതരം)	348	60	408
നിർമ്മാണം	250	20	270
വ്യാപാര വാണിജ്യം	683	20	703
ഗതാഗതം വാർത്താവിനിമയം	256	34	280
മറ്റ് മേഖലകൾ	463	157	620
ആകെ മുഴുവൻ തൊഴിലാളികൾ	3255	796	4051

കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യംദിനം പ്രതി കുറഞ്ഞു വരികയാണ്. കാർഷിക മേഖലയോടുള്ള അവഗണന ഗുരുതരമായ പ്രശ്നമാണ് . നമ്മുടെ സമ്പദ് വ്യവസ്ഥയിൽ കാണിച്ചു വരുത്തുന്നത്. കേരളം ഇന്ന് ഒരു ഉപഭോഗ സംസ്ഥാനമാണ്. സുലഭമായി നമ്മൾ കൃഷി ചെയ്തിരുന്ന കാർഷിക വിളകൾ പോലും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ട ഗതികേടാണ് ഇന്ന് സംസ്ഥാനത്തിനുള്ളത്. അതിനാൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിലൂടെ മാത്രമേ നമുക്ക് പുരോഗതിയിലേക്ക് നീങ്ങാൻ കഴിയൂ. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് നാം മുഖ്യമായും പ്രാധാന്യം കൊടുക്കേണ്ടത്. അതിലൂടെ മാത്രമേ നമുക്ക് മിച്ച സംസ്ഥാനമെന്ന പേർ നേടിയെടുക്കാൻ കഴിയുകയുള്ളൂ. പഞ്ചായത്ത് അടിസ്ഥാനത്തിൽ കൂട്ടു കൃഷി പ്രോത്സാഹിപ്പിക്കുകയും കൃഷിക്ക് വേണ്ട സാഹചര്യങ്ങൾ ഒരുക്കികൊടുക്കുകയുമാണ് ഇതിൽ പ്രധാനമായും ചെയ്യേണ്ടത്.

ജെല്ലി, നൂൽ നൂൽപ്പ്, കെട്ടിട നിർമ്മാണം എന്നീ മേഖലകളിൽ സ്ത്രീകൾ മുഖ്യമായും പ്രവർത്തിക്കുന്നു. എന്നാൽ വിവിധ തൊഴിൽ മേഖലയിൽ കൂലിയുടെ കാര്യത്തിൽ വ്യത്യാസം നിലനിൽക്കുന്നു. കൊട്ടിട നിർമ്മാണ രംഗത്തും കാർഷിക മേഖലയിലും ഈ വ്യത്യാസം കൂടുതൽ പ്രകടമായി കാണുന്നു. പുരുഷനു ലഭിക്കുന്ന വേതനത്തിന്റെ 55% മാത്രമേ സ്ത്രീകൾക്കും ലഭിക്കുന്നുള്ളൂ. ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഭൂരിഭാഗവും

അസംഘടിതരാണ്. കർഷക തൊഴിലാളികൾക്കും നിർമ്മാണ തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തിയത് അവർക്ക് ചെറിയ രീതിയിലുള്ള ആശ്വാസത്തിന് വക നൽകുന്നു. ഒരു വർഷത്തിൽ മൂന്നിലൊരു ഭാഗം ദിവസം മാത്രമേ ഇവർക്ക് ജോലി ലഭിക്കുന്നുള്ളൂ.

പരമ്പരാഗത മേഖലയിലെ നെയ്ത്ത്, ബീഡി, വ്യവസായങ്ങൾ തകർച്ചയിലാണ്. എന്നാൽ ഈ മേഖലയിൽ നിന്ന് പുരുഷൻമാർ കൊഴിഞ്ഞ് പോകുകയും സ്ത്രീകൾ നിലനിൽക്കുകയും ചെയ്യുന്നു. കാർഷിക മേഖലയുടെ വികസനത്തിന് കൃഷിഭവനുകൾക്ക് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും. ഇവയിലൂടെ വിത്തും വളവും നൽകുകയും പുതിയ കാർഷിക വിദ്യകളെ കുറിച്ച് ജനങ്ങളെ ബോധവൽരിക്കാനും കഴിയണം. കാർഷികമേഖലയുടെ വികസനത്തിലൂടെ സ്ത്രീകൾക്കും പുരുഷൻമാർക്കും തൊഴിൽ അവസരങ്ങൾ വർദ്ധിക്കാം.

നമ്മുടെ സമൂഹത്തിലെ ഭൂരിപക്ഷം സ്ത്രീകൾക്കും തൊഴിലില്ലാത്തവരാണ്. ഇതിൽ ന്യൂനപക്ഷം ആടുവളർത്തൽ കാലി വളർത്തൽ എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ തൊഴിൽ പ്രധാനമായും വീടിനെ കേന്ദ്രീകരിച്ചുള്ളതാണ്.

സ്ത്രീകളിൽ അഭ്യസ്തവിദ്യരായവരുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമാവുകയും അവർ ഗാർഹീക മേഖലയിൽ ഒതുങ്ങിപ്പോവുകയും ചെയ്യുന്നു.

പഞ്ചായത്തിൽ നിന്നും 1991 മുതൽ 95 വരെ വിധവാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്ന് പട്ടിക- 4ൽ വ്യക്തമാക്കുന്നു.

അർഹരായവർക്ക് ഈ പെൻഷൻ ലഭിക്കാതിരിക്കുന്ന ചില അവസ്ഥയുണ്ട്. പ്രായപൂർത്തിയായ ആൺമുതൽ നിലവിലിരിക്കുമ്പോൾ ഈ പെൻഷന് അപേക്ഷിച്ചു കൂടാ എന്ന നിയമത്തിന്റെ കുരുക്ക് വിധവകൾക്ക് പെൻഷൻ ലഭിക്കാതിരിക്കുന്നതിന് കാരണമാകുന്നു.

നമ്മുടെ പഞ്ചായത്തിൽ മൊത്തം 10 അംഗൻ വാടികളുണ്ട്. പഞ്ചായത്തിലെ അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. ഭൗതിക സൗകര്യങ്ങളുടെ അഭാവം, കളിക്കോപ്പുകളുടേയും ഫർണിച്ചറുകളുടെയും അഭാവം എന്നിവ ഇതിന്റെ പ്രവർത്തനത്തിന്

വിഘാതമായി നിൽക്കുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമുണ്ട്. ആകെ മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം പഞ്ചായത്തിൽ 100 ആണ്. പഞ്ചായത്തിലെ മൊത്തം ഗർഭിണികളുടെ എണ്ണം 86 ആണ്.

മൊകേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന DWCRA യൂണിറ്റ് 3 എണ്ണമാണ്. ഇതിൽ രണ്ടെണ്ണം ജെല്ലി വർക്ക് യൂണിറ്റുകളും ഒരു ഡയറി യൂണിറ്റുമാണ്. ജെല്ലി വർക്ക് യൂണിറ്റിൽ 20 തൊഴിലാളികളും . ഡയറി യൂണിറ്റിൽ 11 തൊഴിലാളികളുമാണ് ജോലി ചെയ്യുന്നത്.

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ ഒരു വനിതാ വികസന ബാങ്കും ഒരു ഗീർമെൻറ്സ് യൂണിറ്റും ഒരു ഖാദി കേന്ദ്രവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഖാദി കേന്ദ്രത്തിൽ 22ഉം ഗാർമെൻറ്സ് യൂണിറ്റിൽ ജോലി ചെയ്യുന്നു. ഈ അടുത്ത കാലത്ത് മാത്രം പ്രവർത്തനമാരംഭിച്ച വനിതാ വികസന ബാങ്കിനേറയും വനിതാ ഗാർമെൻറ്സിനേറയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വനിതാ ഗാർമെൻറ്സ് വളരെയധികം സാധ്യതകളുള്ള ഒരു യൂണിറ്റാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പുതിയ കമ്പോളങ്ങൾ കണ്ടുപിടിക്കുക എന്നുള്ളതാണ് ഇതിന്റെ പുരോഗതിക്കു വേണ്ടി ചെയ്യേണ്ടത്.

പഞ്ചായത്തിലെ സാമൂഹികരംഗത്ത് സ്ത്രീകൾ ഇന്നും പിന്നോക്കം നിൽക്കുകയാണ്. സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ കടന്നു വരുവാൻ ഇവർ താൽപര്യം കാണിക്കുന്നില്ല. വ്യത്യസ്തങ്ങളായ കാരണങ്ങളാണ് ഇതിനുള്ളത്. വീട്ടുകാരുടെ നിയന്ത്രണം സ്ത്രീകളുടെ അലസത, ബോധവൽക്കരണത്തിന്റെ അഭാവം എന്നിവ കാരണങ്ങളിൽ ചിലതാണ് 1975 മുതൽ മഹിളാ സംഘടനകൾ രൂപീകരിച്ചു കൊണ്ട് സ്ത്രീകളെ നേതൃത്വനിരയിലേക്ക് കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. പക്ഷെ കാര്യമായ പുരോഗതി കൈവരിക്കാൻ ഈ രംഗത്ത് കഴിഞ്ഞിരുന്നില്ല. വീടിന്റെ [illegible]തളങ്ങളിൽ മാത്രം സ്ത്രീകൾ ഒതുങ്ങിക്കഴിഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ സമയത്ത് അഭിനയ രംഗത്ത് കടന്നുവന്ന പ്രധാനപ്പെട്ട വനിതകളായിരുന്നു. മാതു കോമത്ത് നാണി എന്നിവർ. ഇവരുടെ പാരമ്പര്യം പിന്തുടരാൻ സ്ത്രീകൾ തയ്യാറാവുന്നില്ല. നമ്മുടെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ 9 ൽ 4 ഉം സ്ത്രീകളാണ്. പക്ഷെ മറ്റു മേഖലകളിൽ സ്ത്രീകളുടെ നേതൃത്വം സമൂഹത്തിലില്ല.

സ്ത്രീധനത്തിന്റെ പേരിൽ പീഢനമനുഭവിക്കുന്ന സ്ത്രീകൾ കുറവാണ്. എന്നാൽ സ്ത്രീധനം കൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ മംഗല്യ ഭാഗ്യം ലഭിക്കാത്ത ഒട്ടനവധി സ്ത്രീകൾ നമ്മുടെ ഇടയിൽ ഉണ്ട്. അതി ശക്തമായ ജനകീയ ബോധവൽക്കരണത്തിലൂടെ മാത്രമേ മാറ്റുവാൻ കഴിയുകയുള്ളൂ.

പ്രശ്നങ്ങൾ : -

1. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥ.
2. വേതനത്തിന്റെ കാര്യത്തിലുള്ള അസമത്വം
3. തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമത്തിന്റെ അഭാവം
4. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തക്കുറവ്
5. സ്ത്രീകൾക്ക് നേതൃത്വ ഗുണം പ്രദാനം ചെയ്യുന്ന പരിപാടികളുടെ അഭാവം
6. അംഗൻ വാടികൾ വേണ്ടത്ര സൗകര്യമില്ല.

സാധ്യതകൾ : -

1. വനിതാ വ്യവസായ സംരംഭങ്ങളുടെ വികസനത്തിലൂടെ സ്ത്രീകൾക്ക് തൊഴിൽ മേഖലയിൽ സജീവമാക്കാൻ കഴിയും.
2. സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വ പരിശീലന പരിപാടിയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവരാൻ കഴിയും.
3. പുരയിട കൃഷിപോലുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ സർവ്വീസ് സഹകരണ രംഗം മുൻകൈ എടുക്കണം
4. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം
5. സമൂഹത്തിൽ സ്ത്രീ- പുരുഷ സമത്വം ഉറപ്പുവരുത്താൻ ശാസ്ത്രീയ വിദ്യാഭ്യാസം നടപ്പിലാക്കണം
6. കെട്ടിടങ്ങളില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് സൈകര്യങ്ങളും ഉറപ്പ് വരുത്തുക.
7. പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു സ്ത്രീ ഡോക്ടറെ നിയമിക്കണം
8. അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ നൽകാനുള്ള നടപടി ലഘീകരിക്കുക.
9. ക്രഷെ സ്ഥാപിക്കുക.

ഊർജ്ജം

ഒരു സംസ്ഥാനത്തിന്റെ പുരോഗതിയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒരു ഘടകമാണ് വൈദ്യുതി. ഉപഭോക്താക്കൾ കൂടുന്നതിനനുസരിച്ച് ഉല്പാദന വർദ്ധനവ് നടത്താൻ സാധിക്കാത്തതാണ് നാം ഇന്ന് അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് തന്നെ കേരളം ഇന്ന് രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്.

തലശ്ശേരി സബ്സ്റ്റേഷനിൽ നിന്നാണ് മൊകേരി പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നത്. 3293 വീടുകളുള്ള ഈ പഞ്ചായത്തിൽ കുടിർ ജ്യോതി പ്രകാരം വൈദ്യുതീകരിച്ച 28 വീടുകൾ അടക്കം 2208 വീടുകൾ ആണ് ഇതുവരെയും വൈദ്യുതീകരിച്ചിട്ടുള്ളത്. ഇത് കെവലം 67% മാത്രമാണ്. ബാക്കി 33% വീടുകൾക്ക് ഇപ്പോഴും വെളിച്ചത്തിന് മണ്ണെണ്ണ വിളക്ക് തന്നെയാണ് ആശ്രയം പ്രതിമാസം 9,909 ലിറ്റർ മണ്ണെണ്ണ റേഷൻ കടകൾ വഴി ഇവിടെ ചെലവാകുകയും ചെയ്യുന്നുണ്ട്. കാർഷികരംഗത്ത് വൈദ്യുതിക്ക് 75 ഉപഭോക്താക്കൾ ഉണ്ടെങ്കിലും വ്യാവസായിക ആവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നത് കേവലം 26 പേർ മാത്രമാണ്. ഉപഭോക്താക്കളിൽ 76.96% ഗാർഹിക രംഗത്തും, 12.54% വ്യാപാര രംഗത്തും, 9.58% കാർഷികരംഗത്തും, 0.92% വ്യവസായി രംഗത്തുമാണ് ഉള്ളത്. 13 സോഡിയം വേപ്പർ ലാമ്പുകളും, 8 ട്യൂബ് ലൈറ്റുകളും അടക്കം 195 സ്ട്രീറ്റ് ലൈറ്റുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. സ്ട്രീറ്റ് ലൈറ്റിനു വേണ്ടി 3000ന്മരൂപ പ്രതിമാസം പഞ്ചായത്തം ചെലവഴിക്കുന്നുണ്ട്.പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഒൻപത് ട്രാൻസ് ഫോമറുകളും അധിക ഭാരം വഹിക്കുന്നതാണെന്ന് ഗ്രാമ സഭാ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ ഈ രംഗത്തും൦ അനുഭവപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കുറഞ്ഞ വോൾട്ടതയാണ്. ചാടാലപ്പുഴ ഭാഗത്താണ് ഏറ്റവും കുറവ് വോൾട്ടേജ് അനുഭവപ്പെടുന്നത്. പീക് ലോഗ് സമയത്ത് വോൾട്ടേജ് വീണ്ടും കുറയുന്നു. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന പല വീടുകളും വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗിക്കുന്നുണ്ട്. വീടുകളിൽ വൈദ്യുതി രംഗത്ത് എന്തെങ്കിലും അൾട്ടറേഷൻ (Alteration)വരുത്തുമ്പോൾ ബോർഡിനെ അറിയിക്കാത്ത സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. രണ്ട് മാസത്തിലൊരിക്കൽ മീറ്റർ പരിശോധിച്ച് ബിൽ നിർണ്ണയിക്കുന്ന സ്പോർട്ട് ബില്ലിംഗ് സിസ്റ്റം (sport billing system) ആണ് ഇവിടെ നിലവിലുള്ളത്. സ്പോർട്ട് ബില്ലിംഗ് സിസ്റ്റം ഉണ്ടെങ്കിലും വൈദ്യുതി മോഷണം നടക്കുന്നുണ്ട്. പ്രധാന വൈദ്യുതി നഷ്ടം പ്രേഷണ വിതരണ സംവിധാനത്തിന്റെ തകരാറ് തന്നെയാണ്. ഈ നഷ്ടം കുറയ്ക്കുന്നതിന് ഏറ്റവും പ്രധാനമായി ചെയ്യാവുന്നത് ജമ്പറുകൾമെച്ചപ്പെടുത്തുകഎന്നതാണ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇനിയും സ്ട്രീറ്റ് ലൈറ്റുകളും, സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കേണ്ടതുണ്ട്. ഒട്ടേറെ വീടുകളിൽ

ഇനിയും വൈദ്യുതി എത്തിക്കേണ്ടതുണ്ട്. 1991 ൽഗ്സ്റ്റ വരെ നല്കിയ അപേക്ഷകർക്ക് മാത്രമേ ഇതുവരെ കണക്ഷൻ നല്കിയിട്ടുള്ളൂ. പഴഞ്ഞ പദ്ധതിയിൽ അപേക്ഷിച്ചവരിലും ഇനിയും 29 പേർക്ക് കണക്ക്ഷൻ നൽകാൻ ബാക്കിയുണ്ട്. ലൈനുകളിൽ അറ്റകുറ്റ പ്പണികൾ നടത്തുന്ന സ്റ്റാഫിന്റെ അപര്യാപ്തത മൂലം ഉപഭോക്താക്കൾ ഒട്ടേറെ വിഷമതകൾ അനുഭവിക്കുന്നുണ്ട്.

ഗ്രാമങ്ങൾ ഇന്നനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഊർജ്ജ പ്രശ്നം വിറകിന്റെ ലഭ്യത കുറവാണ്. വിറകിന് കിലോവിന് 1 രൂപയിൽ കൂടുതൽ ഇന്നം വിലയുണ്ട്. ഏകദേശം 90% വീടുകളിലും ഭക്ഷണം പാകം ചെയ്യുന്നതിന് വിറകിനെയാണ് ആശ്രയിക്കുന്നത്. ബാക്കിയുള്ളവർ മണ്ണെണ്ണ സ്റ്റൗവും, പാചക വാതകവും ഉപയോഗിക്കുന്നു. പഞ്ചായത്തിൽ പാചകവാതകം ലഭ്യമല്ലെങ്കിലും, മറ്റു പഞ്ചായത്തുകളിൽ നിന്നാണ് എല്ലാവർക്കും പാചകവാതകം ലഭിക്കുന്നത്. പാചകവാതകവും, മണ്ണെണ്ണ സ്റ്റൗവും ഉപയോഗിക്കുന്നവരും പാചകത്തിനായി വിറകടുപ്പും ഉപയോഗിക്കുന്നുണ്ട്. വിറകടുപ്പുകളിൽ 95% ഭക്ഷത കുറവ് അടുപ്പുകളാണ്. പുകകൊണ്ടും, ചൂടുകൊണ്ടും ഒട്ടേറെ വിഷമങ്ങൾ വീട്ടമ്മമാർ അനുഭവിക്കുന്നുണ്ട്. ഈ അടുപ്പുകളെല്ലാം കേവലം 8% മാത്രമേ ഭക്ഷതയുള്ളൂ. ഭക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിച്ചു കൊണ്ട് മാത്രമേ ഊർജ്ജ രംഗത്ത് മാറ്റം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

പ്രശ്നങ്ങൾ

1. വീടുകളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് വേണ്ട വിറകിന്റെ ലഭ്യത കുറവും, വിലക്കൂടുതലും
2. ഈസ്റ്റ് വള്ള്യായി, ചാടാലപ്പുഴ ഭാഗങ്ങളിൽ വോൾട്ടേജ് വളരെ കുറവാണ്.
3. പാത്തിപ്പാലം, ചെരുവാഞ്ചേരി റോഡിൽ - ഈസ്റ്റ് - വള്ള്യായി മുതൽ മരപ്പാലം വരെ വൈദ്യുതിലൈൻ ഇല്ല.
4. വള്ള്യായി മേഖലയിലുള്ള 28 ഓളം വീടുകളിൽ കൂത്തുപറമ്പ് സെക്ഷനിൽ നിന്നാണ് വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുള്ളത്. ഇത് മൂലം ഉപഭോക്താക്കൾ ഒട്ടേറെ വിഷമങ്ങൾ അനുഭവിക്കുന്നുണ്ട്.
5. സാമ്പത്തികമായി മുന്നോക്കം നില്ക്കുന്നവർ വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗിക്കുന്നത് കൊണ്ട് വോൾട്ടേജ് പ്രശ്നങ്ങൾ കൂടുന്നു.
6. പഞ്ചായത്തിൽ പല ഭാഗങ്ങളിലും സ്ട്രീറ്റ് ലൈറ്റുകളും സോഡിയം വേപ്പർ ലാമ്പുകളും ഇല്ല.
7. വൈദ്യുതി ക്ഷാമം നിലനില്ക്കുമ്പോഴും ചില വീടുകളിൽ ആർഭാടമായി വൈദ്യുതി ഉപയോഗിച്ച് ദുരുപയോഗം ചെയ്യുന്നതായി കാണുന്നു.
8. പലലൈനുകളിലും മരക്കൊമ്പുകൾ മുട്ടിക്കിടക്കുന്നു. വൈദ്യുതി നഷ്ടം സംഭവിക്കുന്നു.
9. വൈദ്യുതി മോഷണം തടയുന്നതിനുള്ള ചെക്കിംഗ് സിസ്റ്റം അപര്യാപ്തമാണ്.
10. ലക്ഷം വീടം കോളനിയിൽ പുതുതായി നിർമ്മിച്ച പത്തോളം വീടുകൾ

വൈദ്യുതീകരിച്ചിട്ടില്ല.

11. പല സ്ട്രീറ്റ് ലൈറ്റുകളും പകൽ സമയത്തും കത്തുന്നതായി കാണുന്നു.

12. പഞ്ചായത്തിൽ നിലവിലുള്ള പല സ്ട്രീറ്റ് ലൈറ്റുകളും കത്തുന്നില്ല.

സാദ്ധ്യതകൾ

1. നവോദയ, കൂരാറകുന്ന് പ്രദേശങ്ങളിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിക്കുവാൻ സാധിക്കുമോ എന്നതിനെപറ്റി പഠനം നടത്തണം.

2. തഭാഫയുമായി ബന്ധപ്പെട്ട് ബഹുജന പങ്കാളിത്തത്തോടെ ഭക്ഷത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കുന്നതിനും ബോധവൽക്കരണത്തിനും ഉള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

3. കച്ചിപ്പെട്ടി, പ്രഷർ കുക്കർ, നല്ലതരം മണ്ണെണ്ണ സ്റ്റൗ തുടങ്ങിയ ഊർജ്ജ ക്ഷമതയുള്ള മറ്റ് ഉപകരണങ്ങളും പ്രചരിപ്പിക്കണം . ഇതിന് ജനഭയ ന്റെറ സേവനം ഉപയോഗിക്കാവുന്നതാണ്.

4. വിറക് ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ വനവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യണം.

5. ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിനും അതിൽനിന്ന് ഗാർഹീകാവശ്യത്തിനുള്ള ഇന്ധനം ഉല്പാദിപ്പിക്കാനും അതു വഴി ഊർജത്തിന്റെറ കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്ത മാകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തണം.

6. ഘർഷണ രഹിത ഫ്യൂട്ട് വാൾവുകൾ, ട്യൂബ് ലൈറ്റിന്റെറ ഇലക്ട്രോണിക്ക് ചോക്ക് എന്നിവ പ്രചരിപ്പിക്കുന്നതിനുള്ള ഇന്ധനം ഉല്പാദിപ്പിക്കാനും അതുവഴി ഊർജത്തിന്റെറ കാര്യത്തിൽ പഞ്ചായത്ത് സ്വയം പര്യാപ്തമാകുന്നതിനുമുള്ള പ്രവർത്തനം നടത്തണം.

7. ഇലക്ട്രിക്ക് ലൈനുകളിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് പ്രാദേശികമായി ലഭ്യമാകുന്ന പരിചയ സമ്പന്നരെ നിയമിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

8. 9OW കൊണ്ട് 6OW ന്റെറതിനേക്കാൾ കൂടുതൽ പ്രകാശം നല്കുന്ന CFL (Compact Floorasal Lamp) കൾ നിലവിലുണ്ട്. ഇത്തരം വിളക്കുകൾ സൗജന്യമായോ സബ്സീഡി നല്കിയോ വിതരണം ചെയ്യുകയാണെങ്കിൽ ഗണ്യമായ വൈദ്യുതിലാഭിക്കാൻകഴിയും

9. KSEB, IREP, ANERT എന്നിവയുടെ സഹകരണത്തോടെ സമഗ്ര ഊർജ്ജാസൂത്രണ പരിപാടികളും, ബോധവൽക്കരണ ക്ലാസുകളും ആസൂത്രണം ചെയ്യണം.


10. കുന്നോത്ത്പറമ്പ് പഞ്ചായത്തിലെ മത്തിക്കളം മിനി ഡീസൽ പ്ലാൻറ് സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലമാണ്. ഇവിടെ ഡീസൽ നിലയം വരികയാണെങ്കിൽ പെരിങ്ങളം മണ്ഡലത്തിലെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ കഴിയും.

11. വൈദ്യുതി മോഷണം തടയുന്നതിനുള്ള ചെക്കിംഗ് സിസ്റ്റം കർശനമാക്കുക.

12. നല്ല സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് ഗൃഹങ്ങളിലെ ഉപയോഗത്തിനും തെരുവ് വിളക്കുകൾക്കും, സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള പഞ്ചായത്ത്തല സംവിധാനം നടപ്പാക്കണം.

13. പവർ ലൈൻ മാപ്പിംഗ് നടത്തി ട്രാൻസ് ഫോമുകളുടെ സ്ഥാപനം പുനക്രമീകരിക്കുക

ഗതാഗതം ഈർജ്ജം, മാർക്കറ്റ്



1929-ൽ മൊകേരിയിൽ ആദ്യമായി ഓടിയ ബസ്

നാടിന്റെ പുരോഗതി നിർണ്ണയിക്കുമ്പോൾ ഗതാഗത സൗകര്യങ്ങൾക്കുള്ള സ്ഥാനം ഇന്നും മുന്നിൽ തന്നെ നിൽക്കുന്നു. മൊകേരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗതാഗത സൗകര്യത്തിന് റോഡ് മാർഗ്ഗം മാത്രമേയുള്ളൂ. ജലഗതാഗതമോ, റെയിൽ ഗതാഗതമോ, വ്യോമഗതാഗതമോ ഒട്ടും തന്നെയില്ല. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ ഗതാഗതയോഗ്യമായ ഒറ്റ റോഡ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടെ കുറുങ്ങനെ കടനയനു പോകുന്ന വള്ളങ്ങാട് പാത്തിപ്പാലം റോഡ്. പാത്തിപ്പാലത്ത് ബ്രിട്ടീഷ് ഭരണകാലത്തുതന്നെ വീതി കുറഞ്ഞ ഒരു പാലം നിർമ്മിച്ചിരുന്നു. അതുകൊണ്ട് പാനൂരിൽ നിന്നും കൂത്തുപറമ്പിലേക്ക് ഇതു വഴി വാഹനങ്ങൾ ഓടിയിരുന്നു. പാനൂരിൽ നിന്നും കൂത്തുപറമ്പിലേക്ക് 1929ൽ ആദ്യമായി ഓടിയ ബസ്സാണ് ജ'ഫ' നർസ്സർൺൺ'അതിലെ തൊഴിലാളികൾ ശങ്കരൻ ഡ്രൈവർ, പാറാങ്കണ്ടി കൃഷ്ണൻ ഡ്രൈവർ മുതലായവരായിരുന്നു. ഇവർക്ക് അന്ന് സമൂഹത്തിൽ മാന്യമായ സ്ഥാനവും നല്കിയിരുന്നു.ശങ്കരൻ ഡ്രൈവർ പിന്നീട് ഈ പഞ്ചായത്തിലെ മുഖ്യസ്ഥസ്ഥാനം തന്നെ അലങ്കരിക്കുകയുണ്ടായി. പഞ്ചായത്തിലെ മറ്റു ഭാഗങ്ങളിൽ സഞ്ചാരത്തിന്നായും ചരക്ക് കൊണ്ട് പോകുവാനും കാളവണ്ടികളാണ് ഉപയോഗിച്ചിരുന്നത്. യാത്രാസൗകര്യം പരമപ്രധാനമായ ഈ കാലഘട്ടത്തിൽ വാഹന സൗകര്യങ്ങൾ കുറഞ്ഞ കാലത്തെ നാം കാളവണ്ടിയുഗമെന്ന് പറയാറുണ്ട്. ഭൂമിശാസ്ത്രപരമായ പഞ്ചായത്തിന്റെ

കിടപ്പും, വാഹനങ്ങളുടെ ലഭ്യതയും റോഡുകൾ നിർമ്മിക്കുവാനുള്ള ബോധത്തെ പുറകോട്ട് നയിച്ചിട്ടുണ്ട്. കിഴക്ക് മരപ്പാലം മുതൽ പടിഞ്ഞാറു ചാടാലപ്പുഴ വരെ നീണ്ടു കിടക്കുന്ന പുഴയും , തെക്കു പടിഞ്ഞാറായി പരന്നു കിടക്കുന്ന പുഞ്ചവയലും ഈ പഞ്ചായത്തിലെ റോഡ് വികസനത്തിനും യാത്രാസൗകര്യത്തിനും തടസ്സമായിട്ടുണ്ട്. പത്തു കിലോമീറ്ററോളം നീണ്ടുകിടക്കുന്ന പുഴയ്ക്ക് പാത്തിപ്പാലത്തു മാത്രമായിരുന്നു ഒരു പാലം ഉണ്ടായിരുന്നത്.അതുകൊണ്ട് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് താമസിച്ചിരുന്നവർക്ക് യാത്രാ സൗകര്യങ്ങൾ നേരത്തേ കിട്ടിയിരുന്നു. കിഴക്കും പടിഞ്ഞാറുമുള്ളവരുടെ യാത്രാ സൗകര്യങ്ങൾക്ക് സ്വതന്ത്ര കേരള പ്പിറവിക്കുശേഷവും പതിറ്റാണ്ടുകൾ കാത്തിരിക്കേണ്ടി വന്നു.

പഞ്ചായത്തിന്റെ കിഴക്കേ അറ്റമായ വള്ള്യായിൽ നിന്നും, ചെണ്ടയാട്ടുനിന്നും ,

കേരളപ്പിറവിക്കുശേഷവും ഈ ഗ്രാമത്തിൽ പതുക്കെപ്പതുക്കെ മാത്രമേ ഈ അവസ്ഥക്ക് മാറ്റം വന്നിരുന്നുള്ളൂ. 1974 വരെ മറ്റൊരു റോഡിലും ബസ്സ് യാത്രാസൗകര്യം ഉണ്ടായിരുന്നില്ല. ചാടാലാപ്പുഴയ്ക്ക് പാലം നിർമ്മിക്കുവാൻ 1957 ൽ തന്നെ ജനകീയ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിരുന്നു. വി. ആർ. കൃഷ്ണയ്യർ, പാട്യം ഗോപാലൻ മുതലായ പ്രമുഖ വ്യക്തികളുടെ പ്രവർത്തനവും എടുത്തു പറയേണ്ടുന്നവയാണ്. എങ്കിലും 1996 ആഗസ്റ്റ് മാസം 29-ആം തീയ്യതി ബഹുകേരള മുഖമന്ത്രി ശ്രീ .ഈ. കെ നായനാർ പാലത്തിന്റെ ഉൽഘാടനം ചെയ്തതോടുകൂടി മാത്രമാണ് പരിഹാരമായത്. ഉൽഘാടന ദിവസം തന്നെ വേദിയിൽ അദ്ധ്യക്ഷപദമലങ്കരിച്ചിരുന്ന ബഹുകഗതാഗത മന്ത്രി പി. ആർ .കുറുപ്പ് K.S.R.T.C. ബസ്സോടിക്കുവാൻ ഉത്തരവിടുകയും, ബസ്സ് ഓടി തുടങ്ങുകയും ചെയ്തു. 1975ന് ശേഷം ഈ പഞ്ചായത്തിലെ ഏതാണ്ട് എല്ലാവാർഡുകളിലും നാട്ടുകാരുടെ ശ്രമഫലമായി റോഡുകൾ നിർമ്മിക്കുവാൻ തുടങ്ങി. ദേശ സ്നേഹികളായ അവരുടെ സേവ നങ്ങൾഈഅവസ്ഥയിൽസ്മരിക്കുന്നു. ഇന്ന് മൊകേരി ഗ്രാമപഞ്ചായത്തിൽ മെച്ചപ്പെട്ട പല റോഡുകളും ഉണ്ട്. അതിൽ ഏറിയ പങ്കും 1988 മുതൽ 1996 വരെ ശ്രീ.സി.കെ ശശിധരൻ പ്രസിഡൻറായിട്ടുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ കാലത്തായിരുന്നു.

ഈ ഗ്രാമ പഞ്ചായത്തിൽ ആകെ 42.221 കി.മീറ്റർ റോഡാണ് ഇന്നുള്ളത്. ആറോഡിന്റെ പട്ടിക ചേർത്തിട്ടുണ്ട്.ഇഅതിൽ സ്റ്റേറ്റ് ഹൈവേയും , പി.ഡബ്ലൂ. സി , റോഡും പഞ്ചായത്തിലെ ടാറിട്ട റോഡുകളും, മെറ്റൽ ചെയ്ത റോഡും, സോളിങ്ങ് ചെയ്ത റോഡും, മൺറോഡുകളുമുണ്ട്.

a) സ്റ്റേറ്റ് ഹൈവേ റോഡ്കവള്ളങ്ങാട്ടുമുതൽ - പാത്തിപ്പാലം വരെയുള്ള 3.050 കീ.മീറ്റർ മേജർ ഡിസ്ട്രിക്ട് റോഡ് 1995 ലാണ് സ്സ്റ്റേറ്റ് ഹൈവേയായി ഉയർത്തിയത്. അതുകൊണ്ടുതന്നെ സ്റ്റേറ്റ് ഹൈവേയുടെ നിലവാരത്തിൽ ഈ റോഡ് ഉയർന്നിട്ടില്ല. ഹൈവേയ്ക്കും ആവശ്യമായ വീതി കൂട്ടേണ്ടിയിരിക്കുന്നു. ടാർ വീതിയും ആനുപാതികമായി കൂട്ടണം പ്രധാന ബസാറായ പാത്തിപ്പാലം വീതി കുറവാണ്. മുത്താറിപ്പീടികമുതൽ തങ്ങൾ പീടികവരെയുള്ള ഭാഗം വീതി കൂടുതലാണെങ്കിലും ഇതിന്റെ സൈഡുകൾ കെട്ടി

ചിലയിടങ്ങളിൽ കാണുന്ന താല്ക്കാലിക ഷെൽട്ടറുകൾക്ക് പകരം നല്ല ഷെൽട്ടറുകൾ സ്ഥാപിക്കണം. 600 മീറ്റർ നീളം വരുന്ന മുത്താറി പ്ലീടിക ചെണ്ടയാട് റോഡിന്റെ സ്ഥിതിയും മോശമല്ല. മേൽ പറഞ്ഞ റോഡുകളുടെ അറ്റകുറ്റപ്പണികൾ ഗ്രാമപഞ്ചായത്തിനെ ഏല്പിക്കണം.

c)പഞ്ചായത്ത് റോഡുകൾകപഞ്ചായത്ത് റോഡുകളുടെ ആകെനീളം 29.833 കീ.മീറ്റർ ആണ് ഇവയിൽ 8.772 കീ.മി. ടാർ ചെയ്ത റോഡും, 1.400 കി.മി. മെറ്റൽ ചെയ്ത റോഡും 0.700 കി.മീ സോളിങ്ങ് ചെയ്ത റോഡും, ബാക്കി 18.961 കി.മീ. മൺറോഡുമാൺ. ടാർചെയ്ത റോഡുകൾ പൊതുവെ നല്ല റോഡുകളാണ്. എങ്കിലും ഏതാനും വളവുകളുള്ളതുകൊണ്ട് വള്ളങ്ങാട് മൊകേരി റോഡ് ബസ്സ് ഗതാഗതത്തിന് സൗകര്യപ്പെടാതിരിക്കുകയാണ്. വളവുകൾ നിവർത്തി ബസ്സ് ഗതാഗതത്തിന് സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. മറ്റൊരു ടാർ ചെയ്ത റോഡാണ് പാറേമ്മൽ-ദേശീയ വായനശാല -ചമ്പാട് റോഡ് ഇവയിൽ 400 മീറ്റർ നീളം വരുന്ന ഭാഗം ടാർ ചെയ്യാതെ കിടപ്പുണ്ട്. അതും ടാർ ചെയ്യേണ്ടതാണ്. ടാർ ചെയ്ത റോഡുകളിൽ മതിയായ ഓടകളും, കലുങ്കുകളും ഇല്ല ഇവ ഘട്ടംഘട്ടമായി ചെയ്യേണ്ടതാണ്.

1.400 കി.മിറ്റർ മെറ്റൽ ചെയ്ത റോഡും സാമ്പത്തിക സ്ഥിതക്കനുസരിച്ച് മുൻഗണനാക്രമത്തിൽ ടാർചെയ്യേണ്ടുന്നവയാണ്. 0.700 മീറ്റർ സോളിങ്ങ് ചെയ്ത റോഡിലും ടാറിങ്ങ് നടത്തേണമെന്ന് ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടുണ്ട്.

മൺ റോഡുകൾ ആകെ 18.961 കി.മീറ്റർ ഉണ്ട് . ഇവയിൽ ഭൂരിഭാഗം റോഡും വർഷകാലങ്ങളിൽ കുത്തിയൊഴുക്കിൽ പെട്ട് താറുമാറാകുന്നു. മതിയായ ഓടകൾ ഈ റോഡുകൾക്കില്ല. മതിയായ വീതിയില്ലാത്തതും റോഡുകൾ ചീത്തയാകാൻ കാരണമാകുന്നു. ഓടകളും കലുങ്കുകളും ആവശ്യത്തിന് നിർമ്മിച്ചാൽ മാത്രമേ ഈ മൺ റോഡുകൾ രക്ഷപ്പെടുകയുള്ളൂ. അതാതു പ്രദേശത്തുള്ളവരുടെ പൂർണ്ണ സഹകരണത്തോടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം. സ്വകാര്യവ്യക്തികളുടെ സൗകര്യാർത്ഥം ഓടകൾ നികത്തുകയും, റോഡിൽ മാർഗ്ഗ തടസ്സം സൃ,ഷ്ടിക്കുന്നതും (വിറക്,കല്ല്, മുതലായ സാധനങ്ങൾ റോഡുസൈഡിൽ കുറെക്കാലം വെക്കുന്നത്) ഇത്തരം മൺ റോഡുകൾ റോഡുകൾ ചീത്തയാകാൻ കാറണമാകുന്നുണ്ടെന്ന് ഗ്രാമസഭാ ചർച്ചകൾ ചൂണ്ടിക്കാട്ടുന്നു. അറ്റകുപ്പണികൾക്ക് മതിയായ ഫണ്ടില്ലാത്തതും കാലങ്ങൾ നേരിടുന്നതും റോഡു ചീത്തയാകാൻ കാരണമായിട്ടുണ്ട്. ഓടകൾ വൃത്തിയാക്കുവാൻ അതാതു പ്രദേശത്തെ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെട്ടു. ആകണമെന്നും ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ഇന്നുള്ള ടെണ്ടർ സമ്പ്രദായം ഒഴിവാക്കി ദിവസക്കൂലിക്കോ, കൺവീനർ മുഖേനയോ അതാതു സമയങ്ങളിൽ ചെയ്തു തീർക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാവണം.

വാഹന സൗകര്യങ്ങൾ ആറ്റും പുറം ഭാഗത്തെ റോഡുകൾക്ക് പ്രാധാന്യം കൊടുക്കണമെന്ന് ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടുണ്ട് ഈ പഞ്ചായത്തിൽ തെക്കെ മൊകേരിയും, ഈസ്റ്റ് വള്ള്യായി ഭാഗവും ഒഴികെയുള്ള പ്രദേശങ്ങളിൽ 1/2 കിലോമീറ്ററിനുള്ളിൽ ബസ്സ് ഗതാഗതത്തിന് സൗകര്യങ്ങൾ ഉണ്ട്. മാക്കൂൽ പീടികയിൽ നിന്നും

മൊകേരിയിലെ മറ്റു ഭാഗങ്ങളിൽ ഉള്ളവരും അവരുടെ നാണ്യ വിളകൾ വിറ്റിരുന്നത് തലശ്ശേരിയിൽ ആയിരുന്നു. അന്ന് തലശ്ശേരിയിലേക്ക് കാവുകെട്ടിയും തലച്ചുമടായും പത്തും പതിനഞ്ചും കിലോമീറ്റർ നടന്നാണ് പോയിരുന്നത്. വള്ള്യായി ഭാഗത്തു നിന്നും നേരം പുലരും മുമ്പേ കൊതുമ്പിൻ ചൂട്ടും കയ്യിലേന്തി ചുമലിൽ കാവെടുത്ത കാതിൽ കടുക്കനിട്ട ആണുങ്ങളും , തലയിൽ ചൂടിമാലിൻ കെട്ടെടുത്ത പെണ്ണുങ്ങളും കൂട്ടമായി മുത്താറി പീടിക വഴി മൊകേരി വയലിലെ തോട്ടുവരമ്പിലൂടെ, മൊകേരി മാവിൻെറടുത്തുകൂടെ, പുഞ്ചവയൽ കടന്ന് തലശ്ശേരിയിലേക്ക് പോയിരുന്ന ആ നാളുകളെക്കുറിച്ച് വളരെ ആവേശത്തോടെ സംസാരിക്കുന്ന കാരണവൻമാർ നമ്മുടെ നാട്ടിൽ ഇന്നും ധാരാളം പേരുണ്ട്.

സംരക്ഷിക്കണം. മാക്കൂൽ പീടികയിലെ ലക്ഷം വീട്ടിന്നടുത്തുള്ള സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൽ ഉപയോഗിക്കുന്നതും തടയണം. ബസാറുകളായ പാത്തിപ്പാലം,മുത്താറിപ്പീടിക, തങ്ങൾ പീടിക, ഗുരു സന്നിധി എന്നിവിടങ്ങളിൽ ബസ്സ് വെയ്റ്റിംഗ് ഷെൽട്ടറുകൾ സ്ഥാപിക്കണം.ബസാറുകളിലെ ഓട്ടോ, ടാക്സി കാർ, ജീപ്പ് മുതലായവ റോഡരികിൽ തന്നെയാണ് നിർത്തിയിടുന്നത് . അവയ്ക്ക് പ്രത്യേകം പാർക്കിംങ്ങ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുകയും വേണം. അറുപതോളം ബസ്സുകൾ തലങ്ങും, വിലങ്ങും ഓടിക്കൊണ്ടിരിക്കുന്ന ഈ റോഡിൽ വള്ളങ്ങാട്ടുള്ള വളവുകൾ ഭീഷണിയാണ്. അതുകൊണ്ട് ഈ വളവുകൾ നിവർക്കണം. ഇവിടെ ധാരാളം അപകടങ്ങൾ മുമ്പ് ഉണ്ടായിട്ടുണ്ട്. ബസ്സുകൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുകയും സുരക്ഷാ ബോഡുകൾ സ്ഥാപിക്കുകയും വേണം. മാക്കൂൽ പീടിക വളവിൽ നിർമ്മിച്ചിട്ടുള്ള ബമ്പ് പലപ്പോഴും അപകടങ്ങളെ ക്ഷണിച്ചുവരുത്തിയിട്ടുണ്ട്. ഈ റോഡിൽ വളരെ പഴക്കം ചെന്ന ആൽമരങ്ങളിൽ ഏറിയ പങ്കും കടപുഴകി വീണു കൊണ്ടിരിക്കുന്നു.ചക്രവർത്തിമാരുടെ കാലത്തുപോലും റോഡരികിൽ മണൽ മരങ്ങൾ വെച്ച് പിടിപ്പിക്കുന്നത് ഭരണ പരിഷ്കാരമായി കണക്കാക്കിയിരുന്നു. അതിനാൽ വീതിയുള്ള സ്ഥലങ്ങളിൽ തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കേണ്ടതാണ്. ഈ റോഡിൻെറ സംരക്ഷണം P.W.D. ക്കാണ്

b) P.W.D. റോഡ് സ്റ്റേറ്റ് ഹൈവേ കൂടാതെ 9.338 കി.മി. **PWD** റോഡാണ് ഈ ഗ്രാമ പഞ്ചായത്തിലുള്ളത് . ഇതിൽ പാത്തിപ്പാലം വള്ള്യായി മരപ്പാലം റോഡിൻെറ സ്ഥിതി മോശമാണ്. മരപ്പാലത്തിന് പകരം കോൺക്രീറ്റ് പാലം പണിതെങ്കിൽ മാത്രമേ ഈ പ്രദേശത്തുകാരുടെ ഗതാഗത സൗകര്യത്തിന് ശാശ്വതപരിഹാരമാവുകയുള്ളൂ. വർഷകാലങ്ങളിൽ മഴവെള്ളം വാർന്ന് പോകുവാൻ പാകമായ ഓടകൾ നിർമ്മിക്കണം. ബസ്സ് ഷെൽട്ടറുകൾ തീരെ ഇല്ലാത്ത റോഡിൽ , ഷെൽട്ടറുകൾ സ്ഥാപിക്കണം. മറ്റൊരു റോഡാണ് , കക്കറ-കൂരാര-മാക്കൂൽ പീടിക റോഡ്. ഇതു പൊതുവെ നല്ല റോഡാണ്. ഇതിലെ പ്രധാന പ്രശ്നം വളവുകളാണ്. കാലക്രമത്തിൽ വളവുകൾ നിവർത്തേണ്ടതാണ്. റോഡുകളുടെ പേരും ഏതു നഗരത്തിലേക്കാണോ പോകുന്നത് എന്നു കാണിക്കുന്ന ദിശാബോഡുകളും സ്ഥാപിക്കണം . കിലോമീറ്റർ സ്റ്റോണുകൾ ഈ റോഡിൽ കാണുന്നില്ല.

മൊകേരി ഗ്രാമ പഞ്ചായത്ത്

1 ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ(1995-96)

റോഡിന്റെ സ്വഭാവം (നീളം)							
			ടാർ				
കച്ച	പക്ക	മെറ്റൽ	പഞ്ചായത്ത്	P.W.D.	N.H	മറ്റുള്ളവ	ആകെ
18.961കീ.മീ.	0.700കീ.മീ	1.400കീ.മീ.	8.772കീ.മി.	9.388കീ.മീ. സ്റ്റേറ്റ് ഹൈവേ 3.050 കീ.മി.	ഇല്ല.		42.221കീ.മീ.

റോഡുകളുടെ ആകെ നീളം	=42.221 കി.മി.
പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം	=10.530 സ്ക്വ.കി.മി.
ശരാശരി റോഡ്	=42.221 / 10.530=4.01 / സ്ക്വ.കി.മി.
പഞ്ചായത്തിലെ ആകെ ജനസംഖ്യ	= 17917.
ആളോഹരി റോഡ്	=42221/17917= 2.35 മീറ്റർ / ആൾ

റോഡുകളുടെ വിവരപ്പട്ടിക.

ക്രമ നമ്പർ	റോഡുകളുടെ പേര്	നീളം കി.മി.	വീതി കി.മി	റോഡുകളുടെതരം
	P.W.D റോഡ്സ്:			
1.	വള്ളങ്ങാട്- പാത്തിപ്പാലം റോഡ് പാത്തിപ്പാലം സ്റ്റേറ്റ് ഹൈവേ	3.050	8മീ	ടാർചെയ്തത്
2.	വള്ള്യായി മരപ്പാലം റോഡ്	4.800	8മീ	ടാർചെയ്തത്
3.	മുത്താറിപ്പീടിക- ചെണ്ടയാട് റോഡ്	0.600	8മീ	ടാർചെയ്തത്
4.	കക്കറ-കൂരാറ-മാക്കൂൽ പീടിക റോഡ്	3.938	8മീ	ടാർചെയ്തത്
		9.338		
	പഞ്ചായത്ത് റോഡുകൾ			
5.	പാത്തിക്കൽ പാറേമ്മൽ റോഡ്	0.802	7മീ	ടാർചെയ്തത്
6.	പുത്തൂർ- മാക്കൂൽ പീടിക റോഡ്	0.484	7മീ	ടാർചെയ്തത്
7.	വള്ളങ്ങാട്ട് മൊകേരി റോഡ്	1.100	6മീ	ടാർചെയ്തത്
8.	പുഞ്ചക്കമാനം റോഡ്	0.425	7മീ	ടാർചെയ്തത്
9.	ആറങ്ങാട്ട് പീടിക- ചെണ്ടയാട് റോഡ്	0.900	6മീ	ടാർചെയ്തത്
10.	കൂരാറ- വി.കെ.ജി. വായനശാല റോഡ്	0.620	6മീ	ടാർചെയ്തത്
11.	പാറേമ്മൽ- ചമ്പാട് റോഡ് (പാടി ദേശീയ വായനശാല)	400 3.390	7 മീ 7 മീ	മൺറോഡ് ടാർറോഡ്
12.	സുവർണ്ണജന വായനശാല- കുയ്യണ്ടിപ്പുഴ റോഡ്	1.400	6മീ	മെറ്റൽ ചെയ്തത്
13.	കവുങ്ങും വള്ളി -പുതുക്കുടി മുക്ക് റോഡ്	0.564	4മീ	മൺറോഡ്
14.	കൂരാറ ആറ്റുപുറം റോഡ്	0.250	4.8മീ	മൺറോഡ്
15.	പാച്ചിലിമുക്ക്- മൊകേരി പയൽ റോഡ്	0.477	4.0മീ	മൺറോഡ്
16.	ഗാന്ധി റോഡ്	0.590	4മീ	മൺറോഡ്


17.	ഐ.കെ.മുക്ക്- വള്ളങ്ങാട് റോഡ്	0.800	4മീ	മൺറോഡ്
18.	ഐ.കെ.ബി.റോഡ്	0.700	4.50മീ	മൺറോഡ്
19.	ചെമ്മേരിൻറവിട പറമ്പ വടക്കയിൽ മുക്കു റോഡ്	0.615	4മീ	മൺറോഡ്
20.	കോമത്ത്പറമ്പ-കുഞ്ഞിക്കല്ലുള്ള പറമ്പ റോഡ്	0.509	4മീ	മൺറോഡ്
21.	വള്ള്യായി കല്ലുകൊത്തിയ പറമ്പ ലക്ഷംവിട് റോഡ്	0.680	220 മീറ്റർ നീളം 7 മീറ്റർ വീതി ശേഷം 4 മീറ്റർ	മൺറോഡ്
22.	വരയൻകണ്ടി പറമ്പ- കൂനങ്കണ്ടി പറമ്പ റോഡ്	0.565	4മീ	മൺറോഡ്
23.	ശ്രീ നാരായണ എൽ.പി. സ്കൂൾ - നടേമ്മൽ റോഡ് വള്ള്യായി	0.410	4മീ	മൺറോഡ്
24.	ദേശീയ വായനശാല മഠത്തിൽ താഴപറമ്പ റോഡ്	0.800	7മീ	ടാർറോഡ്
25.	ഭഗവത്പാദപുരി- ശ്മശാനം റോഡ്	0.400	4മീ	മൺറോഡ്
26	പാലേൻറകീഴിൽ വള്ള്യായി റോഡ്	1.500	5മീ	മൺറോഡ്
27	കല്ലുവളപ്പ്ഈസ്റ്റ് വള്ള്യായി റോഡ്	1.000	6മീ.	മൺറോഡ്
28.	മഠത്തിൽ താഴെ കൂരാറ റോഡ്	0.251	7മീ.	ടാർറോഡ്
29.	അറങ്ങാട്ട് പീടിക വലിയ വെളിച്ചം റോഡ്	0.544	8മീ.	
30.	ആറ്റുപുറം റോഡ്	0.500	4മീ.	മൺറോഡ്
31.	സുരേന്ദ്രാ റോഡ്	1.800	4മീ.	മൺറോഡ്
32.	അങ്ങേട്ടിൽ മുക്ക്- മുതുവന പൊയിൽ റോഡ്	0.227	4മീ.	മൺറോഡ്
33.	വള്ള്യായി മുത്താറിപ്പീടിക റോഡ്	0.730	4മീ	മൺറോഡ്.
34.	വള്ള്യായി നവോദയ വിദ്യാലയം റോഡ്	1.200	8മീ.	
35.	മുതുവന റോഡ്	0.800	4മീ.	മൺറോഡ്

36.	ശ്രീനാരായണ റോഡ്	0.800	4മീ.	മൺറോഡ്
37.	കടേപ്രം വയൽ റോഡ്	0.550	4മീ.	മൺറോഡ്.
38.	കടേപ്രം തെരു- പഞ്ചായത്ത്- മിനിയം സ്റ്റേഡിയം റോഡ്	0.700	4മീ	മൺറോഡ്
39.	തങ്ങൾ പീടിക- ചെവിടുവൻ കുളം റോഡ്	1.200	2.4 മീറ്റർ	
		4മീ.വരെ	•	മൺറോഡ്
40.	കാളിയത്താൻ പറമ്പ- വള്ളങ്ങാടു പെട്രോൾ പമ്പ് റോഡ്	0.450	3മീറ്റർമുതൽ 4മീറ്റർ വരെ	മൺറോഡ്
41.	ഹോമിയോ ഡിസ്പെൻസറി റോഡ്	0.400	3മീറ്റർ മുതൽ 4 മീറ്റർ വരെ.	മൺറോഡ്
42.	കൊട്ടിയോടൻ മൊട്ട- ഹോമിയോ ഡിസ്പെൻസറി റോഡ്	0.300	3മീ	മൺറോഡ്
			29.833	

ABSTRACT : -

1.	സ്റ്റേറ്റ് ഹൈവേ	-	3.050 കി.മീ.
2.	PWD ROAD	—	9.338 കി.മീ.
3.	പഞ്ചായത്ത് റോഡ്		29.833കി.മീ.
	ആകെ റോഡ്		**42.221 കി.മീ.**
4.	പഞ്ചായത്ത് റോഡ് ടാർചെയ്തത്		8.772കി.മീ.
5.	പഞ്ചായത്ത് റോഡ് മെറ്റൽ ചെയ്തു.		1.400കി.മീ.
6.	പഞ്ചായത്തിലെ പക്ക സോളിങ്ങ് റോഡുകൾ		0.700കി.മീ.
7.	പഞ്ചായത്തിലെ കച്ച (മൺ) റോഡുകൾ		18.961 കി.മീ.

MOKERI GRAMA PANCHAYATH
1.2 DETAILS OF GRAMIN ROADS



പഞ്ചായത്തു റോഡു വഴിയുള്ള ബസ്സ് സർവീസ് പുനകസ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1 കിലോമീറ്ററിൽ താഴെ വരുന്നതും വളരെ പ്രധാനമല്ലാത്ത റോഡുകളും ടാർ ചെയ്യുമ്പോൾ നിലവിലുള്ള വീതിയിൽ 4 മീറ്ററിൽ കുറയാതെ തന്നെ ചെയ്യുവാൻ ചില ഗ്രാമ സഭകളിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്രധാനങ്ങളായ ഇത്തരം റോഡുകൾ വീതികൂട്ടി കൃഷിസ്ഥലം നശിപ്പിക്കേണ്ടതുണ്ടോ എന്ന ചോദ്യവും ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട് വയലുകൾ നികത്തി റോഡു നിർമ്മിക്കുന്നത് വളരെ അടിയന്തിരഘട്ടത്തിൽ മാത്രമേ ചെയ്യാനാവൂ എന്നും, കഴിയുന്നതും നിരുൽസാഹപ്പെടുത്തേണ്ട ഒരു കാര്യമാണെന്നും ഗ്രാമ സഭകളിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ആകെയുള്ള റോഡുകളുടെ നീളവും പഞ്ചായത്തിന്റെ വിസ്തീർണ്ണവും കണക്കിലെടുക്കുമ്പോൾ 4.02 കി.മീ/സ്കൂ. കി മീറ്റർ എന്ന തോതിൽ റോഡുണ്ട്. ഇതു സംസ്ഥാന നിലവാരമായ 3.02 എന്നതിനേക്കാൾ കൂടുതലാണെന്നു കാണാം എങ്കിലും മെച്ചപ്പെട്ട റോഡുകളുടെ തോതെടുക്കുമ്പോൾ 2.00 കി.മീസ്കൂ./കി.മീറ്റർ മാത്രമേയുള്ളൂ.ആയതിനാൽ ഈ ഗ്രാമപഞ്ചായത്തിൽ ഇനിയും നല്ല റോഡുകൾ ഉണ്ടാവേണ്ടീയിരിക്കുന്നു. നിലവിലുള്ള എല്ലാ റോഡുകളും കണക്കിലെടുത്താൽ ആളോഹരി 2.35 മീറ്റർ റോഡുണ്ട്. പുതിയ റോഡുകളുടെ മുൻഘണനാ ക്രമങ്ങളുടെ പട്ടിക തയ്യാറാക്കി വേണം ഇനിയങ്ങോട്ടുള്ള റോഡുകളുടെ വികസനം നടത്തേണ്ടത്. അതിനാവശ്യമായ മുൻഗണനാ പട്ടികകൾ തയ്യറാക്കേണ്ടതാണ്.

വിഭവസമാഹരണം

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന് ആധാരമായി നിൽക്കുന്നത് അതാത് പ്രദേശത്തിന്റെ വിഭവസമാഹരണവും. വിനിയോഗവുമാണ്. മൊകേരി പഞ്ചായത്തിന്റെ നിലവിലുള്ള ഭൗതീകസാഹചര്യങ്ങൽ സംക്ഷിപ്തമായി ഇപ്രകാരം അനാവരണം ചെയ്യുന്നു

വിസ്തീർണ്ണം കൊണ്ടും ജനസംഖ്യ കൊണ്ടും ചെറിയ പഞ്ചായത്താണ്.(ആകെ വിസ്തീർണ്ണം 10.53.കീ,മീ ആകെ ജനസംഖ്യ 17917 ആണ്) സാമ്പത്തീക തരം തിരിവിൽ 2൩൦ഗ്രേഡ് പഞ്ചായത്തായി മൊകേരി നൽക്കുന്നു തനത് വരുമാനത്തിന്റെ സിംഹ ഭാഗവും ഒത്തചിലവിനും ശബള ഇനത്തിലുമായി ചെലവഴിക്കെണ്ടിവരുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഗ്രൻറുകളെ ആശ്രയിക്കെണ്ടിവരുന്നു ഇത് കേരളത്തിലെ മിക്കവാറും പഞ്ചായത്തികൾക്ക് സംഭവിച്ചിട്ടുള്ള സ്ഥിതിവിശേഷം തന്നെയാണ് മൊകേരി പഞ്ചായത്ത് ഈസ്ഥിതിയിൽ നിന്ന് വ്ഭിന്നമല്ല.

കെട്ടിട നികുതി, തൊഴിൽ നികുതി,ലൈസൻസ്ഫീസ്,ഇവയാണ് തനത് വരുമാനത്തിൽ പ്രധാനം. ഭരണചെലവിനും ശബള ചെലവിനും തനതുവരുമാനത്തിൽ63%വരും

കെട്ടിടനികുതി

കെട്ടിട നികുതി ചുമത്തുന്ന ഇപ്പൊഴത്തെ രീതിശരിയല്ല. തറവിസ്തീർണ്ണത്തിന്റെയും, ആഢംബരത്തിന്റെയും അടിസ്ഥാനത്തിൽ നികുതിചുമത്തുന്ന പക്ഷം വീട് നിർമാണ്ണത്തിന്റെ പേരിൽ നടക്കുന്ന ധൂർത്തിന് ചിലനിയന്ത്രണങ്ങൾ ഉണ്ടാക്കുവാനും,കുടുതൽ വരുമാനം ഈമേഖലയിൽ നിന്ന് ഉണ്ടാ ക്കുവാനും കഴിയും

തൊഴിൽ നികുതി

സർക്കാർ,അർദ്ധസർക്കാർജീവനകരിൽന്നുംമാത്രമാണ്യഥാർത്ഥവരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നകുതി ചുമ്മത്തപ്പെടുത്തുനത് മറ്റ് മേഖലകളിലുള്ള തൊഴിലാളികളിൽ നിന്നും,കച്ചവടകാരിൽ നന്നും വരുമാനത്തിനനുസരിച്ചനകുതി ചുത്തുകയാണെങ്കിൽ നിലവിലുള്ളതൊഴിൽ നകുതിയിനത്തിൽ ലഭിക്കുന്ന വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയും

വസ്തുകൈമാറ്റ നികുതി

വസ്തു കൈമാറ്റസമയത്ത് യഥാർത്ഥവിലയുടെ 25%ത്തിൽകുറവ് മത്രമെ ഇന്ന് റെജിസ്ട്രേഷനിൽ കാണിക്കാറുള്ളണ. യഥാർത്ഥ വിലകാണിച്ച്റെജിസ്ട്രേഷൻ നടന്നാൽ ഇന്നത്തെതിലും അഞ്ചിരട്ടിയൊളം ഈഇനത്തിൽ ലഭിക്കും. യഥാർത്ഥവിലരേഖപെടുത്തുന്ന വിധത്തിൽ, ഈസംവിധാനത്തിൽ മാറ്റം വരുത്തെണ്ടതുണ്ട്. തെരെഞ്ഞെടുക്കപ്പെട്ട അംഗങ്ങളും,വില്ലെജ് ഓഫീസറും അടങ്ങുന്ന സമിതി രൂപീകരിച്ച് യഥാർഥവില അവരുടെ ശുപർശയ്ക്കനുസ്രുതമായി മാത്രമെ റെജിസ്ട്രേഷൻ നടത്താവുഎന്ന് നിഷ്കർഷിക്കണം

നമ്മുടെ പഞ്ചായത്തിന്റെ പുതിയ ശ്രോതസ്സുകൾ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. മറ്റ് പഞ്ചായത്തുകളിൽ ഉള്ളതു പോലെ ഷോപ്പിത്മഗ് കോംപ്ളക്സ്, മാർക്കറ്റിങ്ങ് എന്നിവയ്ക്ക് ഇവിടെ സധ്യത കുറവാണ്.

പഞ്ചായത്തിൽ നിക്ഷിപ്തമായ പുറംപോക്കുഭൂമിയിൽ നിന്നും വരുമാനം ഉണ്ടാക്കാവുന്നതാണ്. പുറം പോക്കു ഭൂമികൾ പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടുവെന്നല്ലാതെ അവയക്കും ഇതുവരെ അതിർത്തി നിർണ്ണയിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ കൈയ്യേറ്റം നടക്കുന്നതായി കാണാം. പുറമ്പോക്ക് ഭൂമി അന്ന് തിട്ടപ്പെടുത്തി അതിർത്തികൾ നിർണ്ണയിച്ച് കൈയ്യേറ്റക്കാരെ ഒഴിപ്പിച്ച് താൽക്കാലിക കൃഷി ചെയ്യുന്നവനും മറ്റും ലീസിനായി നൽകിയും, ദീർഘകാല കൃഷികൾ പഞ്ചായത്ത് തന്നെ ചെയ്ത് പുറമ്പോക്ക് ഭൂമിയിൽ നിന്നും കൂടുതൽ വരുമാനമുണ്ടാക്കാവുന്നകതാണ

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണ ബാങ്കും, നോർത്ത് മലബാർ ബാങ്കിന്റെ ഒരു ശാഖയുമുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ വളരെ കുറവാണ്. ഈ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ ഭൂരിഭാഗവും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്.

വളരെ ദരിദ്രമാണ് നമ്മുടെ പഞ്ചായത്ത്. ഭരണച്ചിലവിലും കാര്യമായ മാറ്റം വരുത്താൻ കഴിയുകയില്ല. ഏറ്റവും പ്രധാനമായ വിഭവം മനുഷ്യവിഭവമാണ്. ഗ്രാമസഭാ റിപ്പോർട്ടുകളിൽ മനുഷ്യാധ്വാനം സംഭാവന ചെയ്യാമെന്ന പ്രഖ്യാപങ്ങൾ ഉണ്ടായിട്ടുണ്ട്. നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം സംഭാവന നൽകുക എന്നത് മഹത്തായ കാര്യമാണ്. റോഡ് സത്മരക്ഷണത്തിനും, പരിസര മലിനീകരണം ഇല്ലാതാക്കുന്നതിനും മറ്റ് വികസന പ്രവർത്തനങ്ങളിലും മുതൽകൂട്ടാവുന്നരീതിയിൽ മനുഷ്യാധ്വാനം വിനിയോഗിക്കാൻ നമുക്ക് കഴിയണം.

പട്ടിക- 1
വരവ്

ക്രമനമ്പർ	ഇനം	1991-'92		1992-'93		1993-'94		1994-'95		1995-96	
1	തൊട്ടിൽ നികുതി	121174	13	126604	42	162883	27	169550	12	181972	75
2	തൊഴിൽ നികുതി	36025	00	39430	00	43675	00	53850	00	61920	00
3	ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം	77048	00	71292	00	118248	00	83124	00	48864	00
4	ലൈസൻസ് ഫീസ്	8587	50	8877	50	9370	00	9849	25	10525	00
5	ഗ്രാന്റുകൾ	54954	00	105051	00	57032	00	113295	00	139119	00
6	ക്ലീൻ ടൗൺ ഫണ്ട്	196000	00	198100	00	163000	00	235000	00	211500	00
7	പ്രതിരോധനികുതി	—	—	50000	00	—	—	—	—	35000	00
8	മറ്റുവരുമാനങ്ങൾ	~~60424 84~~ ~~57424 42~~		66187	77	~~69785 58~~ ~~69785 58~~		~~87160 83~~ ~~87835 35~~		103070	00
	ആകെ വരുമാനം	554213	05	665542	69	623993	27	751829	20	811970	55


പട്ടിക - 2
വിലകൾ


ഇനം നമ്പർ	ഇനം	1991-92		1992-93		1993-94		1994-95		1995-96	
1	ഗോതമ്പ്	60924	75	50753	50	50823	70	48033	00	52741	50
2	അരി	180483	30	180868	50	212266	70	216432	00	284804	50
3	പഴവർഗ്ഗങ്ങൾ	6105	45	11620	25	12065	60	12758	50	25484	00
4	പൊതുജനാരോഗ്യം	8273	00	10971	00	12814	00	13071	00	11118	00
5	പൊതുമരാമത്ത്	312078	00	283636	00	355588	80	207481	80	259711	00
6	സ്റ്റീൽപ്ലേറ്റ്	19036	70	24686	00	35585	00	28532	00	33192	00
7	മണ്ഡലിസ്	49216	55	93737	99	69759	60	66763	25	105329	85
	മൊത്തം വിലസൂചിക	638317	75	658873	24	744153	40	597072	05	777400	85

പട്ടിക 3

ക്രമനമ്പർ	ഇനം	1991-92	1992-93	1993-94	1994-95	1995-96
1	രാമച്ചിലാവ്	9-54	7-71	8-04	6-80	7-42
2	ശബ്ദം	28-58	27-78	36-04	28-50	36-63
3	നിത്യഹരിതവനം	0-95	1-76	2-13	2-30	3-22
4	കൃഷിയിടം	1-29	1-66	2-18	0-38	1-43
5	പ്രത്യേകവിഭാഗം	47-43	43-08	37-74	47-78	33-40
6	ഗ്രീൻഹൗസ്	2-98	3-25	5-44	4-78	4-26
7	മറ്റുള്ളവ	9-23	14-06	8-23	9-40	13-59
	ആകെ	100-00%	100%	100%	100%	100%

മനുഷ്യവിഭവം സൂചിപ്പിക്കുന്ന ചാർട്ട്







അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്

